# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പുസ്തകം 61 ലക്കം 7 ഒക്ടോബർ 2021

## വാതിൽപ്പടി സേവനം സർക്കാരിന്റെ കരുതലും കൈത്താങ്ങും

എം.വി. ഗോവിന്ദൻ മാസ്റ്റർ

## തിരക്കിനിടയിലെ ജീവിതാസ്വാദനം ചില ചിന്തകൾ

ഡോ. അനൂപ നാരായണൻ

## കൊവിഡ് പ്രതിരോധം ഇളവുകൾക്കിടയിൽ ജീവിതം വീണ്ടെടുക്കാം

ഡോ. ചിന്ത എസ്.



## പതിനാലാം പദ്ധതി പ്രാദേശികാസൂത്രണത്തിനായി ചില സൂചകങ്ങൾ

ഹുസൈൻ എം. മിന്നത്ത്


'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്
ഒക്ടോബർ 2021

# അകത്ത്







വാതിൽപ്പടി സേവനം
സർക്കാരിന്റെ കരുതലും കൈത്താങ്ങും
എം.വി. ഗോവിന്ദൻ മാസ്റ്റർ 5

തിരക്കിനിടയിലെ ജീവിതാസ്വാദനം
ചില ചിന്തകൾ
ഡോ. അനൂപ നാരായണൻ 8

കൊവിഡ് പ്രതിരോധം
ഇളവുകൾക്കിടയിൽ
ജീവിതം വീണ്ടെടുക്കാം
ഡോ. ചിന്ത എസ്. 12

പതിനാലാം പദ്ധതി
പ്രാദേശികാസൂത്രണത്തിനായി
ചില സൂചകങ്ങൾ
ഹുസൈൻ എം. മിന്നത്ത് 15

പ്രാദേശിക സാമ്പത്തികവികസനം ലക്ഷ്യമിട്ട്
മൃഗസംരക്ഷണ വകുപ്പ് 20

വനിതാ ശിശുവികസന ക്ഷേമപദ്ധതികളും
പഞ്ചായത്തീരാജ് സംവിധാനവും
ജെ. മായാലക്ഷ്മി 24

വിപ്പ് ലംഘനം അയോഗ്യതയാവും
ജനപ്രതിനിധികളുടെ ശ്രദ്ധയ്ക്ക് - 4
കെ.ടി. ജോർജ് 27

ചെറിയ കാൽവയ്പ്പുകൾ വലിയ നേട്ടങ്ങൾ
സഫിയ സമദ് 29

ജനകീയാസൂത്രണത്തിൽ
സാർത്ഥകമായ 25 വർഷങ്ങൾ
ടി. ഷാഹുൽ ഹമീദ് 32

ചേർത്തു നിർത്താം ഹരിതകർമ്മ സേനയെ
രേഷ്മ ചന്ദ്രൻ 35

നിരത്തൊഴിഞ്ഞ കാളവണ്ടി
മുരളീധരൻ തഴക്കര 41

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 34
എന്റെ മലയാളം 38
ഊരും പേരും -16 40
എന്ന് വായനക്കാർ 42

ഒക്ടോബർ 2021
പുസ്തകം 61 ലക്കം 7
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എം.വി. ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. എം. ഉഷ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
സന്തോഷ് കുമാർ കെ.
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
സന്തോഷ് കുമാർ കെ.
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9447791524

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# മാതൃകാപരമായി നടപ്പിലാക്കാം വാതിൽപ്പടിസേവനം

വിവിധ കാരണങ്ങളാൽ സർക്കാർ സേവനങ്ങൾ യഥാസമയം ലഭിക്കാത്ത ജനവിഭാഗങ്ങളുടെ വീട്ടുകളിലേക്ക് സേവനങ്ങൾ എത്തിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വാതിൽപ്പടിസേവനം ജനപങ്കാളിത്തത്തോടെ മാതൃകാപരമായി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം. ഇതിനായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും സ്വന്തം നിലയിൽ പദ്ധതി രൂപീകരിച്ച് മുന്നോട്ടുപോകണം. പദ്ധതിനടത്തിപ്പിന് ആവശ്യമായ ബയോമെട്രിക് ഉപകരണങ്ങൾക്കും ലാപ്ടോപ്പിനും യാത്രാ ചെലവുകൾക്കുമായി ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് രണ്ട് ലക്ഷം രൂപയും കോർപ്പറേഷനുകൾക്ക് അഞ്ച് ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്നോ വികസനഫണ്ടിൽ നിന്നോ വിനിയോഗിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതോടൊപ്പം സംഭാവനകളും സി.എസ്.ആർ. ഫണ്ടുകളും സ്പോൺസർഷിപ്പും സ്വീകരിച്ച് പ്രത്യേക അക്കൗണ്ട് വഴിയും ചെലവുകൾ നിർവഹിക്കാം. ഇതിനു പുറമെ കലാ, കായിക, വിനോദ, സാംസ്കാരിക, വാണിജ്യമേളകൾ കൊവിഡ് മാനദണ്ഡങ്ങൾക്കനുസൃതമായി സംഘടിപ്പിച്ചും ധനസമാഹരണം നടത്താം.

മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായത്തിനുള്ള അപേക്ഷ, ജീവൻരക്ഷാ മരുന്നുകൾ എത്തിച്ചു നൽകുക എന്നീ സേവനങ്ങളാണ് ആദ്യഘട്ടത്തിൽ വാതിൽപ്പടി സേവനമായി ലഭ്യമാക്കേണ്ടത്. ഗുണഭോക്താക്കളുടെ വീട്ടിലെത്തി മസ്റ്ററിംഗ് നടത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് ധനം വിനിയോഗിക്കാം. അതോടൊപ്പം വീട്ടുപടിക്കൽ വിവിധ സേവനങ്ങൾ എത്തിച്ചു നൽകുന്നതിന് സന്നദ്ധപ്രവർത്തകരെ ഉപയോഗിക്കാവുന്നതും സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള തുക അവർക്ക് നൽകാവുന്നതുമാണ്.

തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷന്റെയും കോ-ഓർഡിനേറ്ററുടെയും പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ച് സംഭാവനകളും മറ്റും സ്വീകരിക്കണം. പദ്ധതി ഗുണഭോക്താക്കളുടെ പേരുവിവരങ്ങളും സംഭാവനകൾ നൽകിയിട്ടുള്ളവരുടെ വിശദാംശങ്ങളും വരവുചെലവുകണക്കുകളും ഗ്രാമസഭകളിൽ അറിയിക്കേണ്ടതും അതതുസമയം നോട്ടീസ് ബോർഡിലും സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം. എല്ലാറ്റിലുമുപരി സമൂഹത്തിലെ നിരാലംബരായ ഒരു വിഭാഗത്തിന് ലഭിക്കേണ്ട സേവനങ്ങളാണ് നാം അവരുടെ വീട്ടുപടിക്കൽ എത്തിച്ചു നൽകാൻ ബാദ്ധ്യതപ്പെട്ടിട്ടുള്ളതെന്ന നീതിബോധത്തോടെ ഈ പദ്ധതി വിജയപ്രദമായി നടപ്പാക്കുന്നതിന് നാം ഓരോരുത്തരും പ്രവർത്തിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഈ കാഴ്ചപ്പാടോടെയാവണം സർക്കാർ പ്രഖ്യാപിച്ച ഈ പദ്ധതിയെ നോക്കിക്കാണേണ്ടത്. ഒരു ജനകീയ പദ്ധതികൂടി വിജയിപ്പിക്കാനായി ജനപങ്കാളിത്തം ഉറപ്പാക്കി നമുക്ക് മുന്നോട്ടുപോകാം.

**എച്ച്. ദിനേശൻ ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

**“സ്വപ്നം കാണുക, ആ സ്വപ്നങ്ങളെക്കുറിച്ച് ചിന്തിക്കുക, ആ ചിന്തകളെ പ്രവൃത്തിയിലൂടെ സഫലമാക്കുക. ”**
എ.പി.ജെ. അബ്ദുൾ കലാം

വാതിൽപ്പടി സേവനത്തിലൂടെ അപരന്റെ സ്വരം മധുരസംഗീതം പോലെ ശ്രവിക്കുന്ന ഒരു സാമൂഹ്യവാബോധം കൂടി കേരളത്തിൽ സൃഷ്ടിക്കപ്പെടുകയാണ്. അത് വരുംകാല തലമുറ പ്രകീർത്തിക്കുന്ന മാനവികതയുടെ മഹാപ്രസ്ഥാനമായി തീരുമെന്നതിൽ ഒരു തർക്കവും വേണ്ട.



# വാതിൽപ്പടി സേവനം സർക്കാരിന്റെ കരുതലും കൈത്താങ്ങും

■ **എം.വി. ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പുമന്ത്രി

അശരണർക്കും ആലംബഹീനർക്കും കരുതൽ സ്പർശമായി സർക്കാർ പ്രഖ്യാപിച്ച "വാതിൽപ്പടി സേവനം" പദ്ധതിയുടെ ആദ്യഘട്ടം ഈ കഴിഞ്ഞ സെപ്തംബറിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തുവല്ലൊ. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഏറെ സഹായകമാവുന്ന പദ്ധതിയാണിത്. സേവനങ്ങൾ തങ്ങളുടെ വീട്ടുപടിക്കലേക്ക് എത്തുമ്പോൾ, ജനകീയ സർക്കാരെന്ന പ്രയോഗം അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമാകുന്നു. വാതിൽപ്പടി സേവനം 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ആദ്യഘട്ടത്തിൽ ആരംഭിക്കുന്നത്. പ്രവർത്തനാനുഭവങ്ങളുടെ വെളിച്ചത്തിൽ ഡിസംബറിൽ സംസ്ഥാന വ്യാപകമാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

മസ്റ്ററിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭ്യമാക്കുന്നതിനുള്ള അപേക്ഷ തയ്യാറാക്കൽ, സാമൂഹിക സുരക്ഷാ പെൻഷൻ, അടിയന്തരാവശ്യത്തിനുള്ള മരുന്നുകൾ എത്തിച്ചു നൽകൽ, പാലിയേറ്റീവ് കെയർ, ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ തുടങ്ങിയ സേവനങ്ങളാണ് ആദ്യഘട്ടത്തിൽ വാതിൽപ്പടി സേവനത്തിലൂടെ ലഭ്യമാക്കുന്നത്. തുടർന്ന് ഘട്ടംഘട്ടമായി മറ്റു സേവനങ്ങൾ കൂടി ഇതിന്റെ ഭാഗമായി വാതിൽപ്പടിയിൽ ലഭ്യമാകും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് അംഗത്തിന്റെ അദ്ധ്യക്ഷതയിൽ ആശാ വർക്കർ, കുടുംബശ്രീ പ്രതിനിധി, സന്നദ്ധ സേവന വളണ്ടിയർമാർ എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. വാതിൽപ്പടി സേവനം ആവശ്യമുള്ളവരുമായി ബന്ധപ്പെടാനുള്ള പ്രാഥമിക ചുമതല ആശാവർക്കർമാർക്കാണ്. സേവനം ആവശ്യമുള്ളവർക്ക് കമ്മിറ്റി അംഗങ്ങളെ ഫോൺ മുഖാന്തരം ബന്ധപ്പെടാം. ഇതിനായി കമ്മിറ്റി അംഗ

ങ്ങളുടെ ഫോൺ നമ്പരുകൾ അടങ്ങിയ കാർഡ് ആവശ്യക്കാർക്ക് വിതരണം ചെയ്യും. അക്ഷയ കേന്ദ്രങ്ങളും സന്നദ്ധ സേവന വളണ്ടിയർമാരും ആശാവർക്കർമാരുടെ സഹായത്തിനായി എപ്പോഴും സജ്ജമായിരിക്കും.

സന്നദ്ധ സേവന വളണ്ടിയർമാരെ കണ്ടെത്താനുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. മാനുഷികതയോടും മികവോടും കൂടി പ്രവർത്തിക്കാൻ സന്നദ്ധതയുള്ള വളണ്ടിയർമാരെ സുതാര്യമായ രീതിശാസ്ത്രത്തിലൂടെ കണ്ടെത്തും. എൻ.എസ്.എസ്., എൻ.സി.സി. വളണ്ടിയർമാരെയും വാതിൽപ്പടി സേവനത്തിന്റെ ഭാഗമാക്കാവുന്നതാണ്. വാതിൽപ്പടി സേവനത്തെ ആശ്രയിക്കുന്ന ആവശ്യക്കാർക്ക് വേണ്ട മരുന്നുകൾ പ്രാദേശികമായി ലഭ്യമാകുമെന്ന് ആരോഗ്യ വകുപ്പാണ് ഉറപ്പുവരുത്തുന്നത്. പാലിയേറ്റീവ് കെയർ ആവശ്യമായവർക്ക് ആ സേവനം ലഭ്യമാക്കാൻ ആവശ്യമായ എല്ലാ മുൻകരുതലുകളും ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി കൈക്കൊള്ളും. കൊവിഡ് കാലത്ത് സംസ്ഥാനത്താകമാനം നടപ്പിലാക്കിയ വകുപ്പുകൾ തമ്മിലുള്ള പ്രവർത്തന ഏകോപനം വാതിൽപ്പടി സേവനത്തിലും തുടരുന്നതായിരിക്കും.

വാതിൽപ്പടി സേവന പ്രവർത്തനങ്ങളുടെ പുരോഗതി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും ജില്ലാ അടിസ്ഥാനത്തിലും നിരന്തരം അവലോകനം ചെയ്യേണ്ടതുണ്ട്. ജില്ലാ കളക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതിക്കും പദ്ധതിയുടെ നടത്തിപ്പിലും മോണിറ്ററിംഗിലും നിർണ്ണായകമായ പങ്ക് വഹിക്കാനുണ്ട്. അതിലൂടെ വീഴ്ചകളേതുമില്ലാതെ വാതിൽപ്പടി സേവനം കൂടുതൽ മികവുറ്റതാക്കി മാറ്റുകയും ചെയ്യും.

പ്രായാധിക്യത്താൽ വീടിന് പുറത്തിറങ്ങാൻ കഴിയാത്ത മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ, കിടപ്പിലായവർ, വിവിധ കാരണങ്ങളാൽ ചലന പരിമിതി അഭിമുഖീകരിക്കുന്നവരടക്കമുള്ള ജനവിഭാഗങ്ങൾക്ക് സമാനതകളില്ലാത്ത പിന്തുണയാണ് വാതിൽപ്പടി സേവനം പദ്ധതിയിലൂടെ ലഭിക്കുക. രാജ്യത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഇത്തരത്തിലുള്ള ഒരു ജനസേവനം ഒരു സർക്കാരും യാഥാർത്ഥ്യമാക്കിയിട്ടില്ല. ഏത് പ്രതിസന്ധിയും ഏറ്റവുമധികം ബാധിക്കുക നമ്മുടെ വയോജനങ്ങളെയും രോഗബാധിതരേയും അശരണരേയുമാണ്. ഈ കൊവിഡ് കാലവും അതിൽ നിന്നും വിഭിന്നമല്ല. മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ ഈ കാലത്ത് അവർ അനുഭവിക്കുന്നുണ്ട്. ഇത്തരം ഘട്ടങ്ങളിൽ ഏറ്റവുമധികം കരുതൽ ആവശ്യമായി വരുന്ന വയോജനങ്ങളെയും രോഗബാധിതരേയും മാത്രമല്ല, കുട്ടികളെയും നാം ഏറെ ജാഗ്രതയോടെ പരിരക്ഷിക്കേണ്ടതുണ്ട്. ഇത് മുന്നിൽ കണ്ടുകൊണ്ടുള്ള വളരെ ഫലപ്രദമായ ഇടപെടലുകൾക്കാണ് സംസ്ഥാന സർക്കാർ വലിയ പ്രാധാന്യത്തോടെ മുൻകൈയെടുക്കുന്നത്.

കിടപ്പുരോഗികളെ നിത്യേന സന്ദർശിച്ച് അവരെ ദിനചര്യകൾ നിർവഹിക്കുന്നതിൽ സഹായിക്കുന്നതടക്കമുള്ള കാര്യങ്ങൾ വാതിൽപ്പടി സേവനങ്ങളിലൂടെ നൽകും. വീടുകളിൽ ഒറ്റയ്ക്ക് താമസിക്കുന്ന നിരാലംബരെ സ്നേഹ സാന്നിധ്യമായി ചേർത്ത് പിടിക്കാനും അവരുടെ വിരസതയകറ്റാനും ഈ മാനുഷികമായ ഇടപെടലിലൂടെ സാധിക്കും. ആശുപത്രികളിൽ കൂടെ പോകാൻ ആളില്ലാത്തവർക്ക് കൂട്ടിരിപ്പ് സേവനവും ജനകീയ ഹോട്ടലുകളിൽ നിന്നുൾപ്പെടെ ഭക്ഷണം വേണ്ടവർക്ക് ഭക്ഷണം എത്തിക്കുന്നതടക്കമുള്ള സേവനങ്ങളും വരുംകാലത്ത് വാതിൽപ്പടി സേവനത്തിലൂടെ ലഭ്യമാക്കാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്.

**പ്രായാധിക്യത്താൽ വീടിന് പുറത്തിറങ്ങാൻ കഴിയാത്ത മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ, കിടപ്പിലായവർ, വിവിധ കാരണങ്ങളാൽ ചലന പരിമിതി അഭിമുഖീകരിക്കുന്നവരടക്കമുള്ള ജനവിഭാഗങ്ങൾക്ക് സമാനതകളില്ലാത്ത പിന്തുണയാണ് വാതിൽപ്പടി സേവനം പദ്ധതിയിലൂടെ ലഭിക്കുക. രാജ്യത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഇത്തരത്തിലുള്ള ഒരു ജനസേവനം ഒരു സർക്കാരും യാഥാർത്ഥ്യമാക്കിയിട്ടില്ല.**

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും സ്വന്തം നിലയിൽ വാതിൽപ്പടി സേവന പദ്ധതി വിപുലപ്പെടുത്തുകയും ഊർജ്ജസ്വലമാക്കുകയും വേണം. അതിനായി പ്രോജക്ടുകൾ തയ്യാറാക്കി തദ്ദേശ സ്ഥാപനങ്ങൾ മുന്നോട്ടുപോകണം. പദ്ധതി നടത്തിപ്പിന് ആവശ്യമായ ബയോമെട്രിക് ഉപകരണങ്ങൾക്കും ലാപ്ടോപ്പിനും യാത്രാ ചെലവുകൾ തുടങ്ങിയവയ്ക്കുമായി ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് രണ്ട് ലക്ഷം രൂപയും കോർപ്പറേഷനുകൾക്ക് അഞ്ച് ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്നോ, വികസന ഫണ്ടിൽ നിന്നോ വിനിയോഗിക്കാവുന്നതാണ്. ഇതോടൊപ്പം വ്യക്തികളിൽ നിന്നുള്ള സംഭാവനകളും സി.എസ്.ആർ. ഫണ്ടുകളും സ്പോൺസർഷിപ്പും സ്വീകരിച്ച് പ്രത്യേക അക്കൗണ്ട് വഴി ചെലവ് ചെയ്യാം. ഇതിന് പുറമെ കലാ, കായിക, വിനോദ, സാംസ്കാരിക, വാണിജ്യ മേളകൾ കൊവിഡ് മാനദണ്ഡങ്ങൾക്കനുസൃതമായി സംഘടിപ്പിച്ചും ധനസമാഹരണം നടത്തേണ്ടതുണ്ട്.

വാതിൽപ്പടി സേവനത്തിന് അർഹതയുള്ള ഗുണഭോക്താക്കളുടെ വീട്ടിലെത്തി മസ്റ്ററിംഗ് നടത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് ധനം വിനിയോഗിക്കാവുന്നതാണ്. അതോടൊപ്പം വീട്ടിൽ ചെന്ന് മസ്റ്ററിംഗ് നടത്തുന്നതിന് 30 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷ വീട്ടിലെത്തി ഓൺലൈനായി നൽകി പ്രിന്റ് നൽകുന്നതിന് 20 രൂപയും ഉദ്യോഗസ്ഥനെ വീട്ടിലെത്തിച്ച് ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നതിന് 30 രൂപയും സാമൂഹ്യ സുരക്ഷാപെൻഷൻ ഓൺലൈനായി അപേക്ഷ നൽകി പ്രിന്റെടുത്ത് നൽകുന്നതിന് 50 രൂപയും വളണ്ടിയർമാർക്ക് റീഇമ്പേഴ്സ്മെന്റായി നൽകും. സേവന കേന്ദ്രത്തിൽ നിന്നും ഗുണഭോക്താക്കളുടെ വീടുകളിലേക്ക് പോകുന്നതിന് കിലോമീറ്ററിന് അഞ്ചുരൂപ നിരക്കിൽ ഇന്ധന ചെലവും നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

തദ്ദേശ സ്ഥാപനങ്ങൾ അദ്ധ്യക്ഷന്റെയും കോ-ഓർഡിനേറ്ററുടെയും പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് രൂപീകരിച്ച് സംഭാവനകളും മറ്റും സ്വീകരിക്കണം. ഈ തുക പ്രത്യേക ഫണ്ടായാണ് സൂക്ഷിക്കേണ്ടത്. അക്കൗണ്ടിന്റെ വിശദാംശങ്ങളും വാതിൽപ്പടി സേവനത്തിന്റെ വിശദാംശങ്ങളും സോഷ്യൽമീഡിയ വഴിയും മറ്റും ജനങ്ങളിലേക്കെത്തിച്ചാൽ ഈ

# അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി സമൂഹം ഒറ്റക്കെട്ടായി കൈകോർക്കണം: എം.വി. ഗോവിന്ദൻ മാസ്റ്റർ

അഞ്ചുവർഷം കൊണ്ട് സംസ്ഥാനത്ത് അതിദാരിദ്ര്യം ഇല്ലാതാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമെന്ന് തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പുമന്ത്രി എം.വി.ഗോവിന്ദൻ മാസ്റ്റർ. പറഞ്ഞു. അതിദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വിശദീകരിക്കാൻ വിളിച്ചുചേർത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്ന അദ്ദേഹം. അതിദാരിദ്ര്യ നിർമ്മാർജ്ജനം സംബന്ധിച്ച സർക്കാരിന്റെ മാർഗ്ഗരേഖ വിശദീകരിച്ച് സംസാരിച്ച മന്ത്രി, സംസ്ഥാനത്തെ അതിദരിദ്രരെ കണ്ടെത്തി, അവരെ ആ അവസ്ഥയിൽ നിന്നും പുറത്തെത്തിക്കാനുള്ള സഹായവും പദ്ധതികളും മൈക്രോ പ്ലാനിലൂടെ തയ്യാറാക്കുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്നും അതിന്റെ ഭാഗമായി സമൂഹത്തിലെ ദാരിദ്ര്യത്തെയും, അതിദാരിദ്ര്യത്തെയും വേർതിരിച്ചറിഞ്ഞ് അതിദാരിദ്ര്യത്തിലുഴറുന്ന വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി അതിജീവനത്തിനുള്ള കരുത്ത് പകരണമെന്നും അത് സാമൂഹിക ഉത്തരവാദിത്വമാണെന്നും വ്യക്തമാക്കി. അതിദരിദ്രരെ കണ്ടെത്താനുള്ള പ്രക്രിയയുടെ പ്രാരംഭ പഠനം തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്, വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നടത്തിയിട്ടുണ്ട്. അതിദരിദ്രരുടെ പേരുവിവരം ഉൾപ്പെടെയുള്ള പട്ടിക തയ്യാറാക്കൽ അവിടങ്ങളിൽ അന്തിമ ഘട്ടത്തിലാണ്. അനർഹരായവർ പട്ടികയിൽ ഇടം പിടിക്കാതെയും അർഹരായ ഒരാളും വിട്ടുപോകാതെയും അതീവ ജാഗ്രതയോടെ, ജനകീയ പങ്കാളിത്തത്തോടു കൂടിയാണ് പട്ടിക തയ്യാറാക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ഇതിനായി സംസ്ഥാനതല സമിതി, ജില്ലാതല സമിതി, പഞ്ചായത്ത് തല സമിതികൾ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അതിദരിദ്രരെ കണ്ടെത്തേണ്ട പ്രക്രിയയുടെ പൂർണ്ണ ഉത്തരവാദിത്വം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണെന്നും അത് സമയബന്ധിതമായി പൂർത്തിയാക്കണമെന്നും മന്ത്രി യോഗത്തിൽ നിർദ്ദേശിച്ചു.

സമ്പൂർണ്ണ സാക്ഷരതയുടെയും ജനകീയാസൂത്രണ, കുടുംബശ്രീ പ്രസ്ഥാനങ്ങളുടെയും വിജയത്തിന് ചുക്കാൻ പിടിച്ച സമൂഹമാണ് കേരളത്തിലുള്ളത്. അതിന്റെ തുടർച്ചയായി അതിദരിദ്രരെ കണ്ടെത്തി അവർക്ക് അതിജീവനത്തിനുള്ള പദ്ധതി തയ്യാറാക്കുന്ന ബൃഹത്തായ ജനകീയ മുന്നേറ്റത്തിന് എല്ലാവരുടെയും പിന്തുണയും സഹായസഹകരണവുമുണ്ടാകണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. സൂം മുഖേന നടത്തിയ യോഗത്തിൽ സ്റ്റേറ്റ് നോഡൽ ഓഫീസർ വി.എസ്. സന്തോഷ് കുമാർ, കില ഡയറക്ടർ ജനറൽ ജോയ് ഇളമൺ തുടങ്ങിയവരും പങ്കെടുത്തു.

## എന്യൂമറേറ്റർമാരാവാൻ സന്നദ്ധപ്രവർത്തകർ മുന്നോട്ടുവരണം

സംസ്ഥാനത്ത് അതിദാരിദ്ര്യാവസ്ഥയിലുള്ള വ്യക്തികളുടെയും കുടുംബങ്ങളുടെയും പട്ടിക തയ്യാറാക്കുവാൻ നടത്തുന്ന വിവരശേഖരണ പ്രവർത്തനങ്ങൾക്കായി എന്യൂമറേറ്റർമാരായി സന്നദ്ധപ്രവർത്തകർ മുന്നോട്ടുവരണമെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അഭ്യർത്ഥിച്ചു. ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡുതലത്തിൽ എന്യൂമറേറ്ററായി പ്രവർത്തിക്കാനാണ് സന്നദ്ധ പ്രവർത്തകർക്ക് അവസരം ലഭിക്കുക. എം.എസ്.ഡബ്ള്യൂ, ഹ്യൂമാനിറ്റീസ് മുതലായ സാമൂഹിക വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കും മറ്റ് വിഷയങ്ങളിൽ ബിരുദ പഠനം നടത്തുന്നവർക്കും എൻ.എസ്.എസ്. വളണ്ടിയർമാർക്കും യുവജനങ്ങൾക്കും തങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്ത് സന്നദ്ധ സേവനം നടത്താം. എന്യൂമറേറ്റർമാർക്ക് സംസ്ഥാനതലത്തിൽ സർട്ടിഫിക്കറ്റ് നൽകുമെന്ന് മന്ത്രി പറഞ്ഞു. സർക്കാരിന്റെ അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനത്തിൽ പങ്കാളികളാകാൻ എല്ലാ സന്നദ്ധപ്രവർത്തകരോടും മന്ത്രി അഭ്യർത്ഥിച്ചു.

സേവനത്തെപ്പറ്റിയും ലഭ്യതയെപ്പറ്റിയും വളണ്ടിയർമാരെക്കുറിച്ചും മറ്റുമുള്ള എല്ലാ കാര്യങ്ങളും സമൂഹത്തിൽ ലഭ്യമാകും.

കേരളത്തിൽ മുൻവർഷങ്ങളിലുണ്ടായ പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ നാട്ടിലുണ്ടാകുന്ന ദുരന്തകാലങ്ങളിലും കൊവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി ഘട്ടത്തിലും സഹായത്തിനുതകുന്ന വിധത്തിലുള്ള ഒരു സാമൂഹിക സന്നദ്ധ സേനയും അവരുടെ നേതൃത്വത്തിൽ സേവനങ്ങൾ അർഹരായ ജനവിഭാഗത്തിന്റെ വാതിൽപ്പടിക്കൽ എത്തണമെന്നുമുള്ള മാനുഷിക ബോധമാണ് സർക്കാരിനെ നയിക്കുന്നത്. പ്രായാധിക്യം, ഗുരുതര രോഗങ്ങൾ, അതിദാരിദ്ര്യം തുടങ്ങി പലവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവർക്കും അറിവില്ലായ്മയും മറ്റ് നിസ്സഹായാവസ്ഥയും നിമിത്തം സർക്കാർ സേവനങ്ങൾ കൃത്യമായി ലഭ്യമാകാതിരിക്കുകയും ചെയ്യുന്നവർക്കും എല്ലാ സേവനങ്ങളും കാര്യക്ഷമവും സുഗമവും സമയബന്ധിതവുമായി ലഭ്യമാക്കുന്നതിന് മറ്റ് സന്നദ്ധ സേവനദാതാക്കളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടുകൂടി സാമൂഹിക സന്നദ്ധസേനയുടെ പ്രവർത്തനങ്ങൾ വിപുലീകരിച്ചുകൊണ്ടേയിരിക്കുകയാണ്. വാതിൽപ്പടി സേവനത്തിലൂടെ അപരന്റെ സ്വരം മധുരസംഗീതം പോലെ ശ്രവിക്കുന്ന ഒരു സാമൂഹ്യവാബോധം കൂടി കേരളത്തിൽ സൃഷ്ടിക്കപ്പെടുകയാണ്. അത് വരുംകാല തലമുറ പ്രകീർത്തിക്കുന്ന മാനവികതയുടെ മഹാപ്രസ്ഥാനമായി തീരുമെന്നതിൽ ഒരു തർക്കവും വേണ്ട. ☐



# തിരക്കിനിടയിലെ ജീവിതാസ്വാദനം ചില ചിന്തകൾ

**ഡോ. അനൂപ നാരായണൻ**

"നിങ്ങൾ സന്തോഷവാനാണോ?" എന്ന് ചോദിച്ചാൽ ഒരു നിമിഷം പോലും ആലോചിക്കാതെ 'അതെ'യെന്ന ഉത്തരമാണോ നിങ്ങൾ നൽകുക? ജീവിതം ആസ്വദിക്കാനുള്ളതാണെന്ന് നമുക്ക് എല്ലാവർക്കും അറിയാം. പക്ഷേ എന്തുകൊണ്ടോ ജീവിത തിരക്കിനിടയിൽ പലർക്കും അത് സാധിക്കാറില്ല. ഇഷ്ടമുള്ള കാര്യങ്ങൾ ആസ്വദിച്ച് ചെയ്ത കാലം മറന്ന്, യാന്ത്രികമായി ജീവിക്കുന്ന ഒരുപാട് പേരുണ്ട്. ജീവിതത്തിന്റെ അർത്ഥ ശൂന്യതയെക്കുറിച്ച് ആവർത്തിച്ച് ആലോചിച്ച് വ്യാകുലതപ്പെടാറുണ്ടാകും ഇത്തരക്കാർ.

"രാജേഷും ജീവനും ഒരേ കമ്പനിയിൽ ഒരേ തസ്തികയിലാണ് ജോലി ചെയ്യുന്നത്. കൊവിഡ് മഹാമാരി കാരണം പകുതി ശമ്പളം മാത്രമേ ഇവർക്ക് ലഭിക്കുന്നുള്ളൂ. വളരെ മോശമായിട്ടാണ് രണ്ടുപേരോടും മേലുദ്യോഗസ്ഥൻ പെരുമാറാറുള്ളത്. ജീവന് ജോലിയെക്കുറിച്ച് എന്നും പരാതികൾ മാത്രമാണുള്ളതെങ്കിൽ, രാജേഷ് ഈ കൊറോണക്കാലത്തും തനിക്ക് ജോലിയുള്ള സന്തോഷം എല്ലാവരുമായി പങ്കുവയ്ക്കാറുണ്ട്."-

ഒരേ തൊഴിൽ സാഹചര്യത്തിലുള്ള രണ്ടുപേർക്കും ഒരേ തോതിൽ മാനസിക സംഘർഷമുണ്ടാവേണ്ടതല്ലേ?

എന്തുകൊണ്ടാവും രാജേഷിനു സന്തോഷിക്കാൻ സാധിക്കുന്നത്? നമ്മുടെ നിത്യജീവിതത്തിലും ഇതുപോലെയുള്ള വ്യക്തികളെ കണ്ടിട്ടുണ്ടാവും. വളരെ മോശം ജീവിതസാഹചര്യം ആയിരുന്നിട്ടുകൂടി ചിലർ സന്തോഷിക്കുകയും ജീവിതം ആസ്വദിക്കുകയും ചെയ്യുമ്പോൾ, മറ്റു ചിലർ നല്ല ജീവിതസാഹചര്യമുണ്ടായിട്ടും മറ്റുള്ളവരെ കുറ്റപ്പെടുത്തുകയും സ്വയം വേദനിക്കുകയും ചെയ്യുന്നത് കാണാറുണ്ട്.

ഈ സമയത്ത്, നിങ്ങൾ ആശ്ചര്യപ്പെട്ടേക്കാം: സന്തോഷം അളക്കാൻ കഴിയുമോ?

ഉത്തരം അതെ എന്നാണ്. സന്തോഷത്തെ മൂന്നു ഘടകങ്ങളായി അളക്കാനാകും: പോസിറ്റീവ് വികാരങ്ങളുടെ സാന്നിധ്യം, നെഗറ്റീവ് വികാരങ്ങളുടെ അഭാവം, ജീവിത സംതൃപ്തി (റയാൻ et al, 2001). ഒരു വ്യക്തിയുടെ ജീവിതത്തിലെ സന്തോഷത്തെ കുറിച്ച് പറയാൻ അദ്ദേഹത്തെക്കാൾ വ്യക്തമായി ആർക്കും സാധിക്കില്ല.

സത്യത്തിൽ എന്താണ് ഒരാൾക്ക് സന്തോഷിക്കണമെങ്കിൽ ജീവിതത്തിൽ ആവശ്യമുള്ളത്. പൊതുവെ പറഞ്ഞു കേൾക്കാറുള്ള ഉത്തരങ്ങൾ -നല്ല ആരോഗ്യം, സന്തോഷമുള്ള കുടുംബം, സാമ്പത്തിക ഭദ്രത, ജോലി, തുടങ്ങി ലിസ്റ്റ് നീണ്ടു പോയേക്കാം. ഇതിൽ മിക്കതും ഉണ്ടായിട്ടും ജീവിതത്തിൽ വിഷമിച്ചു, നിരാശപ്പെടുന്നവരുണ്ട്. എന്നുവെച്ചാൽ സാഹചര്യവും ചുറ്റുപാടും മാത്രമല്ല ഒരാളുടെ സന്തോഷവും, സങ്കടവും, സമ്മർദ്ദവും തീരുമാനിക്കുന്നത്. മറിച്ച് ആ സാഹചര്യത്തോടുള്ള മനോഭാവമാണ്.

സന്തോഷിക്കണമോ വേണ്ടയോ എന്നത് പൂർണ്ണമായും നമ്മുടെ തീരുമാനമാണ്. ലക്ഷക്കണക്കിന് ആൾക്കാർ മരണപ്പെട്ട ഈ കൊറോണക്കാലത്ത് ജീവനോടെ ഇരിക്കുന്നതോർത്ത് സന്തോഷിക്കണമോ അതോ വീട്ടിൽ നിന്നും പുറത്തിറങ്ങാൻ പറ്റാത്തതോർത്ത് ദുഃഖിക്കണമോയെന്നയെന്നത് നമ്മുടെ തീരുമാനം തന്നെയാണ്. നമ്മുടെ ചുറ്റും ജോലി നഷ്ടപ്പെട്ട അല്ലെങ്കിൽ ജോലിയില്ലാതെ അലയുന്ന ഒരുപാട് പേരുള്ളപ്പോൾ, ഉള്ള ജോലിയുടെ ഭാരമോർത്തു സങ്കടപ്പെടമോയെന്നതും നമ്മുടെ താല്പര്യമാണ്.

സ്വാഭാവികമായും നമുക്ക് തോന്നുന്ന ഒരു സംശയമുണ്ട്. ജീവിതത്തിൽ സന്തോഷം തിരഞ്ഞെടുക്കാൻ സാധിക്കുമെങ്കിൽ പിന്നെ ആരെങ്കിലും സങ്കടപ്പെടാൻ തീരുമാനിക്കുമോയെന്നു. അതിന്റെ ഉത്തരം ഒരിക്കൽ പ്രശസ്ത മനഃശാസ്ത്ര വിദഗ്ധൻ ഡോക്ടർ ഡെന്നിസ് ജാഫെ പറഞ്ഞിട്ടുണ്ട്. പലപ്പോഴായി ഉണ്ടാവുന്ന നെഗറ്റീവ് അനുഭവങ്ങളിൽ നിന്നും നെഗറ്റീവ് ചിന്തകൾ ഉണ്ടാവുന്നു. ‘ ഒന്നും ശരിയാവില്ല’, ‘എനിക്ക് ഒരിക്കലും ഞാൻ ആഗ്രഹിക്കുന്നത് കിട്ടില്ല’ തുടങ്ങിയ നെഗറ്റീവ് ഫീഡുകൾ നമ്മൾ പോലും അറിയാതെ നമ്മുടെ മനസ്സിലേക്ക് രേഖപ്പെടുത്തുന്നു. പിന്നീട് എന്ത് നിസ്സാരമായ പ്രശ്നങ്ങൾ വന്നാലും ഇതേ ഫീഡുകളെ അടിസ്ഥാനപ്പെടുത്തി നമ്മൾ അറിയാതെ എടുക്കുന്ന തീരുമാനമാണ് പലപ്പോഴും സന്തോഷിക്കാൻ സാധിക്കില്ലയെന്നത്. എങ്കിൽ നാളെ മുതൽ ഞാൻ സന്തോഷം തിരഞ്ഞെടുക്കും എന്നല്ല. വർഷങ്ങൾകൊണ്ട് നമ്മളറിയാതെ ഉള്ളിൽ കയറിയ നെഗറ്റീവ് ചിന്താഗതി മാറ്റാൻ കുറച്ചധികം സമയമെടുക്കും. പക്ഷെ നമ്മുടെ നെഗറ്റീവ് ചിന്തകളെക്കുറിച്ചുള്ള തിരിച്ചറിവാണ് സന്തോഷത്തിലേക്കുള്ള ആദ്യചുവട്.



പോസിറ്റീവ് ചിന്തകൾ, മെച്ചപ്പെട്ട ആരോഗ്യം, ദീർഘായുസ്സ്, കൂടുതൽ ക്ഷേമം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. മറുവശത്ത്, കോപം, ഉത്കണ്ഠ തുടങ്ങിയ നെഗറ്റീവ് വികാരങ്ങൾ ഹൃദ്രോഗം പോലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

എങ്ങനെയാണ് ഒരാൾ കൂടുതൽ സന്തോഷവാനായി മാറുന്നത്? ഇതേക്കുറിച്ച് പഠനങ്ങൾ നടന്നിട്ടുണ്ട്. അതിലെ പ്രധാനപ്പെട്ട ചില പഠനങ്ങളുടെ കണ്ടെത്തലുകൾ നമ്മളറിയേണ്ടവയാണ്.

പലപ്പോഴും പണത്തിന് സന്തോഷത്തിലേക്കുള്ള സ്വാധീനം വളരെ കൂടുതലാണെന്ന് ആളുകൾ വിശ്വസിക്കുന്നു. 'നിങ്ങൾക്കൊക്കെ വേണ്ടിയല്ലേ, ഞാൻ സമ്പാദിക്കുന്നതെന്ന' ചോദ്യത്തിലൂടെ നിങ്ങൾ നിഷേധിക്കുന്നത് പ്രിയപ്പെട്ടവർക്ക് നിങ്ങളോടൊപ്പം ചെലവഴിക്കാൻ ആഗ്രഹിക്കുന്ന നിമിഷങ്ങളാണെങ്കിൽ ഒരുപക്ഷെ ആ സമ്പാദ്യം നിങ്ങളെ ഒരുപാട് സന്തോഷിപ്പിക്കണമെന്നില്ല.

"രമേശ് ഒരു ബിസിനസ്കാരനാണ്. മക്കളുടെ കാര്യങ്ങൾ ഭാര്യയെ ഏൽപ്പിച്ചു, താൻ അവർക്കു വേണ്ടി സമ്പാദിക്കുന്നുവെന്നാണ് അദ്ദേഹത്തിന്റെ ന്യായം. വീട്ടിലെത്തിയാലും ഫോൺ നിലത്തു വെയ്ക്കാൻ സമയം കിട്ടാറില്ല. ഓരോ വിളിയ്ക്കും ലക്ഷങ്ങളുടെ വിലയുണ്ടത്രേ. ഏതായാലും കാലം കടന്നു പോയി. മക്കൾ വളർന്നു വലിയ സാമ്പത്തിക സ്ഥിതിയിലാണ്. രമേശിന്റെ ആരോഗ്യം ക്ഷയിച്ചു, ഭാര്യ മരിച്ചു. മക്കളുടെ സമയത്തിന് ഇന്ന് ലക്ഷങ്ങളുടെ വിലയായതിനാൽ അഞ്ചു മുറിയുള്ള വലിയ വീട്ടിൽ ഹോം നഴ്സിന്റെ പരിചരണത്തിൽ ഒറ്റപ്പെട്ടു ജീവിക്കുന്നു". സാമ്പത്തികഭദ്രത ആവശ്യമാണ്. പക്ഷെ അതിന്റെ പിന്നാലെയുള്ള ഓട്ടത്തിൽ ജീവിതം ആസ്വദിക്കാൻ മറക്കരുതെന്ന് മാത്രം. സമ്പത്ത് നേടുന്നതിൽ ഒരുപാട് ശ്രദ്ധ കേന്ദ്രീകരിക്കാതിരുന്നാൽ കൂടുതൽ സന്തോഷമുണ്ടാകും (അക്കിൻ, നോർട്ടൺ, & ഡൺ, 2009).

ഇനി സമ്പാദിച്ച പണം ആണെങ്കിലോ ചെലവഴിക്കുന്നത് മിക്കപ്പോഴും ചെറുതും വലുതുമായ ഭൗതിക വസ്തുക്കൾ വാങ്ങുന്നതിനാണ്. വലിയ വീട്, കാർ, വീട്ടുപകരണങ്ങൾ, പാത്രങ്ങൾ തുടങ്ങി ആവശ്യവും അനാവശ്യവുമായ ഒരുപാട് വസ്തുക്കൾ നമ്മൾ വാങ്ങിക്കൂട്ടാറുണ്ട്. ഇതിൽ ഏറ്റവും രസകരമായ കാര്യം മിക്ക വീടുകളിലും ഒരിക്കൽ പോലും ഉപയോഗിക്കാത്ത ഒരുപാട് വസ്തുക്കൾ ഇപ്പോഴുമുണ്ടാകും

എന്നതാണ്. ആരെങ്കിലും വന്നാൽ മാത്രം എടുക്കാമെന്നു പറഞ്ഞു സൂക്ഷിച്ചു വയ്ക്കുന്ന തിളങ്ങുന്ന പാത്രങ്ങൾ, ബെഡ്ഷീറ്റുകൾ, ചീത്തയാകുമെന്ന ചിന്തയാൽ പ്ലാസ്റ്റിക് കവർ മാറ്റാത്ത കിടക്കകൾ, കാർ സീറ്റുകൾ അങ്ങനെ പലതും. ഇതൊന്നും നമുക്ക് ആസ്വദിക്കാൻ ഉള്ളതല്ലെങ്കിൽ പിന്നെ എന്തിനാണ് നമ്മൾ അത് വാങ്ങുന്നതെന്ന് ആലോചിച്ചിട്ടുണ്ടോ? ഇനി ഇതേ ആളുകളോട് യാത്ര പോലുള്ള അനുഭവങ്ങളെക്കുറിച്ച് പറയുമ്പോൾ 'എന്തിനാണ് വെറുതെ അനാവശ്യമായി പണം ചെലവാക്കുന്നത്' എന്നാവും മറുപടി. പക്ഷെ ഭൗതികവസ്തുക്കൾക്കായി പണം ചെലവഴിക്കുന്നതിനേക്കാൾ യാത്ര, പുതിയ കോഴ്സുകൾ പോലുള്ള അനുഭവങ്ങൾക്കായി പണം ചെലവഴിക്കുന്നത് കൂടുതൽ സന്തോഷം നൽകുന്നുവെന്നാണ് പഠനങ്ങൾ കണ്ടെത്തിയിട്ടുള്ളത് (ഹോവെൽ & ഹിൽ, 2009). അതുപോലെ മറ്റുള്ളവർക്കായി പണം ചെലവഴിക്കുന്നത് നമുക്ക് കൂടുതൽ സന്തോഷം നൽകുന്നുവത്രെ (ഡൺ, അക്നിൻ, & നോർട്ടൺ, 2008). നിങ്ങൾ വിശ്വസിക്കുന്ന ഒരു കാരണത്തിലേക്ക് വോളന്റീർ (Volunteering) ചെയ്യുന്നത് നിങ്ങളുടെ ക്ഷേമവും ജീവിത സംതൃപ്തിയും മെച്ചപ്പെടുത്തുകയും വിഷാദരോഗത്തിന്റെ ലക്ഷണങ്ങൾ കുറയ്ക്കുകയും ചെയ്യും (ജെൻകിൻസൺ et al., 2013).

ജീവിതത്തിലെ സന്തോഷത്തിലേക്ക് ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന ഒരു സ്വഭാവഗുണമാണ് കൃതജ്ഞത (Gratitude). നമ്മുടെ ജീവിതത്തിലുള്ള കാര്യങ്ങളെ അഭിനന്ദിക്കുകയും അത് പ്രകടിപ്പിക്കുകയും ചെയ്യുന്നത് സമർദ്ദം കുറയ്ക്കുകയും, പ്രയാസങ്ങളെ അതിജീവിക്കാൻ കൂടുതൽ കരുത്തു നൽകുകയും ചെയ്യുന്നു. എത്രയെത്ര നല്ല കാര്യങ്ങളുണ്ട് ജീവിതത്തിൽ. ആരോഗ്യം, ബന്ധങ്ങൾ, വിദ്യാഭാസം, ജോലി, വീട് തുടങ്ങി നന്ദിയോടുകൂടി സ്മരിക്കേണ്ട ഒരുപാട് കാര്യങ്ങൾ ഓരോരുത്തരുടെയും ജീവിതത്തിലുണ്ട്. ഏകദേശം 40 ദശലക്ഷം കാഴ്ചശക്തി ഇല്ലാത്തവരും, ഏകദേശം 280 ദശലക്ഷം നിരക്ഷരരുമുള്ള രാജ്യത്തിലിരുന്നു ഈ എഴുതിയിരിക്കുന്ന ലേഖനം വായിക്കുവാൻ സാധിക്കുന്നുണ്ടെങ്കിൽ തന്നെ നമ്മൾ എത്ര നന്ദിയുള്ളവരാകണം. നമ്മൾ എത്രത്തോളം കൃതജ്ഞത വളർത്തിയെടുക്കുന്നുവോ, അത്രയും സന്തുഷ്ടരായിരിക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു (സെലിഗ്മാൻ, സ്റ്റീൻ, പാർക്ക്, പീറ്റേഴ്സൺ, 2005). ഈ സ്വഭാവം വളർത്തുന്നതിന് ഒരു കൃതജ്ഞതാ ജേണൽ (gratitude journal) എഴുതുന്ന ശീലം സഹായിക്കും. ജീവിതം എത്ര ബുദ്ധിമുട്ടേറിയതായി അനുഭവപ്പെട്ടാലും, നന്ദി തോന്നുന്ന എന്തെങ്കിലുമൊക്കെ എപ്പോഴുമുണ്ടാകും. നിങ്ങളുടെ ജീവിതത്തിലെ നല്ല കാര്യങ്ങളെക്കുറിച്ച് പതിവായി ജേണലിംഗ് ചെയ്യുന്നത് ജീവിതത്തിലെ വിഷമ സന്ധികളെ തരണം ചെയ്യാൻ നിങ്ങളെ കൂടുതൽ സഹായിക്കും. നിങ്ങൾക്കു നന്ദിയുള്ള കാര്യങ്ങൾ ദിവസേന എഴുതുക (അല്ലെങ്കിൽ ടൈപ്പ് ചെയ്യുക). ഇതിനായി നിങ്ങൾക്ക് ഒരു ജേണൽ, ഡയറി, നോട്ട്ബുക്ക് അല്ലെങ്കിൽ ഒരു കഷണം പേപ്പർ ആണെങ്കിലും ഉപയോഗിക്കാം. ഒരു ദിവസം അഞ്ച് മിനിറ്റ് ജേണലിംഗ് ചെയ്യുന്നത് നമ്മുടെ ദീർഘകാല സന്തോഷത്തെ 10 ശതമാനത്തിലേറെ വർദ്ധിപ്പിക്കുമത്രെ (എമ്മൺസ് & മക്കല്ലോ, 2003; സെലിഗ്മാൻ, സ്റ്റീൻ, പാർക്ക്, പീറ്റേഴ്സൺ, 2005)




ശക്തവും വിശാലവുമായ സാമൂഹിക ബന്ധങ്ങളുള്ള വ്യക്തികൾ, സന്തുഷ്ടരും ആരോഗ്യമുള്ളവരും കൂടുതൽ കാലം ജീവിക്കുന്നവരുമാകുന്നു. വിശാലമായ നെറ്റ്വർക്കുകളുണ്ടാകുന്നത് ആത്മവിശ്വാസം വർദ്ധിപ്പിക്കും. അതിനാൽ നല്ല ബന്ധങ്ങൾ വളർത്തിയെടുക്കുന്നതും, ശക്തിപ്പെടുത്തുന്നതും ആവശ്യമാണ്. അതുപോലെതന്നെ അത്യാവശ്യമാണ് മോശം ബന്ധങ്ങൾ ജീവിതത്തിൽ നിന്ന് അകറ്റി നിർത്തുന്നത്. മോശം ബന്ധങ്ങൾ ഉത്കണ്ഠയും വിഷാദവും ഏകാന്തതയും ഉണ്ടാകാൻ കാരണമാകുന്നു. വ്യക്തികൾ മോശമാണെങ്കിലും അല്ലെങ്കിലും അവരുടെ ബന്ധം നിങ്ങളുടെ ആത്മവിശ്വാസത്തെയോ, സന്തോഷത്തെയോ കെടുത്തുന്നുവെന്ന് തോന്നിയാൽ അകലം പാലിക്കാൻ മടിക്കരുത്.അസഭ്യം പറയുക, ദേഹോപദ്രവം ചെയ്യുക, വിശ്വാസമില്ലായ്മ ഇവയൊക്കെ ടോക്സിക് ബന്ധത്തിന്റെ (Toxic relationship) ലക്ഷണങ്ങളാണെന്നു മനസിലാക്കണം. അങ്ങനെയുള്ള ബന്ധങ്ങൾ നിങ്ങളുടെ സന്തോഷത്തെ പ്രതികൂലമായി ബാധിക്കുന്നു.

രാധിക വിവാഹം കഴിക്കുന്നതുവരെ ജോലി സ്ഥലത്തു നിന്നും അച്ഛനെയും അമ്മയെയും എന്നും വിളിക്കാറുണ്ടായിരുന്നു. വിവാഹം കഴിഞ്ഞതിൽ പിന്നെ ഏതൊക്കെയോ തിരക്കുകൾ കാരണം വീട്ടിലേക്കുള്ള വിളിയുടെ എണ്ണം കുറഞ്ഞു. ഒരിക്കൽ അച്ഛന്റെ കാൾ തിരക്കുകൾക്കിടയിൽ വിട്ടുപോയി. പിന്നീട് കേട്ടത് അച്ഛന്റെ മരണവാർത്തയാണ്. അറിഞ്ഞോ അറിയാതെയോ ഇതിന്റെ കാരണം തന്റെ ഭർത്താവാണെന്നു വിശ്വസിച്ച രാധിക, അദ്ദേഹവുമായി മനസ്സ് കൊണ്ട് അകന്നു. ഒരുപക്ഷെ തിരക്കുകൾക്കിടയിൽ വീട്ടിലേക്ക് വിളിക്കുന്നത് തനിക്ക് വളരെ പ്രധാനപ്പെട്ടതാണെന്ന തിരിച്ചറിവ് മുമ്പേ വന്നിരുന്നുവെങ്കിൽ, ഇപ്പോൾ കാണിക്കുന്ന പകുതി നിശ്ചയദാർഢ്യം പോലും വേണ്ടി വരില്ലായിരുന്നു.



ഒറ്റപ്പെടാൻ എളുപ്പമാണ്, അത് നമ്മൾ സ്വയം തീരുമാനിക്കുന്നതുമാണ്. ജോലിയിൽ തിരക്കുകൾ പറഞ്ഞു 'ഈ സുഹൃത്തുക്കളെയൊക്കെ വിളിച്ചിട്ട് എത്ര കാലമായിയെന്ന ആത്മഗതം പറയാതെ അവരെ വിളിക്കാൻ സമയം കണ്ടെത്തണം. കുടുംബവും സുഹൃത്തുക്കളുമായുള്ള ദൃഢമായ ബന്ധം നമുക്ക് സ്നേഹവും പിന്തുണയും നൽകുകയും, ആത്മാഭിമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

സമയം എല്ലാവർക്കും 24 മണിക്കൂർ തന്നെയാണ്. അതിൽ ഏതിനൊക്കെ മുൻഗണന (Priority) കൊടുക്കുന്നുവെന്നത് നമ്മുടെ തീരുമാനമാണ്.

ജോലിയിലും, വീട്ടുജോലിയിലും, പിന്നെ എല്ലാ റോളുകളിലും പെർഫെക്ട് ആവണമെന്ന് വാശി ഒരുപക്ഷെ നമ്മളെ കടുത്ത സമ്മർദ്ദത്തിലേക്ക് നയിക്കാം. നമ്മുടെ കഴിവും കഴിവുകേടുകളും സ്വയം തിരിച്ചറിഞ്ഞ്, അതിനനുസരിച്ചുള്ള ലക്ഷ്യങ്ങൾ സ്വയം തീരുമാനിക്കാം. ജോലിസ്ഥലത്താണെങ്കിൽ ഒരു മിനിമം പ്ലാനിങ് നല്ലതാണ്. ഒരു ദിവസം ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾക്ക് ഒരു ' to do list' ഉണ്ടാക്കാം. പഞ്ചായത്ത് പോലുള്ള സ്ഥാപനങ്ങളിൽ വ്യത്യസ്തമായ ജോലികൾ വരുമ്പോൾ ഉറപ്പായും ഈ എഴുതിയ ലിസ്റ്റിലെ കാര്യങ്ങൾ എല്ലാം ചെയ്യാൻ സാധിക്കണമെന്നില്ല. പക്ഷെ ഓഫീസിൽ നിന്നും പോകും മുമ്പ് ഇതിൽ എത്ര കാര്യങ്ങൾ നടന്നുവെന്നും, എന്തൊക്കെ നടക്കാതെ പോയെന്നും, അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും കുറിയ്ക്കുക. ഇതിനു വെറും അഞ്ചു മിനിറ്റ് മതി. സത്യത്തിൽ ആദ്യം ചെയ്യാനുദ്ദേശിച്ച കാര്യം മറ്റൊരു കാര്യം വന്നത് വഴി ചെയ്യാൻ പറ്റാതെ പോകുമ്പോൾ പിന്നെ നമ്മളിൽ പലരും ആ ലിസ്റ്റ് തന്നെ മറക്കുകയാണ് പതിവ്. രണ്ടാഴ്ചയെങ്കിലും കൃത്യമായി ലിസ്റ്റ് തയ്യാറാക്കി, വൈകിട്ട് റിവ്യൂ ചെയ്യുന്ന ഒരു ശീലമുണ്ടാക്കിയാൽ സമയം ക്രമീകരിക്കാൻ എളുപ്പത്തിൽ സാധിക്കും.

മറ്റുള്ളവർക്ക് വേണ്ടി സമയം കണ്ടെത്തുന്ന പോലെതന്നെ അത്യാവശ്യമാണ് അനവന് വേണ്ടി സമയം കണ്ടെത്തുകയെന്നത്. 'എന്നെ കാണാൻ ഒരു ഭംഗിയുമില്ല'എന്ന തോന്നൽ തന്നെ നമ്മുടെ മനസ്സിന് സന്തോഷവും, ആത്മവിശ്വാസവും കുറയ്ക്കും. ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യാൻ, ഒരുങ്ങാൻ, ഇതിനൊക്കെ ജീവിതത്തിൽ സമയം കണ്ടെത്തേണ്ടതുണ്ട്. എന്നെ കാണാൻ ഭംഗിയുണ്ട് എന്ന തോന്നൽ തന്നെ നമ്മുടെയുള്ളിൽ പോസിറ്റീവ് ചിന്തകൾ നിറയ്ക്കും. അതുപോലെ ദിവസവും 30 മിനിറ്റ് വ്യായാമം മാനസിക സമ്മർദ്ദത്തിനുള്ള മികച്ച പ്രതിവിധിയാണെന്ന് വിദഗ്ധർ പറയുന്നു. സമയക്കുറവ് കാരണം നമ്മൾ ഏറ്റവും എളുപ്പം വേണ്ടന്ന് വയ്ക്കുന്നത് പ്രഭാതഭക്ഷണമാണ്. പക്ഷെ പ്രഭാതഭക്ഷണം നമുക്ക് ചിന്തിക്കാനും, പ്രവർത്തനങ്ങൾ വിജയകരമായി നിർവഹിക്കാനും ആവശ്യമായ ഊർജ്ജമാണ് നൽകുന്നത്.

ഇനി ഏറ്റവും പ്രധാനം തുറന്നു ചിരിക്കുകയെന്നതാണ്. ഒരു പക്ഷേ നമ്മൾ മനസ്സമടുത്തിരിക്കുമ്പോൾ, ദേഷ്യപ്പെട്ടിരിക്കുമ്പോൾ ഒരിക്കലും സ്വാഗതാർഹമായതല്ലാത്ത ഉപദേശമാണ് ചിരിക്കുകയെന്നത്. എന്നാൽ പുഞ്ചിരിക്കുന്നതിലൂടെ നിങ്ങളുടെ മാനസികാവസ്ഥ ഉയർത്താനും സമ്മർദ്ദം കുറയ്ക്കാനും രോഗപ്രതിരോധശേഷിയും ആയുസ്സും വർദ്ധിപ്പിക്കാനും കഴിയുമെന്ന് ശാസ്ത്രം തെളിയിച്ചിട്ടുണ്ട്. IGEA ബ്രെയിൻ ആൻഡ് സ്പൈനിലെ ന്യൂറോളജിസ്റ്റ് ഡോ. ഇഷ ഗുപ്ത പറയുന്നത് 'പുഞ്ചിരി തലച്ചോറിലെ ഒരു രാസപ്രവർത്തനത്തെ ഉത്തേജിപ്പിക്കുകയും ഡോപാമൈൻ, സെറോടോണിൻ എന്നിവയുൾപ്പെടെ ചില ഹോർമോണുകൾ പുറത്തുവിടുകയും ചെയ്യുന്നു.' ഡോപാമൈൻ നമ്മുടെ സന്തോഷത്തിന്റെ വികാരങ്ങൾ വർദ്ധിപ്പിക്കുകയും, സെറോടോണിൻ റിലീസ് സമ്മർദ്ദം കുറയ്ക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. സന്തോഷമില്ലാതെ ഉണ്ടാക്കി ചിരിച്ചിട്ട് എന്താണ് ഗുണമെന്നാണ് ചിന്തിക്കുന്നതെങ്കിൽ ഗുണമുണ്ട്. നിങ്ങൾ വെറുതെ മുഖത്തെ ചിരി വരുത്തുകയാണെങ്കിലും, മസ്തിഷ്കം ആ പേശിപ്രവർത്തനം കാണുകയും അത് സന്തോഷമുള്ള കാര്യമാണെന്ന് അനുമാനിക്കുകയും ചെയ്യുന്നു. തലച്ചോറിനെ സംബന്ധിച്ചിടത്തോളം നിങ്ങൾ വെറുതെ ചിരിക്കുകയാണോ, മനസ്സുതുറന്നു ചിരിക്കുകയാണോ എന്നതല്ല, ചിരിയെന്ന പേശി പ്രവർത്തനമാണ് വിഷയം. അതുകൊണ്ട് വെറുതെ പുഞ്ചിരിച്ചും ജീവിതത്തിലേക്ക് സന്തോഷം കൊണ്ടുവരാം എന്ന് ചുരുക്കം.

'ഇതൊക്കെ പറയാൻ എളുപ്പമാണ്, ഇതൊന്നും നടക്കില്ല' എന്നാണ് ഇപ്പോൾ നിങ്ങളുടെ മനസ്സിൽ തോന്നുന്നതെങ്കിൽ ഒരു തെറ്റുമില്ല. ജീവിതം നിങ്ങളുടേതാണ്, അത് ആസ്വദിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള എല്ലാ അവകാശവും ഓരോരുത്തർക്കുമുള്ളതാണ്. ചുറ്റുമുള്ള എല്ലാ കാര്യങ്ങളും ശരിയായതിനുശേഷം മാത്രമേ സന്തോഷിക്കുകയുള്ളൂവെന്ന് ചിന്തിച്ചാൽ ഒരുപക്ഷെ ഈ ആയുസ് മുഴുവൻ കഴിഞ്ഞെന്നു വരില്ല. സന്തോഷം പലപ്പോഴും വീട്ടിലെ റിമോട്ട് കൺട്രോൾ പോലെയാണ്. അതിനു മുകളിൽ കയറിയിരുന്ന് നമ്മൾ അതിനു വേണ്ടി കുറെ അന്വേഷിച്ചു നടക്കും. ഈ ലോകത്ത് ഒരുപാട് മനോഹരമായ കാര്യങ്ങളുണ്ട്. അവ തുറന്ന മനസ്സോടെ ആസ്വദിച്ചു നമുക്കും ചുറ്റുമുള്ളവർക്കും നിറമുള്ള അനുഭവങ്ങൾ സമ്മാനിക്കാം. ☐

*ലേഖിക കില ഡിസ്ട്രിക്ട് പ്രോജക്ട് കോ-ഓർഡിനേറ്ററാണ്.*



## കൊവിഡ് പ്രതിരോധം

# ഇളവുകൾക്കിടയിൽ ജീവിതം വീണ്ടെടുക്കാം

■ ഡോ. ചിന്ത എസ്.

ഒക്ടോബർ മാസത്തോടുകൂടി ഘട്ടംഘട്ടമായി കൊവിഡ് നിയന്ത്രണങ്ങൾ ഒരോന്നായി നീക്കം ചെയ്തുകൊണ്ട് നമ്മുടെ പൊതുജനങ്ങൾ വീണ്ടും സജീവമാവുകയാണ്. കോളേജുകൾ തുറക്കുകയും സ്കൂൾ തുറക്കലിനായുള്ള തയ്യാറെടുപ്പുകൾ തകൃതിയായി നടക്കുകയും ചെയ്യുന്നു. തീയറ്ററിൽ പോയി ഒരു സിനിമ കാണാനായി കൊതിയോടെയുള്ള കാത്തിരിപ്പിന് വിരാമമാകുന്നു. ഭക്ഷണശാലകൾ കളിയിടങ്ങൾ, കടൽത്തീരം എല്ലാം സജീവമാകുന്നു. ഒരു ജനതയെന്ന നിലയിൽ മുമ്പൊരിക്കലും അനുഭവിക്കാത്തവിധം അനിശ്ചിതത്വവും ആശങ്കയും നിറഞ്ഞ ഒന്നേമുക്കാൽ വർഷം പിന്നിട്ട്, നമ്മുടെ സാമ്പത്തിക സാമൂഹിക വ്യവഹാരങ്ങൾ തിരിച്ചുപിടിച്ചുകൊണ്ട് മുന്നോട്ട് പോകുവാനുള്ള ത്വരയിലാണ് നമ്മൾ. എന്നിരുന്നാലും പഴയപോലെ ഒരു ജീവിതരീതി ഈ അടുത്തകാലത്ത് സാധ്യമാവുകയില്ല എന്നും, കൊവിഡിനൊപ്പം ജീവിക്കാനായി ഒരു പുതിയ സാധാരണത്വം (New Normal) നമ്മൾ സ്വായത്തമാക്കേണ്ടിയിരിക്കുന്നു എന്നുമുള്ള ബോധ്യം ഈ ഘട്ടത്തിൽ, നമുക്ക് ഓരോരുത്തർക്കുമുണ്ട്.

മെയ് പകുതിയോടെ കൊവിഡ് രണ്ടാംതരംഗം അതിന്റെ ഉച്ചസ്ഥായിയിൽ എത്തിയപ്പോൾ, പ്രതിദിനം റിപ്പോർട്ട് ചെയ്ത പുതിയ കേസുകളുടെ എണ്ണം, 43,529 (May 12) വരെ ആവുകയും ചികിത്സയിലുള്ള കേസുകളുടെ എണ്ണം 4,45,334 എന്ന ഏറ്റവും ഉയർന്ന നിരക്കിൽ എത്തുകയും ചെയ്തു. അതിനുശേഷം കേസുകൾ പതിയെ കുറയുവാൻ തുടങ്ങുകയും പിന്നീട് ഓണത്തിന് ശേഷം സെപ്തംബർ ആദ്യവാരം വീണ്ടും ആശങ്ക ഉയർത്തി കൊവിഡ് വ്യാപനം കൂടുകയും 32,803 എന്ന ഉയർന്ന നിരക്കിലേക്ക് പ്രതിദിന കേസുകളുടെ വർദ്ധനവ് എത്തുകയും ചെയ്തു. സെപ്തംബർ 8 ന് ശേഷം വീണ്ടും കേസുകൾ കുറയുവാൻ തുടങ്ങി. ആ കുറവ് നിലനിർത്തിക്കൊണ്ട്, ഒക്ടോബർ ആദ്യവാരത്തിൽ പ്രതിദിന വർദ്ധനവ്, 12,903 നും ചികിത്സയിലുള്ള കേസുകളുടെ എണ്ണം 1,28,736-ഉം എന്ന ആശ്വാസകരമായ സ്ഥിതിയിൽ എത്തിനില്ക്കുകയാണ് നമ്മൾ. ചികിത്സയിലുള്ള രോഗികളുടെ എണ്ണം 10% എന്ന നിരക്കിലാണ് സെപ്തംബർ അവസാനവാരം കുറഞ്ഞിരിക്കുന്നത്.



## കുറഞ്ഞുവരുന്ന ആശുപത്രി അഡ്മിഷനുകൾ

ആദ്യതരംഗത്തെയും രണ്ടാംതരംഗത്തെയും അപേക്ഷിച്ച് കൊവിഡ് ബാധിച്ചവരിൽ ഗുരുതരരോഗാവസ്ഥയും ആശുപത്രിവാസവും ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. ഒപ്പം മരണനിരക്കും കുറഞ്ഞിരിക്കുന്നു. ആഗോളതലത്തിൽ ഇതേ പ്രവണത തന്നെയാണ് കണ്ടുവരുന്നത്. മരണനിരക്കിൽ 30% ത്തോളം കുറവാണ് മിക്കയിടങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. രണ്ടാംതരംഗത്തിന്റെ ഉച്ചസ്ഥായിയായിരുന്ന മെയ് പകുതി കഴിഞ്ഞപ്പോൾ, കേരളത്തിൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 40,199 ആവുകയും ആസമയം 4027 ആളുകൾ ICU വിലും 1536 പേർ വെന്റിലേറ്ററിലുമായിരുന്നു. പിന്നീട് കേസുകൾ കൂടി സെപ്റ്റംബർ ആദ്യവാരം ഇത്തരത്തിൽ ആശുപത്രിയിലുള്ള കൊവിഡ് രോഗികളുടെ എണ്ണം 33,458 ആവുകയും 2,479, 1,021 രോഗികൾ യഥാക്രമം ICU വിലും വെന്റിലേറ്റർ സഹായത്തിലുമായിരുന്നു.

എന്നാൽ ഒക്ടോബർ മൂന്നാം തീയതിയോടുകൂടി ആശുപത്രിയിലെ കൊവിഡ് രോഗികളുടെ എണ്ണം 16,679 ആവുകയും ICU വിലും വെന്റിലേറ്ററിലുമായി യഥാക്രമം 1,815 ഉം 791 രോഗികളുമായി. വാക്സിനേഷന്റെ സഹായത്തോടെ ഗുരുതരരോഗം തടയുവാൻ കഴിഞ്ഞതിനാലാണ് ഇത്രയധികം രോഗാതുരതയും മരണവും നമുക്ക് ഒഴിവാക്കാൻ കഴിഞ്ഞത്. ആദ്യഘട്ടങ്ങളിൽ 5% ത്തോളം രോഗികൾ ഗുരുതരാവസ്ഥയിൽ പോകുമായിരുന്നെങ്കിൽ, ഇപ്പോൾ critical care ആവശ്യം വരുന്ന രോഗികളുടെ ശതമാനം രണ്ടിൽ താഴെയാണ്.

കൊവിഡിന്റെ വ്യാപനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടൊപ്പം തന്നെ രോഗവ്യാപനത്തിന്റെ ഈ സവിശേഷഘട്ടത്തിൽ നമ്മുടെ മുഴുവൻ ശ്രദ്ധയും നല്കേണ്ടത്, കൊവിഡ് മൂലമുള്ള മരണങ്ങൾ കഴിവതും ഒഴിവാക്കുന്നതിലാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം വാക്സിനേഷൻ തന്നെയാണ്. വ്യാപനത്തോത് കുറച്ച് നിർത്തികൊണ്ട് ആശുപത്രി സൗകര്യങ്ങളുടെ ലഭ്യത ഉറപ്പാക്കുകയാണ് രണ്ടാമത്തെ മാർഗ്ഗം.

## ജാഗ്രതയോടെ മുന്നോട്ട്

ഒക്ടോബർ 4-ാം തീയതിയിലെ കണക്ക് പ്രകാരം കേരളത്തിൽ നാളിതുവരെ 47,29,056 കൊവിഡ്-19 കേസുകളും 25,520 മരണങ്ങളുമാണ് സർക്കാർ കൊവിഡ് 19 ഡാഷ് ബോർഡിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. തുടർന്നുള്ള ദിവസങ്ങളിലും മാസങ്ങളിലും കൊവിഡ് കേസുകൾ ഉണ്ടാവുകതന്നെ ചെയ്യും എന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്.

മാത്രവുമല്ല സ്കൂളുകളും, കോളേജുകളും മറ്റ് പൊതുഇടങ്ങളും തുറക്കുന്നതോടുകൂടി രോഗവ്യാപനം കൂടുവാനും കേസുകളുടെ എണ്ണം വർദ്ധിക്കുവാനുമുള്ള സാദ്ധ്യത മുൻകൂട്ടി കണ്ടുകൊണ്ടുവേണം പ്രതിരോധ നടപടികൾ ആസൂത്രണം ചെയ്യേണ്ടത്. പ്രത്യേകിച്ച് ഇപ്പോൾ നമ്മുടെ ഇടയിൽ ഏറ്റവും വ്യാപകമായുള്ള വൈറസ് വകഭേദം ഡെൽറ്റ ആണെന്നുള്ളത് കൊണ്ടുതന്നെ, ഡെൽറ്റയുടെ അതിതീവ്ര വ്യാപനസാദ്ധ്യത മനസ്സിലാക്കിക്കൊണ്ടുള്ള പ്രതിരോധ നടപടികൾ പൂർണ്ണമായി നടപ്പിലാക്കണം. മാസ്കുകളുടെ ഉപയോഗം, N95 അല്ലെങ്കിൽ Double mask, Sanitising, സാമൂഹിക അകലം പാലിക്കൽ, കൂട്ടംചേരൽ ഒഴിവാക്കുക, മുറികളിലും വാഹനങ്ങളിലും നല്ല വായുസഞ്ചാരം ഉറപ്പാക്കുക, അടഞ്ഞു കിടക്കുന്നതും ഇടുങ്ങിയതുമായ സ്ഥലങ്ങളിൽ പ്രത്യേകം ശ്രദ്ധ പാലിക്കുക, ഒരുമിച്ചിരുന്ന് ഭക്ഷണം



കഴിക്കാതിരിക്കുക തുടങ്ങിയ അടിസ്ഥാന പ്രതിരോധ മാർഗ്ഗങ്ങൾ എല്ലായിടത്തും കർശനമായി തുടരേണ്ടതുണ്ട്.

## പ്രധാന പ്രതിരോധമാർഗ്ഗം വാക്സിനേഷൻ

ഒക്ടോബർ 4-ലെ കണക്ക് പ്രകാരം, കേരളത്തിലെ 18 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ 92.67% (2,47,50,569) ആളുകളും കൊവിഡ് 19 വാക്സിന്റെ ആദ്യഡോസ് എടുത്തുകഴിഞ്ഞിരിക്കുന്നു. രണ്ട് ഡോസും പൂർത്തിയാക്കിയവർ 44.96% (1,11,26,705) ആണ്. വാക്സിൻ എടുത്തവരിലും രോഗം വരുന്നു എന്ന ന്യായം പറഞ്ഞുകൊണ്ട് വാക്സിൻ എടുക്കാതിരിക്കുന്നത് മണ്ടത്തരമാണ്. രോഗം വരുന്നത് തടയുന്നതിനെക്കാൾ, വാക്സിന്റെ പ്രധാനഗുണം ഗുരുതരാവസ്ഥയും മരണവും തടയുവാനുള്ള അതിന്റെ കഴിവിലാണ്. എത്രയും പെട്ടെന്ന് കൊവിഡ് 19 വാക്സിന്റെ രണ്ട് ഡോസും സ്വീകരിച്ച് സുരക്ഷിതരാവുക എന്നതാണ് ഈ ഘട്ടത്തിൽ നമുക്ക് സ്വീകരിക്കുവാനുള്ള ഏറ്റവും ഫലപ്രദമായ പ്രതിരോധ നടപടി.

## കൊവിഡ് മരണങ്ങൾ പൂർണ്ണമായും തടയുക എന്ന ലക്ഷ്യം

കൊവിഡിന്റെ വ്യാപനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടൊപ്പം തന്നെ രോഗവ്യാപനത്തിന്റെ ഈ സവിശേഷഘട്ടത്തിൽ നമ്മുടെ മുഴുവൻ ശ്രദ്ധയും നല്കേണ്ടത്, കൊവിഡ് മൂലമുള്ള മരണങ്ങൾ കഴിവതും ഒഴിവാക്കുന്നതിലാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം വാക്സിനേഷൻ തന്നെയാണ്. വ്യാപനത്തോത് കുറച്ച് നിർത്തികൊണ്ട് ആശുപത്രി സൗകര്യങ്ങളുടെ ലഭ്യത ഉറപ്പാക്കുകയാണ് രണ്ടാമത്തെ മാർഗ്ഗം. മുതിർന്നവരെയും, അനുബന്ധരോഗമുള്ളവരെയും പ്രത്യേകം കരുതുകയും യഥാസമയം ആശുപത്രി ചികിത്സ ലഭ്യമാക്കുകയും ചെയ്യുക എന്നത് പരമപ്രധാനമാണ്.

കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിൽ ജൂൺ മുതൽ സെപ്റ്റംബർ വരെ കാലയളവിലുണ്ടായ 9195 കൊവിഡ് മരണങ്ങളെ അപഗ്രഥിച്ചുകൊണ്ട് ആരോഗ്യവകുപ്പ് ഒരു Technical paper പ്രസിദ്ധീകരിക്കുകയുണ്ടായി. കേരളത്തിന്റെ കൊവിഡ് മരണനിരക്ക് മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ് (0.54%) എന്നത് കണക്കുകളുടെ അടിസ്ഥാനത്തിൽ നമുക്ക് ഉറപ്പിച്ച് പറയാം. മേൽപ്പറഞ്ഞ റിപ്പോർട്ട് പ്രകാരം കൊവിഡിനാൽ മരണമടഞ്ഞവരിൽ 53.5% പുരുഷന്മാരും, 46.5% സ്ത്രീകളുമാണ്. മരണങ്ങളിൽ 27.9% ഉണ്ടായിരിക്കുന്നത് 61-70 വയസ്സിനിടയിലുള്ളവരിലാണ്. 26.5% മരണങ്ങൾ 71-80 വയസ്സിലുള്ളവരിലും, 16.35% 51-60 വയസ്സിനിടയിലുമാണ് സംഭവിച്ചിരിക്കുന്നത്.

14.9%, 81-90 വയസ്സിൽ 2.8%, 31-40 വയസ്സിൽ 2.7% മരണങ്ങൾ 90 വയസ്സിനുമുകളിൽ എന്നിങ്ങനെയാണ് കണക്ക്. ചെറുപ്പക്കാരിലും കുട്ടികളിലും മരണനിരക്ക് തീരെ കുറവാണ്. 21-30, 11-20, 0-10 ഈ വയസ്സുകളിൽ ആകെ കൊവിഡ് മരണങ്ങളുടെ നിരക്ക് 0.81%, 1.2%, 0.16% എന്നിങ്ങനെയാണ് യഥാക്രമം ഉണ്ടായിരിക്കുന്നത്.

കൊവിഡ് മരണങ്ങളിൽ 92.82% മരണങ്ങളും ആശുപത്രികളിൽ വച്ചും 5.59% വീടുകളിലും ബാക്കിയുള്ളവ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴിയിലുമാണ് സംഭവിച്ചിരിക്കുന്നത്. മരണമടഞ്ഞവരിൽ 54% ആളുകളും പ്രമേഹബാധിതരുമായിരുന്നു. അവരിൽ 31% ആളുകൾക്കും രക്താതിമർദ്ദം (Hypertension) ഉണ്ടായിരുന്നു. ഹൃദ്രോഗം (12%), വൃക്കരോഗം (8.19%) ശ്വാസകോശരോഗം (4.14%), പക്ഷാഘാതം (2.73%) കരൾരോഗം (1.25%) എന്നീ അനുബന്ധരോഗങ്ങളും മരണപ്പെട്ടവരിലുണ്ടായിരുന്നു.

മരണപ്പെട്ടവരിൽ 90% രോഗികളും കൊവിഡ് വാക്സിൻ എടുക്കാത്തവരായിരുന്നു. 7.38% ആളുകൾ ഒരു ഡോസ് കുത്തിവയ്പ്പ് എടുത്തവരും 2.46% മാത്രം രണ്ട് ഡോസ് കൊവിഡ് വാക്സിൻ എടുത്തവരുമായിരുന്നു.

മരണപ്പെട്ടവരിൽ 30.44% ആളുകളും വൈകിയാണ് ആശുപത്രിയിൽ ചികിത്സ തേടിയത്. 80% മരണങ്ങളും ICU വിൽ ചികിത്സയിലുള്ളവർക്കാണ് സംഭവിച്ചത്. ആശുപത്രിപ്രവേശനം മുതൽ മരണം വരെയുള്ള കാലയളവിന്റെ ശരാശരി ദൈർഘ്യം 8.26 ദിവസങ്ങളാണ്.

ഈ കണക്കുകൾ നമുക്ക് മനസ്സിലാക്കി തരുന്നത് മരണനിരക്ക് തടയുവാനുള്ള പ്രധാനമാർഗ്ഗങ്ങളാണ്. ഏറ്റവും പ്രധാനം കൊവിഡ് വാക്സിൻ എടുക്കുക എന്നതാണ്. മരണമടഞ്ഞവരിൽ Second dose Vaccine എടുത്തവർ മൂന്ന് ശതമാനത്തിൽ താഴെയാണ്. വീട്ടുചികിത്സയിൽ കഴിയുന്നവർ സ്വയം നിരീക്ഷിക്കുകയും അപകടലക്ഷണങ്ങൾ കണ്ടാൽ ഉടൻതന്നെ ആശുപത്രിയിൽ ചികിത്സതേടുകയും ചെയ്യുക എന്നതാണ് രണ്ടാമത്തെ മാർഗ്ഗം. അനിയന്ത്രിതമായ പ്രമേഹം, മറ്റ് അനുബന്ധരോഗങ്ങൾ ഇവ ഉള്ളവർ കഴിവതും പ്രാരംഭഘട്ടത്തിൽതന്നെ ആശുപത്രിയിൽ ചികിത്സ തേടണം. ജീവിതശൈലീ രോഗങ്ങളെ നിയന്ത്രണത്തിൽ നിർത്തുകയും അനുബന്ധരോഗങ്ങൾക്ക് മതിയായ ചികിത്സ എടുക്കുകയും ചെയ്യുകയും, ആരോഗ്യവാന്മാരായി ഇരിക്കുന്നതിന്റെ പ്രസക്തി കൊവിഡ് മരണകണക്കുകൾ നമ്മളെ ഓർമ്മപ്പെടുത്തുന്നു.

☐

*ലേഖിക തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസറാണ്.*




# പതിനാലാം പദ്ധതി

## പ്രാദേശികാസൂത്രണത്തിനായി ചില സൂചകങ്ങൾ

■ **ഹുസൈൻ എം. മിന്നത്ത്**

കേരളത്തിന്റെ പതിനാലാം പദ്ധതി 2022, ഏപ്രിൽ 1 ന് ആരംഭിക്കുവാനുള്ള മുന്നൊരുക്കങ്ങൾക്ക് സംസ്ഥാന സർക്കാർ തുടക്കമിട്ട് കഴിഞ്ഞിരിക്കുന്നു. ജനകീയാസൂത്രണം ആരംഭിച്ച കഴിഞ്ഞ കാൽനൂറ്റാണ്ട് കാലത്തെ അനുഭവങ്ങളിൽ നിന്നും പഠിച്ച പുതിയപാഠങ്ങൾ ഉൾക്കൊണ്ട് വേണം ഇനി മുന്നോട്ട് നീങ്ങേണ്ടത്. പതിനാലാം പദ്ധതിയിൽ ഓരോ പ്രാദേശിക സർക്കാരുകളും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന വികസന കാഴ്ചപ്പാടുകളുടെയും സമീപനങ്ങളുടെയും ചട്ടക്കൂടിന് രൂപം നൽകേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ 14-ാം പദ്ധതിയിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു വികസന റിപ്പോർട്ടിന് (Development Report) രൂപം നൽകേണ്ടതായിട്ടുമുണ്ട്. ഒപ്പം കഴിഞ്ഞ 25 വർഷക്കാലത്തെ ഓരോ പ്രാദേശിക സർക്കാരിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്ന അവസ്ഥാരേഖയും (Status Report) തദ്ദേശസ്ഥാപനങ്ങൾ ഇതോടൊപ്പം തയ്യാറാക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിലെ വികസന വെല്ലുവിളികളും വികസനവിടവുകളും വരും കാലനാളുകളിലെ വികസനലക്ഷ്യങ്ങളും ഈ റിപ്പോർട്ടുകളുടെ ഭാഗമാക്കേണ്ടതായിട്ടുണ്ട്.

പ്രാദേശികഭരണ സംവിധാനത്തിന്റെ മികച്ച മാതൃകകളായി ഓരോ പ്രാദേശിക സർക്കാരുകളും രൂപാന്തരം പ്രാപിക്കുമ്പോൾ അനുദിനം മാറുന്ന സാഹചര്യങ്ങൾക്കും കാലഘട്ടത്തിനും അനുസരിച്ച് ഉയർന്ന് വരുന്ന പുതിയ പുതിയ വെല്ലുവിളികൾ പരിഹരിക്കാൻ ആവശ്യമായ തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട തലത്തിലേക്ക് നമ്മുടെ തദ്ദേശസ്വയംഭരണ സർക്കാരുകൾ മാറേണ്ടതായിട്ടുണ്ട്. പ്രാദേശിക അസമത്വം, പ്രാദേശിക സാമ്പത്തിക വികസനം, ലിംഗ നിഷ്പക്ഷത, പാർശ്വവൽക്കൃത വിഭാഗങ്ങളുടെ ജീവിതനിലവാരം, വർദ്ധിത തൊഴിലില്ലായ്മ, കൃഷി, വ്യവസായം, ചെറുകിട-കുടിൽ സംരംഭങ്ങൾ തുടങ്ങിയ മേഖലകളിലെ ഉൽപാദനക്ഷമത, മാലിന്യ സംസ്കരണം, നഗരവൽക്കരണം, പാർപ്പിടം , പൊതുജനങ്ങൾക്ക് നൽകുന്ന സേവനത്തിന്റെ ഗുണനിലവാരം, വനിതകൾ, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ എന്നിവരുടെ ക്ഷേമം, വിവിധ പദ്ധതിക



ളിലെ സംയോജന സാധ്യതകൾ, സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശിക വൽക്കരണം തുടങ്ങി ഒട്ടനവധി മേഖല കളിൽ കാര്യമായ രീതിയിൽ പ്രാദേശിക സർക്കാരുകളുടെ ശ്രദ്ധ ഇനിയും ചെന്നെ ത്തേണ്ടതായിട്ടുണ്ട് എന്നത് യഥാർത്ഥ വസ്തുതയാണ്.

## ആസൂത്രണവും സ്ഥിതിവിവരങ്ങളും

ആസൂത്രണ പ്രക്രിയയിൽ സ്ഥിതിവിവ രക്കണക്കിന് നിർണ്ണായകമായ പങ്കാണ ുള്ളത്. വികസന ലക്ഷ്യങ്ങൾ കൃത്യമായി പദ്ധതികളും പരിപാടികളുമായി മാറ്റണ മെങ്കിൽ ലഭ്യമായ വിവരങ്ങൾ വിലയി രുത്തപ്പെടേണ്ടതായിട്ടും അവലോകനം ചെയ്യേണ്ടതായിട്ടുമുണ്ട്. യഥാർത്ഥത്തിൽ പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന അതിശക്തമായ ഒരു പ്രാദേശിക സ്ഥിതിവിവരകണക്ക് സംവിധാനം എല്ലാ പ്രാദേശിക സർക്കാ രുകളും രൂപപ്പെടുത്തേണ്ടതായിട്ടുണ്ട്. പദ്ധതികളുടെ ഗുണനിലവാരം മാത്രമല്ല അതിന്റെ നേട്ടവും, വ്യാപ്തിയും കൂടുതൽ വിശാലമായ തലത്തിൽ വർദ്ധിപ്പിക്കുവാൻ ഇത് സഹായിക്കും എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. പതിനാലാം പദ്ധതിയുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കും ആസൂ ത്രണത്തിനും ഓരോ പ്രാദേശിക സർക്കാ രുകൾക്കും ഉപയോഗിക്കാവുന്ന നിലവിൽ ലഭ്യമായിട്ടുള്ള സ്ഥിതി വിവരക്കണക്കുക ളുടെ മാർഗ്ഗങ്ങൾ (Data Sources) താഴെ ക്രോഡീകരിക്കുന്നു.

### 1. BSLLD (Basic Statistics for Local Level Development )

73,74 ഭരണഘടനാ ഭേദഗതിയോടെ പ്രാദേശിക വികസനത്തിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ പദ്ധതികൾക്ക് രൂപം നൽകുകയും, അവ നിർവ്വഹണം നടത്തുകയും ചെയ്യുമ്പോൾ പ്രാദേശിക വിവരങ്ങൾ അത്യാവശ്യമാണെന്ന് തിരി ച്ചറിഞ്ഞ ഡോ. ആർ. രംഗരാജൻ ചെയർ മാനായുള്ള സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ഓഫ് ഇന്ത്യയാണ് പ്രാദേശിക വികസ നത്തിൽ അടിസ്ഥാന വിവരങ്ങളുടെ പ്രാധാന്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വന്നത്. തുടർന്ന് കേന്ദ്രസർക്കാർ ലോകബാങ്ക് സഹായത്തോടെ നടപ്പിലാ ക്കുന്ന ഇന്ത്യ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത നിംഗ് പ്രോജക്റ്റിന്റെ (ISSP) ഭാഗമായിട്ടാണ് സംസ്ഥാന സർക്കാർ BSLLD ക്ക് രൂപം നൽകിയിട്ടുള്ളത്. സാമ്പത്തിക സ്ഥിതിവി വരകണക്ക് വകുപ്പ് തയ്യാറാക്കുന്ന BSSLD യിൽ സംസ്ഥാനത്തെ ഓരോ പ്രാദേശിക സർക്കാർ തലത്തിലെയും അടിസ്ഥാന വിവരങ്ങൾ ഈ വെബ്സൈറ്റ് വഴി ലഭിക്കും. 2019-20 വരെയുള്ള വിവരങ്ങൾ ഈ സൈറ്റിൽ അപ്ഡേറ്റ് ചെയ്തിട്ടുമുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് സ്റ്റാറ്റസ്, വികസന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതി നും പദ്ധതി ആസൂത്രണം ചെയ്യുന്നതിനായും കൃത്യമായ പ്രാദേശിക വിവരങ്ങൾക്ക് ആശ്ര യിക്കാവുന്നതാണ്. വെബ് സൈറ്റ് (www. ecostat.kerala.gov.in)

### 2. മിഷൻ അന്ത്യോദയ സർവ്വെ -2020

അടിസ്ഥാന വികസനം, മാനവ വികസനം, സാമൂഹ്യ വികസനം എന്നിവ യുടെ അടിസ്ഥാനത്തിൽ രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് മിഷൻ അന്ത്യോദയ സർവ്വേ - 2020 വഴി വിവരശേ ഖരണം നടത്തുകയും അതിന്റെ അടിസ്ഥാ നത്തിൽ പഞ്ചായത്തുകളെ റാങ്കിംഗ് ചെയ്തി ട്ടുമുണ്ട്. ഭരണഘടനയുടെ 11-ാം പട്ടികയിൽ പ്രതിപാദിക്കുന്ന 29 വിഷയങ്ങളിൽ ഗ്രാമ പഞ്ചായത്തുകളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങളും ആരോഗ്യപോഷകാഹാരം, സാമൂഹ്യ സുരക്ഷിതത്വം, ജലപരിപാലനം, കൃഷിയും ജീവനോപാധികളും, ഗവേണൻസ് എന്നീ

മേഖലയുമായി ബന്ധപ്പെട്ട് പ്രാദേശിക ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾ വഴി ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങളും ഇവിടെ ലഭ്യമാണ്. 2021-22 മുതൽ കേന്ദ്രധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകൾ വികസനപദ്ധതികൾ (GPDP) തയ്യാറാക്കുമ്പോൾ, പ്രാദേശിക വികസന വിടവുകൾ നികത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കേണ്ടത് ഈ സർവ്വേയുടെ അടിസ്ഥാനത്തിലാവണം എന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 14-ാം പദ്ധതിയുടെ ഭാഗമായി മുന്നൊരുക്കം നടത്തുമ്പോൾ സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകൾക്ക് ഏറെ ഉപകാരപ്പെടുന്ന വിവരശേഖരം തന്നെയാണിത്. വെബ് സൈറ്റ് : missionantyodaya.nic.in

**3. സാമൂഹിക- സാമ്പത്തിക ജാതി സെൻസസ് (SECC) - 2011**

സാമൂഹിക സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ രാജ്യത്തെ കുടുംബങ്ങളെ റാങ്ക് ചെയ്യുക എന്ന ലക്ഷ്യത്തോടെ ഭാരത സർക്കാർ (കേന്ദ്ര ഗ്രാമമന്ത്രാലയം) 2011-ൽ നടത്തിയ സെൻസസാണിത്. ദാരിദ്ര്യത്തിന് വളരെ വിശാലവും പരിവർത്തനാത്മകവുമായ നിർവ്വചനം നൽകുന്നതിനാൽ SECC-ന് ഇന്നും വലിയ പ്രാധാന്യമുണ്ട്. ഏഴ് മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് SECC ഇല്ലായ്മയുടെ സൂചിക (deprivation Index) നിർണ്ണയിച്ചിരിക്കുന്നത്. പതിനാലാം പദ്ധതിയിൽ പരമദാരിദ്ര്യാവസ്ഥയിലുള്ള കുടുംബങ്ങളെ ഓരോന്നായെടുത്ത് അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കി അവ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ സൂക്ഷ്മതലത്തിൽ നടത്തുവാൻ സർക്കാർ ലക്ഷ്യംവയ്ക്കുമ്പോൾ SECC-ലെ വിവരങ്ങൾ ഏറെ പ്രാധാന്യം അർഹിക്കുന്നവയാണ്. വെബ് സൈറ്റ്: https//rural.nic.in

**4. ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് റൗണ്ട് സർവ്വേ - 2020**

ജനകീയാസൂത്രണം ആരംഭിച്ച് കാൽ നൂറ്റാണ്ട് പിന്നിട്ടെങ്കിലും നാളിതുവരെ പ്രാദേശിക സർക്കാരുകൾ നടപ്പാക്കിയ പദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതിക നേട്ടങ്ങളെയും കുറിച്ചുള്ള സ്ഥിതിവിവരകണക്കുകൾ ലഭിക്കുന്നതിന് കൃത്യമായ ഒരു സംവിധാനം ഇല്ലാത്തതും ഈ വിവരങ്ങൾ പ്രാദേശിക സർക്കാരുകളെ സംബന്ധിച്ചിടത്തോളം തുടർപദ്ധതി രൂപീകരണത്തിനുള്ള അടിസ്ഥാന വിവരങ്ങൾ കൂടിയാണെന്നുള്ള തിരിച്ചറിവാണ് 2020-ൽ സംസ്ഥാന ആസൂത്രണ ബോർഡും സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പും ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് റൗണ്ട് സർവ്വേക്ക് തുടക്കമിടാൻ കാരണമായത്. പ്രാദേശിക സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതിക നേട്ടങ്ങളെയും കുറിച്ചുള്ള വിവരശേഖരണ പരിപാടിയാണിത്. ഈ സീരിസിലെ ആദ്യ റൗണ്ട് സർവ്വേയിൽ 2015 മുതൽ 2020 വരെയുള്ള അഞ്ചുവർഷക്കാലം അധികാരത്തിലിരുന്ന പ്രാദേശിക സർക്കാർ ഭരണസമിതികൾ ഏറ്റെടുത്ത് നടത്തിയ പദ്ധതികളെ സംബന്ധിച്ചും അവയുടെ ഫലപ്രാപ്തിയും ഭൗതിക നേട്ടങ്ങളും സംബന്ധിച്ചുമുള്ള സ്ഥിതിവിവരകണക്കുകളാണ് ലഭിക്കുക. സർവ്വേയിലൂടെ ലഭിക്കുന്ന തിരിച്ചറിവുകളും, അനുഭവപാഠങ്ങളും, മാതൃകയാക്കാവുന്ന പദ്ധതികളുടെ വിവരങ്ങളും പ്രാദേശിക സർക്കാരുകൾക്ക് പുതിയ തലത്തിൽ പദ്ധതികളെ നോക്കിക്കാണുവാനും, രൂപീകരിക്കുവാനും, നടപ്പിലാക്കാനും വികസനത്തിന് പുതിയ ദിശ തന്നെ നൽകുവാനും സഹായിക്കും. മാത്രവുമല്ല പതിനാലാം പദ്ധതിക്കാലയളവിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ ഗുണനിലവാരവും ഫലപ്രാപ്തിയും വർദ്ധിപ്പിക്കാൻ ആവശ്യമായ പരിജ്ഞാനവും ലഭിക്കും എന്നത് കൊണ്ടുതന്നെ ഈ സർവ്വെ പ്രാധാന്യമർഹിക്കുന്നു.

വെബ് സൈറ്റ്: dcproundsurvey.kerala.gov.in




**പ്രാദേശികഭരണ സംവിധാനത്തിന്റെ മികച്ച മാതൃകകളായി ഓരോ പ്രാദേശിക സർക്കാരുകളും രൂപാന്തരം പ്രാപിക്കുമ്പോൾ അനുദിനം മാറുന്ന സാഹചര്യങ്ങൾക്കും കാലഘട്ടത്തിനും അനുസരിച്ച് ഉയർന്ന് വരുന്ന പുതിയ പുതിയ വെല്ലുവിളികൾ പരിഹരിക്കാൻ ആവശ്യമായ തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട തലത്തിലേക്ക് നമ്മുടെ തദ്ദേശസ്വയംഭരണ സർക്കാരുകൾ മാറേണ്ടതായിട്ടുണ്ട്.**

**5. ഈസ് ഓഫ് ലിവിംഗ് സർവ്വേ - 2020**

SECC-2011 ലെ സാമൂഹിക സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ ഗ്രാമീണ കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യം വച്ച് കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകൾ, പദ്ധതികൾ എന്നിവ ഗ്രാമീണ മേഖലയിൽ നടത്തിയ ഇടപെടലുകൾ വഴി ഇല്ലായ്മയുടെ സൂചികയുടെ തോതിൽ ഉണ്ടായ മാറ്റങ്ങൾ വിലയിരുത്തപ്പെടുക എന്നതാണ് ഈസ് ഓഫ് ലിവിംഗ് (EoL) സർവ്വേയിലൂടെ കേന്ദ്ര ഗ്രാമമന്ത്രാലയം ലക്ഷ്യംവച്ചത്. രാജ്യത്തെ ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ ധാരാളം തുക ചെലവഴിക്കുകയും, ജനങ്ങളുടെ ആവശ്യാധിഷ്ഠിതമായി ആസൂത്രണം നടത്തുകയും, സാമൂഹിക മൂലധനനിക്ഷേപം നടത്തുകയും, കാർഷിക, കാർഷികേതര മേഖലകളിൽ ഉപജീവന അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമുഖ ദാരിദ്ര്യത്താൽ വലയുന്ന ഗ്രാമീണ ജനതയുടെ ജീവിതനിലവാരം ഉയർത്തുന്നതിനുതകുന്ന ഒരു ഗ്രാമീണ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള ചില മുന്നൊരുക്കങ്ങൾ നടത്തുവാൻ ഈ സർവ്വെ പ്രാദേശിക സർക്കാരുകൾക്ക് ഏറെ പ്രയോജനപ്പെടും. ഈസ് ഓഫ് ലിവിംഗിന്റെ പ്രധാന ഘടകങ്ങളായി കണക്കാക്കുന്നത് പാർപ്പിടം, ശുചിത്വം, വൈദ്യുതി, ഊർജ്ജ ലഭ്യത, എൽ.പി.ജി. കണക്ഷൻ, ആരോഗ്യ ഇൻഷുറൻസ്, ദുർബല വിഭാഗങ്ങൾക്ക് പെൻഷൻ, വിദ്യാഭ്യാസം, ഭക്ഷ്യസുരക്ഷ, പൂരക പോഷകാഹാരം എന്നിവയാണ്. വെബ് സൈറ്റ് : https//eol.nic.in

**6. ജില്ലാ പദ്ധതികൾ (District Plans)**

ജില്ലകളിലെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഭരണഘടനാ സമിതിയായ ജില്ലാ പ്ലാനിംഗ് കമ്മറ്റികളുടെ (District Planning Committees) നേതൃത്വത്തിൽ എല്ലാ ജില്ലകളിലും സമഗ്ര വികസനത്തിന് ഒരു സംയോജിത സമീപനം സ്വീകരിച്ചുകൊണ്ട് 2018-ൽ ജില്ലാ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. പ്രാദേശികവും, ധനപരവും, വകുപ്പുതലത്തിലുമുള്ള വികസന സാദ്ധ്യതകളും ബഹുതല ആസൂത്രണസാധ്യതകളും സമന്വയിപ്പിച്ച് കൊണ്ടുള്ള സമഗ്രമായ ഒരു വികസന കാഴ്ചപ്പാടാണ് ഓരോ ജില്ലാ പദ്ധതിയും മുന്നോട്ട് വയ്ക്കുന്നത്. വിവിധതലത്തിലുള്ള പ്രാദേശിക സർക്കാരുകളുടെയും വകുപ്പുകളുടെയും വിവിധ പദ്ധതികളുടെ സംയോജനം പ്രോത്സാഹിപ്പിക്കുവാനും പുതിയ വികസന സാധ്യതകൾ നിർവ്വഹണയോഗ്യമാക്കുന്നതിനും ജില്ലാ പദ്ധതികൾ ലക്ഷ്യംവയ്ക്കുന്നു. ജില്ലാ പദ്ധതി മുന്നോട്ടുവയ്ക്കുന്ന വികസന സംയോജന ഏകോപന സാധ്യതകളും മേൽതട്ട് കീഴ്ത്തട്ട് നിർദ്ദേശങ്ങളും പതിനാലാം പദ്ധതി രൂപീകരണത്തിൽ പ്രാദേശിക സർക്കാരുകൾക്ക് റഫർ ചെയ്യാനുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു രേഖ തന്നെയായിരിക്കും.

**പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന അതിശക്തമായ ഒരു പ്രാദേശിക സ്ഥിതിവിവരകണക്ക് സംവിധാനം എല്ലാ പ്രാദേശിക സർക്കാരുകളും രൂപപ്പെടുത്തേണ്ടതായിട്ടുണ്ട്. പദ്ധതികളുടെ ഗുണനിലവാരം മാത്രമല്ല അതിന്റെ നേട്ടവും, വ്യാപ്തിയും കൂടുതൽ വിശാലമായ തലത്തിൽ വർദ്ധിപ്പിക്കുവാൻ ഇത് സഹായിക്കും എന്ന കാര്യത്തിൽ ഒരു സംശയവുമില്ല.**

**7. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ സർവ്വേകൾ**

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രാദേശിക പദ്ധതികളിൽ നൽകുന്ന മുൻഗണന സംസ്ഥാനത്തെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രധാന പ്രത്യേകതകളിൽ ഒന്നാണ്. 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ പട്ടികജാതി ജനസംഖ്യ ആകെ ജനസംഖ്യയുടെ 9.10% ആണ്. എന്നാൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 9.81% തുകയാണ് പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനായി സംസ്ഥാന സർക്കാർ മാറ്റിവയ്ക്കുന്നത്. അതേ പോലെ ആകെ ജനസംഖ്യയുടെ 1.45% വരുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിനായി സംസ്ഥാന പദ്ധതിയുടെ 2.83% തുകയാണ് വകയിരുത്തുന്നത്. 2020-21-ൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ വികസനത്തിനായി പ്രാദേശിക സർക്കാരുകൾക്ക് യഥാക്രമം 1,487.39, 183.10 കോടി രൂപയും 2021-22-ൽ യഥാക്രമം 1,221.25, 183.10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ജനകീയാസൂത്രണം ആരംഭിച്ചിട്ട് 25 വർഷം പിന്നിട്ടെങ്കിലും ഈ വിഭാഗങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ വികസനവും ജീവനോപാധിയും സാധ്യമാക്കുന്ന പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യുന്നതിൽ പ്രാദേശിക സർക്കാർ ഇനിയും കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതായിട്ടുണ്ട് എന്നാണ് പല റിപ്പോർട്ടുകളും ചൂണ്ടിക്കാണിക്കുന്നത്. 2010-ൽ സംസ്ഥാനസർക്കാർ, പട്ടികജാതി സങ്കേതങ്ങളുടെയും കുടുംബങ്ങളുടെയും അടിസ്ഥാന വിവരശേഖരണ സർവ്വേ നടത്തുകയുണ്ടായി. അതേപോലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമ്പത്തിക സാമൂഹിക സർവ്വേ 2020-ലും നടത്തി റിപ്പോർട്ടുകൾ പുറത്തിറക്കിയിട്ടുണ്ട്. മേൽ വിഭാഗങ്ങളും വികസനവുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിൽ പ്രാദേശിക സർക്കാരുകൾക്ക് ഏറെ സഹായകരമായ വിവരങ്ങളായിരിക്കും ഈ രണ്ട് സർവ്വേ റിപ്പോർട്ടുകളും നൽകുക.

**8. വകുപ്പുതല സ്ഥിതിവിവരക്കണക്കുകൾ/റിപ്പോർട്ടുകൾ**

സ്റ്റാറ്റസ്/വികസന റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോഴും വിവിധ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോഴും ഏറെ സഹായകമായ വിവരങ്ങളാണ് ഓരോ വകുപ്പുകളും, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പും വർഷാവർഷം പ്രസിദ്ധീകരിക്കുന്ന വകുപ്പുതല സ്ഥിതിവിവര കണക്കുകളിൽ നിന്നും മറ്റ് വിവിധ റിപ്പോർട്ടുകളിൽ നിന്നും ലഭിക്കുക. സംസ്ഥാനത്തെ എല്ലാ വകുപ്പുകളും ജില്ലാ പ്രാദേശികതല പദ്ധതി വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നുണ്ട്. ഓരോ വകുപ്പും ഏറ്റെടുത്ത് നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ PLANSPACE എന്ന സോഫ്റ്റ്‌വെയറിൽ (www.planspace.kerala.gov.in) നിന്നും ലഭിക്കുന്നതുമാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കേന്ദ്ര, സംസ്ഥാന, പ്രാദേശിക തലത്തിൽ സംയോജനം സാദ്ധ്യമാക്കുന്നതിനും ഇരട്ടിപ്പുകൾ ഒഴിവാക്കുവാനും ഈ വിവരങ്ങൾ



ഏറെ സഹായകമാണ്. പ്രാദേശിക സർക്കാരുകളുടെ പദ്ധതി രൂപീകരണ മോണിറ്ററിംഗ് സോഫ്റ്റ്‌വെയർ sulekha യും (https//plan.Isgkerala.gov.in ) പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ഒട്ടനവധി വിവരങ്ങൾക്ക് പ്രാദേശിക സർക്കാരുകൾക്ക് ആശ്രയിക്കാവുന്ന ഒന്നാണ്.

### 9. മറ്റ് സ്ഥിതിവിവര സാധ്യതകൾ

മേൽ പ്രതിപാദിച്ചിട്ടുള്ള സ്ഥിതിവിവര സാധ്യതകൾക്ക് പുറമേ ഓരോ പ്രാദേശിക സർക്കാരുകളും ഒമ്പതാം പദ്ധതി മുതൽ ഇങ്ങോട്ട് ഓരോ പദ്ധതി ആരംഭ കാലത്ത് തയ്യാറാക്കിയ വികസന റിപ്പോർട്ടുകൾ, സ്റ്റാറ്റസ് റിപ്പോർട്ടുകൾ, വാർഷിക പദ്ധതികൾ, പ്രാദേശിക തലത്തിൽ നടത്തിയിട്ടുള്ള പഠനങ്ങൾ എന്നിവയും ആസൂത്രണ പ്രക്രിയയിൽ പ്രയോജനപ്പെടുത്താം. ഇതിനും പുറമേ അംഗപരിമിതരുടെ സർവ്വെ ( 2015) അടക്കം നിരവധി സർവ്വെകളും റിപ്പോർട്ടുകളും പ്രാദേശിക ആസൂത്രണത്തിന് സഹായകരമാം വിധം ഇന്ന് ലഭ്യമാണ്.

ജനകീയാസൂത്രണം കാൽനൂറ്റാണ്ട് പിന്നിട്ട് ഇന്ന് രണ്ടാം ഘട്ടത്തിലേക്ക് കടക്കുകയാണ്. സംസ്ഥാനം നാളിതുവരെ മാനവ വികസനത്തിലും വികേന്ദ്രീകൃത ജനാധിപത്യ ഭരണനിർവ്വഹണത്തിലും നടത്തിയ അടയാളപ്പെടുത്തലുകളും, നേട്ടങ്ങളും സുസ്ഥിരമായി നിലനിർത്തിക്കൊണ്ട് തന്നെ വേണം പുതിയ കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ സാധിക്കുന്ന രീതിയിൽ ഈ വികസന മാതൃകയെ മുന്നോട്ടുകൊണ്ട് പോകാൻ. ദ്രുതഗതിയിൽ മാറ്റങ്ങൾ സംഭവിക്കുന്ന ആഗോളവൽകൃത ലോകത്തിന്റെ ഭാഗമായി നാം മാറുമ്പോൾ ആഗോള നിലവാരത്തിലുള്ള സ്ഥാപനങ്ങളായി നമ്മുടെ പ്രാദേശിക സർക്കാരുകളും മാറുന്ന തലത്തിലേക്കുള്ള ചില വികസന സമീപനങ്ങളും, കാഴ്ചപ്പാടുകളും, തന്ത്രങ്ങളും പ്രാദേശിക സർക്കാരുകൾ അവരുടെ പദ്ധതി രൂപീകരണത്തിലും, നിർവ്വഹണത്തിലും, മോണിറ്ററിംഗിലും സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ശക്തമായ ഒരു പ്രാദേശിക സ്ഥിതിവിവര കണക്ക് സംവിധാനത്തിന്റെ സാന്നിധ്യം അതിന് അനിവാര്യം തന്നെയാണ്. എങ്കിൽ മാത്രമേ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും സമ്പൂർണ്ണ പരിവർത്തനം സാദ്ധ്യമാക്കുന്നതിനുമുള്ള കേന്ദ്രബിന്ദുക്കളായി നമ്മുടെ പ്രാദേശിക സർക്കാരുകൾ മാറുകയുള്ളൂ. അത്തരം ചില ഉറച്ച കാൽവയ്പ്പുകളാണ് 14-ാം പദ്ധതിയിൽ രൂപകൽപ്പന ചെയ്യേണ്ടത്.

ദ്രുതഗതിയിൽ മാറ്റങ്ങൾ സംഭവിക്കുന്ന ആഗോളവൽകൃത ലോകത്തിന്റെ ഭാഗമായി നാം മാറുമ്പോൾ ആഗോള നിലവാരത്തിലുള്ള സ്ഥാപനങ്ങളായി നമ്മുടെ പ്രാദേശിക സർക്കാരുകളും മാറുന്ന തലത്തിലേക്കുള്ള ചില വികസന സമീപനങ്ങളും, കാഴ്ചപ്പാടുകളും, തന്ത്രങ്ങളും പ്രാദേശിക സർക്കാരുകൾ അവരുടെ പദ്ധതി രൂപീകരണത്തിലും, നിർവ്വഹണത്തിലും, മോണിറ്ററിംഗിലും സ്വീകരിക്കേണ്ടതായിട്ടുണ്ട്.

*ലേഖകൻ സംസ്ഥാന ആസൂത്രണ ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്.*



## പ്രാദേശിക സാമ്പത്തികവികസനം ലക്ഷ്യമിട്ട്

# മൃഗസംരക്ഷണ വകുപ്പ്

സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 3.33% സംഭാവന ചെയ്യുന്നത് മൃഗസംരക്ഷണ മേഖലയാണ്. ഇത് മൊത്തം കാർഷിക ആഭ്യന്തര ഉല്പാദനത്തിന്റെ 29.18% ആണ്. മൃഗസംരക്ഷണ മേഖലയെന്നത് കേവലം ദാരിദ്ര്യ നിർമ്മാർജ്ജനോപാധിയെന്ന നിലയിൽ നിന്നും ഭക്ഷ്യ സുരക്ഷ, തൊഴിൽ, വരുമാനം എന്നിവ പ്രദാനം ചെയ്യുന്ന ഒന്നായി നമ്മുടെ സംസ്ഥാനത്ത് മാറിയിട്ടുണ്ട്.

ഏതാനും വർഷങ്ങളായി വൻതിരിച്ചടികളും വൻപ്രതിസന്ധികളും പല മേഖലയെയുംപോലെ മൃഗസംരക്ഷണ മേഖലയ്ക്കും നേരിടേണ്ടി വന്നു. കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ പ്രളയവും ഇപ്പോൾ വ്യാപിച്ചു കൊണ്ടിരിക്കുന്ന കൊവിഡ്-19 രോഗവുമെല്ലാം നമ്മുടെ കാർഷിക മൃഗപരിപാലന മേഖലകളെയും നേരിട്ട് ബാധിക്കുകയാണ്. കാർഷികമേഖല കേരളത്തിൽ ഒട്ടനവധി പ്രതിസന്ധികളേയും തിരിച്ചടികളേയും നേരിടുന്ന ഈ കാലഘട്ടത്തിലും മൃഗസംരക്ഷണമേഖല വളർച്ചയിലൂടെയാണ് മുന്നോട്ടുപോകുന്നത്. മൃഗസംരക്ഷണമേഖലയിലെ വികസന പദ്ധതികൾ ഫലപ്രാപ്തിയിലേക്കാണെന്ന് തെളിയിക്കുന്നതാണ് ഇരുപതാം കന്നുകാലി സെൻസസിലെ പക്ഷിമൃഗാദികളുടെ വർദ്ധനവ് സൂചിപ്പിക്കുന്നത്.

വരുമാനം നിലച്ച വിദേശങ്ങളിൽ നിന്നും അയൽസംസ്ഥാനങ്ങളിൽ നിന്നും സ്വന്തം നാട്ടിലേക്ക് തിരിച്ചെത്തുകയാണ് മലയാളികളും. ഇത്തരത്തിൽ പ്രതിസന്ധി നേരിടുന്ന ജനവിഭാഗങ്ങൾ പലരും ഇന്ന് മൃഗസംരക്ഷണമേഖലയിലെ പ്രവർത്തനങ്ങളിലേക്ക് തിരിയുകയാണ്. താരതമ്യേന കുറഞ്ഞ മുതൽമുടക്ക് എന്നതാണ് മൃഗസംരക്ഷണമേഖലയെ വേറിട്ട് നിറുത്തുന്നത്.

### വകുപ്പിന്റെ ലക്ഷ്യങ്ങൾ

- കേരളത്തിലെ കന്നുകാലി/വളർത്തുപക്ഷി സമ്പത്തിന്റെ ആരോഗ്യസംരക്ഷണം.
- കന്നുകാലി വർഗ്ഗോദ്ധാരണ പരിപാടികൾ
- ഭക്ഷ്യ- ഉൽപ്പന്നങ്ങളായ പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപാദന വർദ്ധനവ്
- രോഗപ്രതിരോധവും ചികിത്സാ സൗകര്യവും മെച്ചപ്പെടുത്തുക
- വിജ്ഞാനവ്യാപന പരിശീലന സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും ബഹുജനപങ്കാളിത്തത്തിന്റെ അടിത്തറയിൽ ജനകീയാസൂത്രണ പ്രക്രിയയിൽ കൂടി സാധാരണ ജനങ്ങൾക്ക് മൃഗപരിപാലനത്തെക്കുറിച്ചുള്ള ശാസ്ത്രീയ പരിജ്ഞാനം

ലഭ്യമാക്കുന്നതിനും ഉൽപാദന ക്ഷമത കൈവരിക്കുന്നതിനും, തൊഴിലവസരങ്ങളും സർവ്വോപരി മൃഗസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമുള്ള വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക.

- ജന്തുജന്യരോഗ നിയന്ത്രണത്തിലൂടെ പൊതു ജനരോഗ്യസംരക്ഷണം ഉറപ്പു വരുത്തുക

## പ്രധാന പദ്ധതികൾ


### പ്രതിരോധ കുത്തിവയ്പ്പ് തീവ്രയജ്ഞങ്ങൾ

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് (ADCP) ആണ് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. വർഷം തോറും രണ്ട് തവണവീതം സംഘടിപ്പിക്കുന്ന ഭവനസന്ദർശനം വഴി സംസ്ഥാനത്തെ മുഴവൻ കന്നുകാലികൾക്കും കുളമ്പുരോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്ന ഗോരക്ഷാ പദ്ധതിയാണ് ഇതിൽ പ്രധാനം. കൂടാതെ ആട് വസന്ത, കോഴി - താറാവ് രോഗങ്ങൾ എന്നിവയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പുകളും എ.ഡി.സി.പി സംഘടിപ്പിക്കുന്നു.

### കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)

കന്നുകാലികൾക്കും ക്ഷീരകർഷകർക്കും മൃഗസംരക്ഷണ വകുപ്പ് മുഖേന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിലൂടെ പരിരക്ഷ ഉറപ്പാക്കുന്നു. ഇന്ന് സംസ്ഥാനത്ത് ലഭ്യമായ കന്നുകാലി ഇൻഷ്വറൻസ് പദ്ധതികളിൽ വച്ച് ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്ക് എന്നതാണ് ഈ പദ്ധതിയുടെ ആകർഷണം .

- ഉരുക്കളുടെ മരണത്തിനും (death) ഉത്പാദന പ്രത്യുത്പാദനക്ഷമതാ നഷ്ടത്തിനുമുള്ള (PTD) പരിരക്ഷയാണ് പ്രസ്തുത പദ്ധതി മുഖേന നൽകുന്നത് .
- ഒരു വർഷം, മൂന്ന് വർഷം എന്നീ കാലയളവുകളിലേയ്ക്ക് പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണ് .
- സമയബന്ധിതമായി നഷ്ടപരിഹാര തുക (claim amount) കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നു.
- ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50% വും എസ്.സി/എസ്.ടി. വിഭാഗത്തിന് 70% വും പദ്ധതി പ്രകാരം സബ്സിഡി നൽകും.



| 65000 രൂപ വിലയുള്ള പശുവിന് | | | | കർഷകന് 5 ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ് |
|---|---|---|---|---|
| | കർഷകൻ നൽകേണ്ട പ്രീമിയം നിരക്ക് | ജനറൽ വിഭാഗം (രൂപ) | എസ്.സി എസ്.ടി വിഭാഗം രൂപ) | ജനറൽ/എസ്.സി / എസ്.ടി വിഭാഗം (രൂപ) |
| 1 വർഷം | 0.975% | 635 | 381 | 50 |
| 3 വർഷം | 2.425% | 1577 | 947 | 150 |

- ജനറൽ വിഭാഗത്തിന് 65,000 രൂപ വിലയിലുള്ള പശുവിനെ ഒരു വർഷത്തേയ്ക്ക് ഇൻഷ്വർ ചെയ്യുവാൻ 635 രൂപയും മൂന്നു വർഷത്തേയ്ക്ക് 1,577 രൂപയും പ്രീമിയമായി നൽകിയാൽ മതിയാകും .
- എസ്.സി/എസ്.ടി. വിഭാഗത്തിന് 65000 രൂപ വിലയിലുള്ള പശുവിനെ ഒരു വർഷത്തേയ്ക്ക് ഇൻഷ്വർ ചെയ്യുവാൻ 381 രൂപയും മൂന്ന് വർഷത്തേയ്ക്ക് 947 രൂപയും പ്രീമിയമായി നൽകിയാൽ മതിയാകും.

### പ്രത്യേക കന്നുകാലി വികസന – ഗോവർദ്ധിനി പദ്ധതികൾ

സംസ്ഥാനത്ത് ശരാശരി 4 ലക്ഷത്തോളം കന്നുക്കുട്ടികൾ ജനിക്കുന്നതായാണ് കണക്കാക്കുന്നത്. ഇതിൽ 2 ലക്ഷത്തോളം പശുക്കുട്ടികളാണ്. ഇപ്രകാരം ജനിക്കുന്ന മുഴവൻ പശുക്കുട്ടികൾക്കും ശാസ്ത്രീയ പരിചരണം ലഭിക്കുന്നില്ല. അതിനാൽ പശുക്കുട്ടികളെ ദത്തെടുത്ത് മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കുന്ന കന്നുക്കുട്ടി പരിപാലന-ഗോവർദ്ധിനി പദ്ധതികളുടെ കീഴിൽ കൊണ്ടു വരുന്നു. കന്നുക്കുട്ടിയുടെ വളർച്ച ലക്ഷ്യമാക്കി ശാസ്ത്രീയമായ തീറ്റയുടെ ആവശ്യകത കണക്കാക്കി സബ്സിഡി നിരക്കിൽ തീറ്റയും, ഇൻഷ്വറൻസ് പരിരക്ഷയും ശാസ്ത്രീയ പരിപാലനവും ഉറപ്പാക്കുന്നു. കന്നുകാലികളുടെ ആദ്യപ്രസവത്തിന്റെ കാലദൈർഘ്യം കുറയ്ക്കുന്നതിനും, പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുന്നതിനും, മികച്ച ഉൽപ്പാദനശേഷിയുള്ള കന്നുകാലികളുടെ തലമുറയെ ഉരുത്തിരിച്ചെടുക്കുന്നതിനും ഈ പദ്ധതി സഹായകമാണ്. ഒരു പശുക്കുട്ടിയ്ക്ക് 12500/- രൂപ സബ്സിഡി ലഭിക്കുന്നു.

## ഗുണഭോക്തൃ പദ്ധതികൾ

### സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി

സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 5 മുതൽ 9-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക്



5 കോഴിക്കുഞ്ഞുങ്ങളും തീറ്റയും നൽകുന്ന പദ്ധതിയാണിത്. ഒരു വിദ്യാലയത്തിലെ 50 വിദ്യാർത്ഥികൾക്ക് വീതം പദ്ധതി ആനുകൂല്യം ലഭിക്കും.

**മാതൃകാ മൃഗസംരക്ഷണ ഗ്രാമം**

സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 20 പഞ്ചായത്തുകളിൽ മൃഗസംരക്ഷണ മേഖലയിലുള്ള പദ്ധതികൾ നടപ്പിലാക്കി മാതൃകാ മൃഗസംരക്ഷണ ഗ്രാമമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. അതാത് മേഖലാടിസ്ഥാനത്തിൽ രൂപം കൊള്ളുന്ന പ്രോജക്ടുകൾക്ക് മൃഗസംരക്ഷണ വകുപ്പിന്റെയും സഹായമായി ഒരു പഞ്ചായത്തിന് 5 ലക്ഷം രൂപ ധനസഹായം നല്കി വരുന്നു.

**കൂടുകളിൽ കോഴി വളർത്തൽ**

**(നഗര പ്രദേശങ്ങളിൽ)**

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ കൂടുകളിൽ കോഴിവളർത്തൽ നടപ്പിലാക്കുന്ന പദ്ധതി. കൂട്, മുട്ടക്കോഴി (5 എണ്ണം) എന്നിവയുൾപ്പടെ 5,000 രൂപയുടെ സഹായം ഗുണഭോക്താവിന് ലഭിക്കും .

സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 5 മുതൽ 9-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് 5 കോഴിക്കുഞ്ഞുങ്ങളും തീറ്റയും നൽകുന്ന പദ്ധതിയാണ് സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി. ഒരു വിദ്യാലയത്തിലെ 50 വിദ്യാർത്ഥികൾക്ക് വീതം പദ്ധതി ആനുകൂല്യം ലഭിക്കും.

**ഗോട്ട് സാറ്റലൈറ്റ് പദ്ധതി**

ഒരു ഗുണഭോക്താവിന് 25,000 രൂപ ധനസഹായം. 5 പെണ്ണാടും, 1 മുട്ടനാടും നൽകുന്ന പദ്ധതി.

**വ്യാവസായികാടിസ്ഥാനത്തിൽ**

**ആട് വളർത്തൽ യൂണിറ്റുകൾ**

20 ആടുകളടങ്ങുന്ന (19 പെണ്ണാടും, 1 മുട്ടനാടും) യൂണിറ്റുകൾ സ്ഥാപിക്കാൻ സഹായം. ഒരു ഗുണഭോക്താവിന് ഒരു ലക്ഷം രൂപ ധനസഹായം.

**മാംസാവശ്യത്തിനായി മൂരിക്കുട്ടി**

**വളർത്തൽ പദ്ധതി**

1 മൂരിക്കുട്ടി അടങ്ങുന്ന ഒരു യൂണിറ്റിന് 10,000 രൂപ ധനസഹായം നൽകും.

**മൃഗസംരക്ഷണാവശ്യങ്ങൾക്കായി**

**കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള**

**പലിശ സബ്സിഡി പദ്ധതി**

മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾ ദീർഘകാല ലോണുകളായാണ് ബാങ്കുകൾ പരിഗണിക്കുന്നത്. ഇത്തരം ലോണുകൾക്ക് 10 മുതൽ 12.5% വരെ പലിശയും ബാങ്കുകൾ ഈടാക്കുന്നു. അതിനാൽ ഇത്തരം ലോണുകളിലെ പലിശയിനത്തിൽ 5,000 രൂപ വരെ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്നതാണ് പദ്ധതി.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

കേന്ദ്രാവിഷ്കൃത പദ്ധതികൾ കേന്ദ്രസർക്കാർ ഉടച്ച് വാർത്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ കീഴിലും, ലൈവ് സ്റ്റോക്ക് ഹെൽത്ത് ആന്റ് ഡിസീസ് കൺട്രോൾ എന്ന രണ്ട് മുഖ്യപദ്ധതികളുടെ കീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതികളെ അണിനിരത്തിയിട്ടുണ്ട്. കുളമ്പുരോഗ പ്രതിരോധകുത്തി വയ്പ്പ് പരിപാടി (NADCP- National Animal Disease Control Program) (ലൈവ് സ്റ്റോക്ക് ഹെൽത്ത് ആന്റ് ഡിസീസ് കൺട്രോൾ എന്ന മുഖ്യപദ്ധതിയുടെ കീഴിലുള്ള 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്) വഴിയാണ് കന്നുകാലികൾക്ക് പ്രതിരോധകുത്തിവയ്പ്പ് നൽകി കുളമ്പ് രോഗത്തെ പ്രതിരോധിക്കുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ സഹായത്തോടെ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല

യിൽ ഉള്ള ആടുവളർത്തൽ കേന്ദ്രത്തിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി അടിസ്ഥാന സൗകര്യ വികസനത്തിനും ആടുകളെ (700) വാങ്ങുന്നതിനുമായി 3.2 കോടി രൂപ അനുവദിച്ചിട്ടുണ്ട് .

കൂടാതെ മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വേയും (വിവിധതരം കന്നുകാലി ഉൽപ്പന്നങ്ങളുടെ ഉൽപാദനം തിട്ടപ്പെടുത്തുന്നതിനായി നടത്തി വരുന്ന സംയോജിത സാമ്പിൾ സർവ്വേകൾ), കന്നുകാലി സെൻസസ് (100% കേന്ദ്രസഹായം) എന്നീ പദ്ധതികളും ഉണ്ട്.

## പ്രധാനപ്പെട്ട മറ്റ് പദ്ധതികൾ

മൃഗസംരക്ഷണമേഖലയിൽ ജീവനോപാധി സഹായ പാക്കേജ് മൃഗസംരക്ഷണ മേഖലയെ പുനരുദ്ധരിക്കുന്നതിനായി 77 കോടി രൂപയുടെ ജീവനോപാധിസഹായ പാക്കേജിന് റീബിൽഡ് കേരള പദ്ധതിയിലൂടെ മൃഗസംരക്ഷണ വകുപ്പിന് അനുമതി ലഭിച്ചു. പശുവളർത്തൽ, കിടാരി വളർത്തൽ ശാസ്ത്രീയമായ കന്നുകാലി തൊഴുത്ത് നിർമ്മാണം, സബ്സിഡി നിരക്കിൽ കാലിത്തീറ്റ, യന്ത്രവൽക്കരണത്തിന് സഹായം, തീറ്റപ്പുൽ ഉത്പാദനത്തിനുള്ള സഹായം, പന്നി, ആട്, കോഴി, താറാവ് വളർത്തൽ പദ്ധതികൾ, കന്നുക്കുട്ടി പരിപാലനത്തിനുള്ള ധനസഹായം തുടങ്ങി വിവിധങ്ങളായ കർഷകക്ഷേമ പദ്ധതികളാണ് പ്രസ്തുത പാക്കേജിലൂടെ നടപ്പിലാക്കുന്നത്. 77 കോടി രൂപയിൽ 2020-21 വർഷം വർഷം 64 കോടി രൂപ RKI അനുവദിച്ചതിൽ 87.5% ചെലവഴിച്ചു. 2021-22 വർഷവും പദ്ധതി തുടരുന്നതാണ്.

## കേരള ചിക്കൻ പദ്ധതി

മൃഗസംരക്ഷണ വകുപ്പ് നോഡൽ ഏജൻസിയായി ഇറച്ചിക്കോഴി ഉത്പാദനത്തിൽ വിപുലമായ രീതിയിൽ സർക്കാർ ഇടപെടുന്ന പദ്ധതിയാണ് കേരള ചിക്കൻ പദ്ധതി. മൃഗസംരക്ഷണ വകുപ്പ്, പൗൾട്രി വികസന കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി.), കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്നിവരുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുക. 63.11 കോടി രൂപയുടെ പദ്ധതിയാണ് റീബിൽഡ് കേരളയിലൂടെ അനുമതി ലഭിച്ചിട്ടുള്ളത്.

**മൃഗസംരക്ഷണ വകുപ്പ് നോഡൽ ഏജൻസിയായി ഇറച്ചിക്കോഴി ഉത്പാദനത്തിൽ വിപുലമായ രീതിയിൽ സർക്കാർ ഇടപെടുന്ന പദ്ധതിയാണ് കേരള ചിക്കൻ പദ്ധതി. മൃഗസംരക്ഷണ വകുപ്പ്, കെ.എസ്.പി.ഡി.സി., കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്നിവരുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുക.**

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും

മൃഗസംരക്ഷണ വകുപ്പിന്റെ ഭൂരിഭാഗം സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതാണ്. മൃഗാശുപത്രിയ്ക്ക് മരുന്നു വാങ്ങൽ, അടിസ്ഥാന സൗകര്യ വികസനം, കോഴി, ആട്, കന്നുകാലി വളർത്തൽ പദ്ധതികൾ തുടങ്ങിയവയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്നത്. കൂടാതെ, തെരുവുനായ നിയന്ത്രണത്തിനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്കുള്ള സാങ്കേതിക സഹായം മൃഗസംരക്ഷണ വകുപ്പാണ് നൽകുന്നത്. മൃഗസംരക്ഷണ വകുപ്പും തിരുവനന്തപുരം ജില്ലാപഞ്ചായത്തും സംയുക്തമായി ചെറ്റച്ചൽ ഫാമിൽ നിന്ന് നഗരപ്രദേശത്തിലേക്ക് ശുദ്ധമായ ഫാം ഫ്രഷ് പാൽ എത്തിക്കുന്ന "ഗ്രീൻ മിൽക്ക്" പദ്ധതി നടപ്പിലാക്കി വരുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പദ്ധതികൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ച മാർഗ്ഗരേഖക്ക് വിധേയമായി ചുവടെ ചേർക്കുന്ന പദ്ധതികളുടെ മാതൃകയിൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

- പശുവളർത്തൽ പദ്ധതി- രണ്ടു പശുക്കളെ വാങ്ങുന്നതിന് 60,000 രൂപയുടെ ധനസഹായം നൽകുന്ന പദ്ധതി
- കിടാരി വളർത്തൽ പദ്ധതി - 27500 രൂപ വിലയുള്ള കിടാരിക്ക് 15,000 രൂപയുടെ ധനസഹായം നൽകുന്ന പദ്ധതി.
- കാലിത്തൊഴുത്ത് നവീകരണം- 25,000 രൂപയുടെ ധനസഹായം നൽകുന്ന പദ്ധതി.
- കാലിത്തീറ്റ ധനസഹായം - പ്രതിമാസം 1,000 രൂപ എന്ന നിരക്കിൽ 6 മാസത്തേക്ക് കാലിത്തീറ്റക്ക് ധനസഹായം നൽകുന്ന പദ്ധതി.
- ഡയറിഫാമുകളുടെ യന്ത്രവൽക്കരണം - ഒരു ലക്ഷം രൂപയുടെ ധനസഹായം നൽകുന്ന പദ്ധതി.
- തീറ്റപ്പുൽകൃഷിക്ക് ധനസഹായം - തീറ്റപ്പുൽകൃഷി വ്യാപനത്തിന് ഹെക്ടറൊന്നിന് മുപ്പതിനായിരം രൂപയുടെ ധനസഹായം നൽകുന്ന പദ്ധതി.
- ആടുവളർത്തൽ പദ്ധതി - 5 പെണ്ണാടിനെയും ഒരു മുട്ടനാടിനെയും വാങ്ങുന്നതിന് 25,000 രൂപയുടെ ധനസഹായം നൽകുന്ന പദ്ധതി.
- പന്നി വളർത്തൽ പദ്ധതി - 10 പന്നികുഞ്ഞുങ്ങളുടെ യൂണിറ്റിന് അമ്പതിനായിരം രൂപയുടെ ധനസഹായം നൽകുന്ന പദ്ധതി.
- താറാവ് വളർത്തൽ പദ്ധതി - ഒരു ഗുണഭോക്താവിന് 10 താറാവ് കുഞ്ഞുങ്ങളെ നൽകുന്ന പദ്ധതി. 1200 രൂപയുടെ ധനസഹായം ഓരോ ഗുണഭോക്താവിനും നൽകുന്ന പദ്ധതിയാണിത്
- മുട്ടക്കോഴി വളർത്തൽ -ഒരു ഗുണഭോക്താവിന് 5 കോഴിക്കുഞ്ഞുങ്ങളെ നൽകുന്ന പദ്ധതി. 500 രൂപയുടെ ധനസഹായം ഓരോ ഗുണഭോക്താവിനും നൽകാനാകും.
- ശാസ്ത്രീയ കന്നുക്കുട്ടി പരിപാലനം - കന്നുക്കുട്ടിക്കുള്ള തീറ്റ, ഇൻഷ്വറൻസ് തുടങ്ങിയ ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ശാസ്ത്രീയ പരിപാലനം ഉറപ്പുവരുത്തുന്ന പദ്ധതി. ഒരു ഗുണഭോക്താവിന് 12,500 രൂപ നിരക്കിൽ ആനുകൂല്യം നൽകാനാകും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപ്രകൃതിയും കാർഷിക സാഹചര്യങ്ങളും മൃഗസംരക്ഷണ മേഖലയിലെ സാധ്യതകളും വിലയിരുത്തിക്കൊണ്ട് ഉചിതമായ പദ്ധതികൾ ഏറ്റടുത്ത് നടപ്പിലാക്കാവുന്നതാണ്.

□

*വിവരങ്ങൾക്ക് കടപ്പാട് : മൃഗസംരക്ഷണ വകുപ്പ്*



# വനിതാ ശിശുവികസന ക്ഷേമപദ്ധതികളും പഞ്ചായത്തീരാജ് സംവിധാനവും

■ ജെ. മായാലക്ഷ്മി

1974ലെ കുട്ടികളുടെ ദേശീയ നയപ്രകാരം സമൂഹത്തിന്റെ താഴെക്കിടയിൽപ്പെട്ട കുട്ടികളുടെയും സ്ത്രീകളുടെയും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനായും കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വികസനത്തിന് എല്ലാവർക്കും തുല്യമായ അവസരം ലഭ്യമാക്കുന്നതിനുമായി പ്രത്യേക സംവിധാനം എന്ന നിലയിൽ കുട്ടികളെ കേന്ദ്രീകരിച്ച് 1975 ഒക്ടോബർ 2-ാം തീയതി ആരംഭിച്ച പദ്ധതിയാണ് സംയോജിത ശിശുവികസന സേവന പദ്ധതി. 1975 മുതൽ സാമൂഹ്യക്ഷേമ വകുപ്പ് മുഖാന്തരമാണ് സംയോജിത ശിശുവികസന സേവന പദ്ധതി നടപ്പിലാക്കിയിരുന്നത്. തുടർന്ന് 2017-ൽ വകുപ്പ് വിഭജനത്തോടെ പുതിയതായി രൂപീകരിച്ച വനിത ശിശുവികസന വകുപ്പിലൂടെ സംയോജിത ശിശുവികസന സേവന പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരളത്തിൽ 1975 ൽ മലപ്പുറം ജില്ലയിലെ വേങ്ങര ICDS പ്രോജക്ടിൽ തുടക്കം കുറിച്ച ഈ പദ്ധതി ഇപ്പോൾ 258 ICDS പ്രോജക്ടുകളിലൂടെ ICDS ന്റെ സേവനങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിച്ചു വരുന്നു. മാനവശേഷി വികസനം ലക്ഷ്യമാക്കി മാതൃശിശുക്ഷേമ സേവനങ്ങൾ ഒരുമിച്ച് ലഭ്യമാക്കുന്ന ഏറ്റവും താഴെ തട്ടിലുള്ള സാമൂഹ്യ വിഭവകേന്ദ്രമാണ് അങ്കണവാടി. ഗ്രാമപ്രദേശങ്ങളിൽ 1,000 ജനസംഖ്യയ്ക്കും പട്ടികവർഗ്ഗ പ്രദേശങ്ങളിൽ 800 ജനസംഖ്യയ്ക്കും ഒരു അങ്കണവാടി എന്ന തോതിൽ കേരളത്തിൽ 33,115 അങ്കണവാടികൾ പ്രവർത്തിച്ചു വരുന്നു. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക് അടിസ്ഥാനത്തിലും പട്ടണ പ്രദേശങ്ങളിൽ വാർഡുകൾ സംയോജിപ്പിച്ചും 258 ICDS പ്രോജക്ടുകൾ പ്രവർത്തിക്കുന്നു. കുട്ടികളുടെ സർവ്വോന്മുഖമായ വികസനം, (ശാരീരിക ചാലകം, ഭാഷ-വൈജ്ഞാനികം, സാമൂഹികം, വൈകാരികം) ഓരോ തലമുറയിലെ കുഞ്ഞുങ്ങൾക്കും പോഷണം ഉറപ്പു വരുത്തുക, കുട്ടികളിലെ വളർച്ച മുരടിപ്പ്, ശോഷിക്കൽ എന്നിവ തടയുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി അങ്കണവാടികളിലൂടെ അനുപൂരക പോഷകാഹാര വിതരണം, രോഗപ്രതിരോധ കുത്തിവയ്പുകൾ, ആരോഗ്യ പരിശോധന, പരാമർശ സേവനങ്ങൾ, ആരോഗ്യ പോഷണ ബോധവൽക്കരണം, പ്രീസ്കൂൾ വിദ്യാഭ്യാസം എന്നീ സേവനങ്ങളാണ് നൽകി വന്നിരുന്നത്. എന്നാൽ ഇപ്പോൾ മേൽപ്പറഞ്ഞ അങ്കണവാടി സേവനങ്ങൾക്ക് പുറമേ ദേശീയ പോഷണ ദൗത്യം, ദേശീയ ക്രഷ് സേവനങ്ങൾ പ്രധാനമന്ത്രി മാതൃവന്ദനയോജന,

കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ക്ഷേമത്തിനുള്ള പദ്ധതികൾ എന്നിവ കൂടി ഉൾപ്പെടുത്തി സേവന മേഖലകൾ വിപുലമാക്കി. ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്കായി നൽകുന്ന അനുപൂരക പോഷകാഹാരം ഉൾപ്പടെയുള്ള സേവനങ്ങൾ അതത് ഗുണഭോക്തൃ വിഭാഗത്തിന് ലഭിക്കേണ്ടതായതും എന്നാൽ അവരുടെ ദൈനംദിന ജീവിതത്തിൽ വീട്ടിലെ ഭക്ഷണത്തിൽ നിന്നും ലഭിക്കുന്നതുമായ പോഷണമൂല്യങ്ങളിലെ വിടവ് നികത്തുകയാണ് അനുപൂരക പോഷകാഹാരം നൽകുന്നതിന്റെ ലക്ഷ്യം. ഒപ്പം മറ്റു സേവനങ്ങളിലൂടെ സംരക്ഷണവും വികസനവും ഉറപ്പാക്കുന്നു. കുട്ടികളുടെ വളർച്ചാ നിരീക്ഷണം, പോഷണ ന്യൂനതകൾക്കുള്ള പരിഹാര സേവനങ്ങൾ വൈകല്യങ്ങളുടെ കാലേകൂട്ടിയുള്ള നിർണ്ണയം എന്നിവയിലൂടെ കൃത്യമായ ഇടപെടൽ യഥാസമയം നൽകിവരുന്നു. കൂടാതെ കാലേക്കൂട്ടിതന്നെ കുട്ടികളുടെ മാനസികവും ബൗദ്ധികവുമായ വികസനത്തിനായി പൂർവ്വ ശൈശവകാല പരിചരണം വിദ്യാഭ്യാസം – വികസനം എന്നിവ (ECCED) ഒരു പ്രത്യേക പാക്കേജായി നടപ്പാക്കി വരുന്നു.

ഐക്യരാഷ്ട്രസഭയുടെ 1989-ലെ കുട്ടികളുടെ അവകാശ ഉടമ്പടി നിലവിൽ വരുന്നതിന് 14 വർഷം മുൻപ് 1975-ൽ ആരംഭിച്ച പദ്ധതി ആണെങ്കിൽക്കൂടി UNCRC പ്രകാരമുള്ള കുട്ടികളുടെ പ്രധാനപ്പെട്ട 4 അവകാശങ്ങളുടെ സംരക്ഷണം തന്നെയാണ് ഐ.സി.ഡി.എസ്. വിഭാവനം ചെയ്യുന്നത്. ആരോഗ്യ പോഷണ രോഗപ്രതിരോധ സേവനങ്ങൾ അതിജീവനാവകാശത്തേയും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള വിവിധ തല സമിതികൾ സംരക്ഷണാവകാശത്തേയും ECCE വികസനാവകാശത്തേയും കുമാരി ക്ലബ്ബുകൾ പോലെയുള്ള സംവിധാനങ്ങൾ പങ്കാളിത്താവകാശത്തേയും സംരക്ഷിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടെ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുഖച്ഛായ പരിപൂർണ്ണമായും മാറുകയുണ്ടായി. ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ (1997-2002) തുടക്കത്തിൽ വികേന്ദ്രീകൃതാസൂത്രണത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർവ്വതോമുഖമായ അധികാരങ്ങളും ചുമതലകളും കൈവന്നു. 4Fs –Functions – Functionaries – Fund – Freedom – ലൂടെ കേരളത്തിലെ വികസനത്തിന്റെ നട്ടെല്ലായി തദ്ദേശഭരണ സ്ഥാപനങ്ങൾ മാറി. ഈ കാലഘട്ടത്തിലാണ് സാമൂഹ്യ ക്ഷേമവകുപ്പിന്റെ ഏതാനും കർത്തവ്യങ്ങളും ജീവനക്കാരും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടത്. 26.06.1998-ലെ GO (P) 20/1998/SWD ഉത്തരവിലൂടെ ആദ്യം കൈമാറ്റം ചെയ്യപ്പെട്ടത് ഐ.സി.ഡി.എസ്. പദ്ധതിയും അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമാണ്. അങ്കണവാടി പോഷകാഹാര വിതരണം പൂർണ്ണമായും അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയായി മാറി. തുടർന്ന് 04.07.2000 -ലെ GO(P)/188/2000/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കൂടുതൽ ജീവനക്കാരും ചുമതലകളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടു. അതിൻ പ്രകാരം ത്രിതല തദ്ദേശഭരണ സംവിധാനത്തിൽ സ്ത്രീകൾ, കൗമാരപ്രായക്കാർ ഉൾപ്പെടെ, കുട്ടികൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ, എന്നിവരുടെ വികസന / ക്ഷേമ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ, ശിശു വികസന പദ്ധതി ഓഫീസർമാർ, പ്രോഗ്രാം ഓഫീസർമാർ എന്നിവർ നിയമിതരായി.



ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും അർഹതയുടേയും നിബന്ധനയുടേയും അടിസ്ഥാനത്തിൽ ആധാർ സീഡഡ് അക്കൗണ്ടുകളിലൂടെ ആദ്യ പ്രസവത്തിന് 5,000 രൂപ നൽകുന്ന പ്രധാനമന്ത്രി മാതൃ വന്ദനയോജന, ഓരോ വ്യക്തിയുടേയും വളർച്ചയുടേയും വികസനത്തിന്റേയും നിർണ്ണായക ഘട്ടമായ ആദ്യ 1000 ദിവസങ്ങൾ (ഗർഭ ധാരണം മുതൽ 2 വയസ്സ് വരെയുള്ള കാലഘട്ടം) സംബന്ധിച്ച പദ്ധതികൾ, ദേശീയ പോഷണ ദൗത്യത്തിന്റെ കീഴിൽ വരുന്ന സാമൂഹ്യാധിഷ്ഠിത പരിപാടികൾ, ന്യൂട്രിഷൻ ക്ലിനിക്ക്, പേരന്റിംഗ് ക്ലിനിക്ക്, സൈക്കോ സോഷ്യൽ സ്കൂൾ കൗൺസലിംഗ് സേവനങ്ങൾ എന്നിവയുടെ നിർവ്വഹണവും ഐ.സി.ഡി.എസ്. കുടക്കീഴിൽ വരുന്നു. മേൽപ്പറഞ്ഞവ കൂടാതെ വനിതാ ശിശുവികസന വകുപ്പിന്റേയും സാമൂഹ്യനീതി വകുപ്പിന്റേയും കേരളാ സാമൂഹ്യസുരക്ഷാമിഷന്റേയും പദ്ധതികളുടെ അടിസ്ഥാന തലത്തിലെ നിർവ്വഹണ ചുമതലയും നിർവ്വഹിക്കുന്നത് ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥരാണ്. ഇതിനൊക്കെ പുറമെയാണ് സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ട്രാൻസ്ജൻഡേഴ്സ് എന്നിവർക്ക് വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിവിധ തലങ്ങളിൽ ആവിഷ്കരിക്കുന്ന പദ്ധതികളുടെ നിർവ്വഹണം.

അവശ്യസർവ്വീസ് വിഭാഗം എന്ന നിലയിൽ പ്രകൃതിക്ഷോഭം, മഹാമാരി തുടങ്ങിയവയുടെ ദുരന്ത നിവാരണ പരിപാടികളുടെ ഏകോപനത്തിലും നിർവ്വഹണത്തിലും മികച്ച പ്രവർത്തനം അങ്കണവാടി പ്രവർത്തകരും ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥരും നടത്തി വരുന്നുണ്ട്.

അങ്കണവാടിതലം മുതൽ ദേശീയതലം വരെയുള്ള മോണിറ്ററിഗ് & സപ്പോർട്ട് കമ്മിറ്റികൾ, ഐ.സി.ഡി.എസ്. പ്രവർത്തനം വിലയിരുത്തി ആയത് മെച്ചപ്പെടുത്തുന്ന





തിനുള്ള സഹായക സംവിധാനമാണ്. അങ്കണവാടി തലത്തിൽ വാർഡ് മെമ്പറും ബ്ലോക്ക് / ജില്ലാ തലങ്ങളിൽ അതത് തദ്ദേശഭരണ സ്ഥാപനതല അദ്ധ്യക്ഷന്മാരും ചെയർപേഴ്സൺ പദവി വഹിക്കുന്ന മോണിറ്ററിഗ് & സപ്പോർട്ട് കമ്മിറ്റികൾക്ക് അങ്കണവാടികളുടെ പ്രവർത്തനത്തിന് മികച്ച ഗുണനിലവാരമുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിലും അവയുടെ സേവനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിലും വളരെയധികം പ്രാധാന്യമുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും, നടപടികൾ സ്വീകരിക്കുന്നതിനും വാർഡ് തലം മുതൽ ജില്ലാതലംവരെയുള്ള ജാഗ്രതാ സമിതികൾ കുട്ടികൾക്ക് നേരെയുള്ള ഏത് തരം അതിക്രമങ്ങളും, പീഡനങ്ങളും തടയുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും അവർക്ക് സംരക്ഷണം നൽകുന്നതിനുമായി പഞ്ചായത്ത് തലം മുതൽ ജില്ലാതലം വരെയുള്ള ശിശുസംരക്ഷണ സമിതികൾ എന്നിവ അതത് തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷന്റെ നേതൃത്വത്തിൽ തന്നെ പ്രവർത്തിച്ചുവരുന്നു..

കൂടാതെ വാർഡുതല ആരോഗ്യ പോഷണ ദിനാചരണം, വാർഡുതല ആരോഗ്യ പോഷണ ശുചിത്വ സമിതിയുടെ നടത്തിപ്പ് എന്നിവയിലും ഐ.സി.ഡി.എസ്. - അങ്കണവാടി പ്രവർത്തകർ മുഖ്യ പങ്ക് വഹിക്കുന്നു.

തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവിധ ശാഖകളായ ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, ഗ്രാമവികസനം, ശുചിത്വമിഷൻ, തൊഴിലുറപ്പ് പദ്ധതി, പൊതുവിതരണ സംവിധാനം, എന്നിവയുടേയും KWA, KSEB, ANERT, മുതലായ മറ്റ് സഹായക ഏജൻസികളുടേയും ഏകോപന പരിപാടികളിലൂടെ ഐ.സി.ഡി.എസ്സിന്റെ പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ സംയോജിപ്പിച്ചുവരുന്നു.

മേൽപ്പറഞ്ഞ കാര്യങ്ങൾ മികച്ച രീതിയിൽ നടപ്പാക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.



- തദ്ദേശഭരണ സ്ഥാപന പരിധിയിലെ എല്ലാ വിഭാഗം ഗുണഭോക്താക്കളുടേയും അങ്കണവാടി രജിസ്ട്രേഷൻ ഉറപ്പ് വരുത്തുക.
- അങ്കണവാടികൾക്ക് മികച്ച ഗുണനിലവാരമുള്ള ഭക്ഷ്യ വസ്തുക്കൾ യഥാസമയം നിർദ്ദിഷ്ട അളവിൽ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ്വരുത്തുക,മായം ചേർക്കൽ തടയുക.
- സേവനങ്ങൾ യഥാസമയം ഗുണഭോക്താവിന് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുക.
- ഗുരുതര പോഷണ ന്യൂനതകൾ ഉള്ളവർക്ക് ചികിത്സാധിഷ്ഠിത ഭക്ഷണം ലഭ്യമാക്കുക.
- വിവിധ സമിതികൾ ശാക്തീകരിയ്ക്കുകയും, ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്യുക.
- എല്ലാ അങ്കണവാടികൾക്കും സ്വന്തം സ്ഥലം, കെട്ടിടം, ശുദ്ധജലം, വൈദ്യുതി എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുക.
- അടിസ്ഥാന പോഷണം ഉറപ്പാക്കുന്നതിനായി എല്ലാ വീടുകൾക്കും ശുദ്ധജലം, ശുചിത്വ സംവിധാനങ്ങൾ എന്നിവ നൽകുക.
- അടുക്കളത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ, ശൈശവ വിവാഹം തടയുന്നതിനും, അവ റിപ്പോർട്ട് ചെയ്യുന്നതിനും ശക്തമായ പിന്തുണ നൽകുകയും അതിക്രമങ്ങൾക്ക് വിധേയരാകേണ്ടിവന്നവർക്ക് സംരക്ഷണം, പുനരധിവാസ സംവിധാനം എന്നിവ ഒരുക്കുകയും ചെയ്യുക.

മറ്റ് വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കി യഥാസമയങ്ങളിൽ ആവശ്യമായ ഇടപെടൽ നടത്തുക.

മുറ്റത്തെ പൂന്തോട്ടമെന്ന് അർത്ഥമാക്കപ്പെടുന്ന അങ്കണവാടികൾ വഴി താഴെത്തട്ടിൽ വരെ സേവനങ്ങൾ എത്തിക്കുന്ന സംയോജിത ശിശു വികസന സേവന പദ്ധതിയുടെ സുഗമമായ നടത്തിപ്പിൽ പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ നൽകുന്ന ശ്രദ്ധയും താത്പര്യവും, പരിഗണനയും വരും തലമുറയ്ക്ക് വേണ്ടി അവർ നടത്തുന്ന വിലയേറിയ നിക്ഷേപം തന്നെയാണ്.

□

*ലേഖിക വനിതാ ശിശുവികസന വകുപ്പ്*
*ആലപ്പുഴ ജില്ലാ പ്രോഗ്രാം ഓഫീസറാണ്*

# വിപ്പ് ലംഘനം അയോഗ്യതയാവും ജനപ്രതിനിധികളുടെ ശ്രദ്ധയ്ക്ക് - 4

■ കെ.ടി. ജോർജ്

1999-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്ട്, വകുപ്പ്-3 ഉപവകുപ്പ് (i) പ്രകാരം കൂറുമാറ്റം ഉണ്ടാകുന്നത് ഏതെല്ലാം സന്ദർഭങ്ങളിലാണെന്ന് പഞ്ചായത്ത്‌രാജ് മാസികയുടെ 2021-ജൂൺ ലക്കത്തിൽ പ്രതിപാദിച്ചിരുന്നു. മുകളിൽ പറഞ്ഞ ഉപവകുപ്പിന്റെ രണ്ടാം ഭാഗത്തിലാണ് വിപ്പ്ലംഘനം മൂലമുണ്ടാകുന്ന അയോഗ്യതയെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളത്. ഒരു പഞ്ചായത്തിന്റെ അഥവാ മുനിസിപ്പാലിറ്റിയുടെ അദ്ധ്യക്ഷനെയോ ഉപാദ്ധ്യക്ഷനെയോ അല്ലെങ്കിൽ ഏതെങ്കിലും പഞ്ചായത്തിന്റെ അഥവാ മുനിസിപ്പാലിറ്റിയുടെ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സന്റെയോ സ്റ്റാൻഡിങ് കമ്മിറ്റി അംഗത്തിന്റെയോ തിരഞ്ഞെടുപ്പിലോ സ്റ്റാൻഡിങ് കമ്മിറ്റി അംഗം ഒഴികെ അവരിൽ ആർക്കെങ്കിലുമെതിരെയുള്ള അവിശ്വാസപ്രമേയത്തിന്മേലുള്ള വോട്ടെടുപ്പിലോ ഒരംഗം ഉൾപ്പെടുന്ന രാഷ്ട്രീയകക്ഷിയുടെയോ സഖ്യത്തിന്റെയോ നിർദ്ദേശത്തിന് വിരുദ്ധമായി വോട്ടുചെയ്യുകയോ വോട്ടുചെയ്യാതിരിക്കുകയോ ചെയ്താൽ പ്രസ്തുത അംഗം അയോഗ്യനാകുന്നതാണ്. വിപ്പ് എന്നത് ആക്ടിലോ ചട്ടങ്ങളിലോ നിർവ്വചിക്കപ്പെട്ടിട്ടില്ല. എന്നാൽ രാഷ്ട്രീയകക്ഷിയോ സഖ്യമോ അതിലുൾപ്പെട്ട അംഗത്തിന് നിർദ്ദേശം നൽകേണ്ട വിധം 2000-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറിയ അംഗങ്ങൾക്ക് അയോഗ്യത കൽപ്പിക്കൽ) ചട്ടങ്ങളിലെ ചട്ടം 4-ൽ വിവരിച്ചിട്ടുണ്ട്. രാഷ്ട്രീയ കക്ഷിയോ സഖ്യമോ നൽകുന്ന നിർദ്ദേശം :-

(i) രേഖാമൂലം ആയിരിക്കണം

(ii) നിർദ്ദേശം നൽകേണ്ടത് ഒരംഗത്തിന് ഒരു രാഷ്ട്രീയകക്ഷിയുടെ ചിഹ്നം ശിപാർശ ചെയ്യുന്നതിനായി അധികാരപ്പെടുത്തിയിട്ടുള്ള ആളായിരിക്കണം.

●●●

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, ഒരംഗം അയോഗ്യനാണെന്ന് പ്രഖ്യാപിക്കുന്ന തീയതി മുതൽ ആറുകൊല്ലം ആ അംഗത്തിന് അയോഗ്യത ഉണ്ടാകുന്നതാണ്. ഇത്തരം ഗുരുതരമായ ഭവിഷ്യത്ത് ഉണ്ടാകുമെന്നതിനാൽ ഒരംഗത്തിന് വിപ്പ് (നിർദ്ദേശം) നൽകുന്നതിലെ എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. ഈ നടപടി ക്രമങ്ങളിൽ ഏതെങ്കിലും വീഴ്ചയോ പിഴവോ സംഭവിച്ചാൽ വിപ്പ്ലംഘനം നടത്തിയെന്ന കാരണത്താൽ ഒരംഗത്തിന് ആക്ടിലെ വകുപ്പ്-3 ഉപവകുപ്പ് (i) പ്രകാരമുള്ള അയോഗ്യത ഉണ്ടാകുന്നില്ല.**

●●●

(iii) നിർദ്ദേശം രാഷ്ട്രീയകക്ഷിയുടെ ലെറ്റർഹെഡിൽ തീയതിവച്ച് ഒപ്പ് രേഖപ്പെടുത്തി അതിന്റെ മുദ്രയോടുകൂടി ആയിരിക്കണം.

(iv) നിർദ്ദേശം നേരിട്ട് നൽകുമ്പോൾ അംഗങ്ങളിൽനിന്ന് കൈപ്പറ്റ് രസീത് വാങ്ങേണ്ടതും രജിസ്റ്റേർഡ് തപാലിൽ അയയ്ക്കുമ്പോൾ acknowledgment സഹിതം അയക്കേണ്ടതുമാണ്. എന്നാൽ പതിച്ചു നടത്തുകയാണെങ്കിൽ കുറഞ്ഞത് രണ്ട് സാക്ഷികളുടെ സാന്നിധ്യത്തിൽ ആയിരിക്കേണ്ടതാണ്.

(v) നിർദ്ദേശത്തിന്റെ ഒരു പകർപ്പ് രേഖാമൂലം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് നൽകേണ്ടതാണ്.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, ഒരംഗം അയോഗ്യനാണെന്ന് പ്രഖ്യാപിക്കുന്ന തീയതി മുതൽ ആറുകൊല്ലം ആ അംഗത്തിന് അയോഗ്യത ഉണ്ടാകുന്നതാണ്. ഇത്തരം ഗുരുതരമായ ഭവിഷ്യത്ത് ഉണ്ടാകമെന്നതിനാൽ ഒരംഗത്തിന് വിപ്പ് (നിർദ്ദേശം) നൽകുന്നതിലെ എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. ഈ നടപടിക്രമങ്ങളിൽ ഏതെങ്കിലും വീഴ്ചയോ പിഴവോ സംഭവിച്ചാൽ വിപ്പ്ലംഘനം നടത്തിയെന്ന കാരണത്താൽ ഒരംഗത്തിന് ആക്ടിലെ വകുപ്പ്-3 ഉപവകുപ്പ് (i) പ്രകാരമുള്ള അയോഗ്യത ഉണ്ടാകുന്നില്ല. നിയമം ഏതെല്ലാം നടപടികളാണോ പാലിക്കണമെന്ന് പറഞ്ഞിട്ടുള്ളത് അപ്രകാരമുള്ള നടപടികളെല്ലാം പാലിക്കേണ്ടതാണ് [Anitha Baby v. Kunjappan Paikkili, 2014 ICO 3453 : 2015 (1) KLTSN 112]. കൂടാതെ

നിർദ്ദേശത്തിന്റെ പകർപ്പ് സെക്രട്ടറിക്ക് നൽകുകയും വേണം. പകർപ്പ് സെക്രട്ടറിക്ക് നൽകണമെന്ന് പറഞ്ഞിട്ടുള്ളത് അങ്ങനെ ഒരു നിർദ്ദേശം ഉണ്ടായിരുന്നുവെന്നുള്ളതിന്റെ തെളിവിനാണ്. (Lizy Valsalan v. Suja Salim & Another, 2015 ICO 628 : 2015 (3) KLJ 562) മാത്രമല്ല മറ്റൊരു കേസിൽ വിപ്പിന്റെ പകർപ്പ് സെക്രട്ടറിക്ക് നൽകിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ കണ്ടെത്തിയിട്ടില്ലാത്തതിനാൽ അപ്രകാരം വിപ്പ് യഥാവിധി നടത്തിയതായി പറയാൻ കഴിയില്ലെന്നും ആയതിനാൽ ഒരംഗത്തെ വിപ്പുലംഘനം നടത്തിയെന്ന കാരണത്താൽ അയോഗ്യനാക്കാൻ കഴിയില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട് [Jomon K.M. v. Kerala State Election Commission, 2020 ICO 4383 : AIR 2021 Ker 74].

രാഷ്ട്രീയ പാർട്ടിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി വോട്ട് ചെയ്യാതിരിക്കുന്നതും അയോഗ്യതയ്ക്ക് കാരണമാണ്. (Shameena Ibrahimkutty v. Kerala State Election Commission, 2020 ICO 1639 : 2020 (6) KLT 514) എന്ന കേസിൽ അവിശ്വാസ പ്രമേയത്തിന് അനുകൂലമായി വോട്ട് ചെയ്യണമെന്ന് രാഷ്ട്രീയകക്ഷി നിർദ്ദേശം നൽകിയിരുന്നുവെങ്കിലും അവിശ്വാസ പ്രമേയത്തിനുള്ള യോഗത്തിന്റെ സമയമായ 10 മണിക്ക് ഹാജരാകുന്നതിന് പകരം അംഗം 10.20-നാണ് ഹാജരായത്. അപ്പോഴേയ്ക്കും യോഗത്തിന് ക്വാറമില്ല എന്ന കാരണത്താൽ യോഗം പിരിച്ചുവിട്ടിരുന്നു. ഈ സാഹചര്യത്തിൽ അംഗം വോട്ട് ചെയ്യണമെന്ന നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ചതിനാൽ അയോഗ്യനാണെന്ന് കണ്ടെത്തുകയുണ്ടായി. വോട്ടുചെയ്യുക എന്ന നിർദ്ദേശം സാധുവായ വോട്ടുചെയ്യുക എന്നാണ് അർത്ഥമാക്കുന്നത്. വോട്ട് അസാധുവാക്കുന്ന നടപടികളായ രണ്ടുപേർക്ക് വോട്ട് ചെയ്യുക, വോട്ട് ചെയ്യുമ്പോൾ ബാലറ്റ് പേപ്പറിൽ പേരെഴുതി ഒപ്പുവയ്ക്കേണ്ട സ്ഥലത്ത് പേരെഴുതി ഒപ്പുവയ്ക്കാതിരിക്കുക, നിശ്ചിത സ്ഥലത്ത് വോട്ട് ചെയ്യാതിരിക്കുക എന്നിവയെല്ലാം തന്നെ നിർദ്ദേശത്തിനനുസരിച്ച് വോട്ടുചെയ്തില്ല എന്ന് കണക്കാക്കി അയോഗ്യനാക്കപ്പെടുവാനുള്ള കാരണങ്ങളാണ്.

വോട്ട് അസാധുവാക്കുന്ന നടപടികളായ രണ്ടുപേർക്ക് വോട്ട് ചെയ്യുക, വോട്ട് ചെയ്യുമ്പോൾ ബാലറ്റ് പേപ്പറിൽ പേരെഴുതി ഒപ്പുവയ്ക്കേണ്ട സ്ഥലത്ത് പേരെഴുതി ഒപ്പുവയ്ക്കാതിരിക്കുക, നിശ്ചിത സ്ഥലത്ത് വോട്ട് ചെയ്യാതിരിക്കുക എന്നിവയെല്ലാം തന്നെ നിർദ്ദേശത്തിനനുസരിച്ച് വോട്ടു ചെയ്തില്ല എന്ന് കണക്കാക്കി അയോഗ്യനാക്കപ്പെടുവാനുള്ള കാരണങ്ങളാണ്.

ഒരു രാഷ്ട്രീയകക്ഷിയുടെ സ്ഥാനാർത്ഥിയെ പരാജയപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി ബാലറ്റ് പേപ്പറിൽ ഗുണന ചിഹ്നം (x) ഇടുന്നതിനു പകരം ശരിചിഹ്നം (✓) രേഖപ്പെടുത്തിയതിനാൽ അപ്രകാരം ചെയ്തയാൾ തന്റെ രാഷ്ട്രീയ കക്ഷിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ചു എന്ന കാരണത്താൽ അയോഗ്യനാകുന്നതാണ് [A.G. Mathew v. Kerala State Election Commission, 2019 ICO 385 : 2019 (2) KHC 758].

രാഷ്ട്രീയകക്ഷിയുടെ നിർദ്ദേശത്തിനനുസൃതമായി പ്രവർത്തിക്കുവാൻ ആ രാഷ്ട്രീയ കക്ഷിയുടെ പിന്തുണയോടുകൂടി തിരഞ്ഞെടുക്കപ്പെട്ട അംഗത്തിനും ബാധ്യതയുണ്ട്. ഒരു രാഷ്ട്രീയകക്ഷിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ചതുമൂലമുണ്ടാകുന്ന അയോഗ്യതയിൽ നിന്ന് രക്ഷനേടുന്നതിന് ആ രാഷ്ട്രീയകക്ഷിയുടെ പിന്നീടുള്ള അനുരഞ്ജന മനോഭാവമോ ഒന്നുംതന്നെ ആ അംഗത്തെ സഹായിക്കുകയില്ല. [Varghese v. Kerala State Election Commission, ICO 727 : 2009 (2) KLJ 516] മറ്റൊരു കേസിൽ ഒരു രാഷ്ട്രീയകക്ഷിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി ഒരു അംഗം ആ രാഷ്ട്രീയകക്ഷിയുടെ ഔദ്യോഗിക സ്ഥാനാർത്ഥിക്കെതിരെ വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിച്ച ഒരാളുടെ അയോഗ്യത തീരുമാനിക്കുന്നത് അപ്രകാരം നടന്ന തിരഞ്ഞെടുപ്പ് ദിവസത്തെ ടിയാളുടെ പ്രവൃത്തിയുടെ അടിസ്ഥാനത്തിലാണെന്നും പിന്നീടുള്ള വിപ്പുകൾ അനുസരിച്ച എന്നുള്ളതൊന്നും അയോഗ്യത തീരുമാനിക്കുന്നതിന് പ്രസക്തമല്ലായെന്നും കോടതി കാണുകയുണ്ടായി [Nazeerkhan S. v. Kerala State Election Commission & Another, 2008 ICO 5863 : 2008 (3) KHC 322 : 2008 (3) KLT SN 57].

മുകളിൽ പറഞ്ഞിട്ടുള്ള വിപ്പിനെ സംബന്ധിക്കുന്ന വ്യവസ്ഥകളെല്ലാം തന്നെ ഒരു സഖ്യം നൽകുന്ന വിപ്പിനും ബാധകമാണ്. സഖ്യം എന്നാൽ ഒന്നിലധികം രാഷ്ട്രീയ കക്ഷികൾ ചേർന്നോ ഒരു രാഷ്ട്രീയ കക്ഷിയും ഒന്നോ അതിൽ കൂടുതലോ സ്വതന്ത്രന്മാരും ചേർന്നോ ഒന്നിലധികം രാഷ്ട്രീയകക്ഷികളും ഒന്നോ അതിൽ കൂടുതലോ സ്വതന്ത്രന്മാരും ചേർന്നോ ഒന്നിലധികം സ്വതന്ത്രന്മാർ ചേർന്നോ ഏതെങ്കിലുമൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഏതെങ്കിലും തിരഞ്ഞെടുപ്പിനെ നേരിടാൻ വേണ്ടി ഉണ്ടാക്കിയിട്ടുള്ള കൂട്ടുകെട്ട് എന്നാണ് ആക്ടിൽ നിർവചിച്ചിട്ടുള്ളത്. കൂടാതെ ഒരു രാഷ്ട്രീയ കക്ഷിയിൽപ്പെട്ട അംഗത്തിനുണ്ടാകാവുന്ന അയോഗ്യതയെ സംബന്ധിച്ചുള്ള വ്യവസ്ഥകളും ഒരു സഖ്യത്തിൽപ്പെട്ട ഒരു സ്വതന്ത്രാംഗത്തിനും ബാധകമാണ്.

ഒരു രാഷ്ട്രീയപാർട്ടിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി ആ രാഷ്ട്രീയകക്ഷിയിൽപ്പെട്ടതോ ആ രാഷ്ട്രീയകക്ഷിയുടെ പിന്തുണയോടുകൂടി വിജയിച്ചതോ ആയ ഒരംഗം തന്റെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാതിരിക്കുകയോ അല്ലെങ്കിൽ ഒരു പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ, ആക്ടിന്റെ വകുപ്പ്-3 ഉപവകുപ്പ് (i) -ൽ പറഞ്ഞിട്ടുള്ള യോഗങ്ങളിൽ വോട്ടു ചെയ്യുകയോ വോട്ടു ചെയ്യാതിരിക്കുകയോ മൂലമുണ്ടാകാവുന്ന അയോഗ്യത സ്വമേധയാ ഉണ്ടാകുന്നില്ല. മുകളിൽ പറഞ്ഞ പ്രവൃത്തി മൂലം പ്രസ്തുത അംഗം അയോഗ്യനായി എന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിക്കുന്ന തീയതി മുതൽ മാത്രമെ ആ അംഗത്തിന് അയോഗ്യത ഉണ്ടാകുന്നുള്ളൂ. അങ്ങനെ തീരുമാനിക്കുന്ന തീയതിവരെ ആ അംഗത്തിന് പ്രസ്തുത പഞ്ചായത്തിലോ മുനിസിപ്പാലിറ്റിയിലോ അംഗമായി തുടരുന്നതിന് യാതൊരു തടസ്സവുമില്ല [Pavithran N.K. & Another v. Nandakumar (DB) 2015 ICO 98 : 2015 KHC 932 : 2015 (4) KLT 900].

□

*ലേഖകൻ ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽ ലീഗൽ കൺസൾട്ടന്റാണ്*

# ചെറിയ കാൽവയ്പ്പുകൾ വലിയ നേട്ടങ്ങൾ

■ സഫിയ സമദ്

മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് കഴിഞ്ഞ രണ്ട് മഹാപ്രളയങ്ങളെ അതിജീവിച്ച് കരകയറാനുള്ള പ്രയത്നങ്ങൾക്കിടയിലാണ് കൊവിഡ്-19 എന്ന മഹാമാരിയുടെ ആഗമനം. ഈയൊരു പ്രതിസന്ധി തരണം ചെയ്യാൻ സാമൂഹിക അകലം പാലിക്കുക, സോപ്പും വെള്ളവും ഉപയോഗിച്ച് നന്നായി കൈകൾ കഴുകുക, സാനിറ്റൈസർ ഉപയോഗിക്കുക എന്നതിലപ്പുറം മറ്റൊരു മാർഗ്ഗവും ഇല്ല. കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ആരംഭം കുറിക്കുന്നത് യഥാർത്ഥത്തിൽ മാർച്ച് 16-ാം തീയതി ഗ്രാമപഞ്ചായത്ത് ഹാളിൽ ചേർന്ന യോഗത്തോടെയായിരുന്നു. പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുഖ്യമന്ത്രിയുടെ കത്ത് വായിക്കുകയും മഹാമാരി വിതയ്ക്കാൻ പോകുന്ന അപകടത്തെ പ്രതിരോധിക്കുന്നതിന് ആവശ്യമായ മുഴുവൻ കരുതലും ഉറപ്പ് വരുത്തുന്നതിനും തീരുമാനിച്ചു. സ്കൂളുകൾ അംഗനവാടികൾ എന്നിവ അനിശ്ചിത കാലത്തേക്ക് അടച്ചിടുകയും 26.03.2020 മുതൽ 21 ദിവസത്തെ ലോക്ക്ഡൗണിനെ തുടർന്ന് മഹാമാരിയുടെ വ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നിരവധി തവണ അടച്ചിടലും വലിയ നിയന്ത്രണങ്ങളും ഏർപ്പെടുത്തേണ്ടതായി വന്നു. ഇപ്രകാരമുള്ള അടച്ചിടലുകളും നിയന്ത്രണങ്ങളും സാധാരണക്കാരന്റെ തൊഴിലിനെയും, ഓരോ കുടുംബത്തിന്റേയും നിത്യജീവിതത്തെയും വളരെയധികം ബാധിച്ചിട്ടുണ്ട്. ഇതിനിടയിലെല്ലാം കുടുംബശ്രീ സംവിധാനത്തിന് പതിവിലും വ്യത്യസ്തമായി വേറിട്ട പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിന് സാധിച്ചു.

## കമ്മ്യൂണിറ്റി കിച്ചൻ

മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസിൽ 4 കമ്മ്യൂണിറ്റി കിച്ചനുകളാണ് പ്രവർത്തിച്ചിരുന്നത്. വനിതമെസ്സ്, വടുവൻചാൽ, ഫ്ളയിംഗ് ഈവന്റ്മാനേജ്മെന്റ് ജയ്ഹിന്ദ്, ശേഖരൻകുണ്ട് കോളനി, കടച്ചിക്കുന്ന് കോളനി. ഇവിടെ നിന്നും 531 പാർസൽ സൗജന്യമായും പെയ്ഡ് പാർസൽ ആയി 553-ഉം ആകെ 1,084 പാർസൽ നൽകുകയുണ്ടായി. മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് അന്തർ സംസ്ഥാന അതിർത്തി എന്ന നിലയിൽ കമ്മ്യൂണിറ്റി കിച്ചൺ എന്ന പേരിൽ അല്ലെങ്കിലും കഫേ കുടുംബശ്രീയിൽ സൗജന്യഭക്ഷണ വിതരണം 16.03.2020 മുതൽ തന്നെ ആരംഭിച്ചിരുന്നു. തമിഴ്നാട് അതിർത്തിയിൽ ചോലടിയിൽ പ്രവർത്തിക്കുന്ന ചെക്ക് പോസ്റ്റിൽ സേവനം ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ ആരോഗ്യ പ്രവർത്തകർ, അധ്യാപകർ, സന്നദ്ധ പ്രവർത്തകർ ഉൾപ്പെടെ പത്തോളം പേർക്ക് പഞ്ചായത്ത് സൗജന്യമായി 3 നേരം ഭക്ഷണം നൽകി വരുന്നതിന് ഇടയിലാണ് കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കാൻ സർക്കാർ ആവശ്യപ്പെടുന്നത്. കുടുംബശ്രീ സി.ഡി.എസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജെ.എൽ.ജി യൂണിറ്റുകൾ മുഖാന്തിരം പച്ചക്കറികൾ കമ്മ്യൂണിറ്റി കിച്ചനുകളിൽ എത്തിക്കുന്നതിനും അരി, പച്ചക്കറികൾ എന്നിവ തീരുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും കുടും ബശ്രീ പ്രവർത്തകർ സജ്ജരായി. സി.ഡി. എസിനു പുറമെ അതാത് വാർഡിലെ എ.ഡി.എസും കമ്മ്യൂണിറ്റി കിച്ചൻ മോണിറ്റർ ചെയ്തു. ഓരോ ദിവസത്തേയും പാർസലുകളുടെ എണ്ണം സി.ഡി.എസ്. മുഖാന്തരം കുടുംബശ്രീ ജില്ലാ മിഷനിലേക്കും ഗ്രാമപഞ്ചായത്തിലേക്കും നൽകുകയുണ്ടായി.

## മാസ്ക് നിർമ്മാണം

മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് കുടുംബശ്രീ യൂണിറ്റുകളായ ശാലോം കുടുംബശ്രീ (വാർഡ് 2), ഒരുമ കുടുംബശ്രീ (വാർഡ് 9), ഫ്രണ്ട്സ് ടൈലറിംഗ് യൂണിറ്റ് (വാർഡ് 11), കുഞ്ഞാറ്റ കുടുംബശ്രീ (വാർഡ് 11), ജീവനം ടൈലറിംഗ് യൂണിറ്റ് (വാർഡ് 11), സിത്താര കുടുംബശ്രീ (വാർഡ് 2) എന്നിവയിലൂടെ 14,165 (22.05.2020) എണ്ണം മാസ്ക് തയ്യാറാക്കി നൽകി.

## കോളനി സന്ദർശനം

മൂപ്പൈനാട് സി.ഡി.എസിലെ വിവിധ കോളനികൾ സന്ദർശിക്കുകയും കൊവിഡ്-19 പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് നിർദ്ദേശം നൽകുന്നതിലും എ.ഡി.എസ്, ആനിമേറ്റർമാർ, പ്രൊമോട്ടർമാർ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തു. കുടക് പോലുള്ള സ്ഥലങ്ങളിൽ പണിയ്ക്കു പോയി തിരിച്ചു വന്നവരെക്കുറിച്ച് അതാതു സമയങ്ങളിൽ ആരോഗ്യപ്രവർത്തകർക്കു വിവരം നൽകുന്നതിനും സാധിച്ചു. കോളനികളിൽ ആയുർവേദ-അലോപ്പതി മരുന്നുകൾ വോളന്റിയർമാരുടെ സഹായത്തോടെ എത്തിച്ചു നൽകുന്നതിനും സി.ഡി.എസ്. അംഗങ്ങൾ സഹായകരമായി. അഗതി ആശ്രയ ഗുണഭോക്താക്കൾക്കും കോളനിനിവാസികൾക്കും മരുന്ന്, ഭക്ഷണം, റേഷൻസാധനങ്ങൾ എന്നിവ കോളനികളിൽ എത്തിച്ചു നൽകുന്നതിനും സി. ഡി.എസ്. അംഗങ്ങൾ മാതൃകാപരമായ പങ്ക് വഹിച്ചിട്ടുണ്ട്.

## സേവന പ്രവർത്തനങ്ങൾ

60 വയസ്സിനു മുകളിലുള്ള വയോജനങ്ങൾ, അഗതി ആശ്രയ ഗുണഭോക്താക്കൾ, സ്നേഹിത ഗുണഭോക്താക്കൾ എന്നിവരുടെ ക്ഷേമാന്വേഷണം സി.ഡി.എസ്. അംഗങ്ങളിലൂടെ നടത്തുന്നതിന് സാധിച്ചു. അഗതി, ആശ്രയ ഗുണഭോക്താക്കൾ, സ്നേഹിത ഗുണഭോക്താക്കൾ, കോളനി നിവാസികൾ എന്നിവർക്ക് മരുന്ന് വോളന്റിയർമാർ

വഴി എത്തിയ്ക്കുന്നതിനും മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നതിനും കുടുംബശ്രീ സംവിധാനത്തിന് സാധിച്ചു എന്നത് എടുത്തു പറയേണ്ട ഒന്നാണ്. നിരീക്ഷണത്തിൽ ഉള്ളവരെ ഫോളോഅപ്പ് ചെയ്യുകയും ഇവർ മറ്റുള്ള ആളുകളുമായി ഇടപഴകുന്നതും പുറത്തിറങ്ങുന്നതുമായ വിവരങ്ങളും ജില്ലയ്ക്കു പുറത്തുനിന്നു വന്നവർ, മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വന്നവർ എന്നിവരെക്കുറിച്ചുമുള്ള വിവരങ്ങൾ നൽകുന്നതിന് മുഴുവൻ യൂണിറ്റുകൾക്കും നിർദ്ദേശം നൽകിയതും ആരോഗ്യ പ്രവർത്തകർക്ക് തുണയായി. ജെ.എൽ.ജി. ഗ്രൂപ്പുകൾ വഴി കമ്മ്യൂണിറ്റി കിച്ചനുകളിലേക്ക് ആവശ്യമായ പച്ചക്കറികൾ എത്തിച്ചു നൽകുന്നതിനും സാധിച്ചു.

പ്രൈമറി കോൺടാക്ടിൽ ഉൾപ്പെട്ട 60 വയസിനു മുകളിലുള്ളവരെ വിളിച്ച് ക്ഷേമാന്വേഷണം നടത്തുന്നതിന് ഒരു ആർ.പി.യെ നിയോഗിക്കുകയും ജില്ലാമിഷൻ നൽകിയ ലിസ്റ്റിലുള്ളവരെ നിർദ്ദേശാനുസരണം വിളിച്ച് എല്ലാ ദിവസവും ഗൂഗിൾ ഷീറ്റിൽ അപ് ലോഡ് ചെയ്യുന്നതിനും സാധിച്ചു.

## സംരംഭങ്ങൾ

മാവേലി സ്റ്റോറിൽ കിറ്റ് തയ്യാറാക്കുന്നതിന് കുടുംബശ്രീ പ്രവർത്തകർ സഹായിച്ചു. കുടുംബശ്രീ സംരംഭകരുടെ മുട്ടക്കോഴി യൂണിറ്റുകൾ കോഴിത്തീറ്റ ലഭ്യമാവാതെ ബുദ്ധിമുട്ടുകയും സി. ഡി. എസ് മുഖാന്തിരം വെറ്ററിനറി സർജനെ അറിയിക്കുകയും ചെയ്തതു വഴി കോഴിത്തീറ്റ വടുവൻചാൽ കടകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്ന തിന് സാധിച്ചു.

## ബാലസഭ

ലോക്ക്ഡൗൺ കാലമായാൽ പോലും ബാലസഭ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തുന്നതിന് പ്രത്യേകം വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് ഓരോ ദിവസത്തേക്കും പ്രത്യേകം പ്രത്യേകം പ്രവർത്തനങ്ങൾ ജില്ലാതല റിസോഴ്സ് പേഴ്സൺ കുട്ടികൾക്കായി ഗ്രൂപ്പിൽ നൽകുന്നതും എല്ലാ വാർഡിൽ നിന്നും തന്നെ കുട്ടികളുടെ വ്യത്യസ്തമായ കലാപരമായ കഴിവുകൾ പ്രദർശിപ്പിക്കുന്നതിന് സി.ഡി.എസും പഞ്ചായത്തുതല ആർ.പി.യും നല്ല രീതിയിൽ നേതൃത്വം നൽകിവരുന്നതോടുകൂടി നല്ലൊരു വേദിയായി വാട്ട്സ് ആപ്പ് ഗ്രൂപ്പ് മാറുകയും ചെയ്തു.

## കിഴങ്ങു ഗ്രാമം പദ്ധതി

കൊവിഡ്-19 ഉയർത്തുന്ന ഭക്ഷ്യപ്രതിസന്ധി മറികടക്കുന്നതിനും കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷി മുഴുവൻ പുരയിടങ്ങളിലും സാർവത്രികമാക്കുക എന്ന ലക്ഷ്യത്തോടെ 2020-2021 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് 15 എസ്.സി. കുടുംബശ്രീ യൂണിറ്റുകൾക്കും 22 എസ്.ടി. കുടുംബശ്രീ യൂണിറ്റുകൾക്കും 30 ജനറൽ യൂണിറ്റുകൾക്കും ചേന, ചേമ്പ് , മരച്ചീനി എന്നിവ വിതരണം ചെയ്തു. ഇതിനു പുറമെ 10 ജനറൽ കുടുംബശ്രീ യൂണിറ്റുകൾക്ക് അഗ്രി വില്ലേജിൽ ഉൾപ്പെടുത്തി 800 കി.ഗ്രാം ചേനയും നൽകി. കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്ന കൃഷിയിടങ്ങളിൽ അധിക ഭക്ഷ്യോല്പാദനത്തിനും കൃഷി വിളകളുടെ രോഗകീടബാധകൾക്കെതിരെ പാരിസ്ഥിതിക എൻജിനീയറിംഗ് ഉപാധിയായും തീറ്റപ്പുൽ ഉല്പാദനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ട് ചോളവിത്ത് സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും ഗ്രാമപഞ്ചായത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. സുരക്ഷിതമായ ഭക്ഷണത്തിനായി ഓരോ കുടുംബങ്ങളേയും സ്വയംപര്യാപ്തമാക്കാൻ ലക്ഷ്യമിടുന്ന കിഴങ്ങുഗ്രാമം പദ്ധതി സീസണൽ പച്ചക്കറി കൃഷിയുടേയും അന്നജവും മാംസ്യവും ജീവകങ്ങളും അടങ്ങിയ സമീകൃത പോഷകാഹാരത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കാനും കൂടി ലക്ഷ്യമിടുന്നതാണ്.

## മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി

പദ്ധതി പ്രകാരം ലോൺ ആവശ്യപ്പെട്ടത് 252 കുടുംബശ്രീ യൂണിറ്റിലെ 3,616 അംഗങ്ങളാണ്. 6,84,00,000 രൂപയാണ് ആവശ്യമായി വന്നിരിക്കുന്നത്. എന്നാൽ സി.ഡി.എസി.ലേക്ക് ടാർജറ്റ് ചെയ്ത് അനുവദിച്ചിരിക്കുന്നത് 2,38,70,000 രൂപയും. അതുകൊണ്ടുതന്നെ ഏതു തരത്തിൽ തുക നൽകണം എന്നത് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് യോഗംകൂടി തീരുമാനിക്കുകയും ചെയ്തു. അംഗങ്ങൾ/യൂണിറ്റുകൾ ഒഴിവാകുന്നത് സംബന്ധിച്ചുള്ള കണക്കുകൾ കൂടി പരിഗണിച്ചെങ്കിലും കാര്യമായ കുറവ് ഉണ്ടായില്ല. ആയതിനാൽ ഓരോ അംഗത്തിനും 7,000 രൂപ കണക്കാക്കി യൂണിറ്റിനുള്ള തുക തീരുമാനിക്കുന്നതിനും നിർദ്ദേശിച്ചു.

## യോഗ പരിശീലനം

കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ലോക്ക്ഡൗൺ കാലത്ത് ഓൺലൈൻ യോഗപരിശീലനം സംഘടിപ്പിച്ചത് വളരെ ഉപകാരപ്രദമായിരുന്നു. ഓരോ ദിവസവും ചെറിയ വീഡിയോ ആയി നൽകുന്ന പരിശീലനഭാഗങ്ങൾ അയൽക്കൂട്ടതലം വരെ എത്തിക്കുന്നതിന് സാധിച്ചു. വളരെ നല്ല പ്രതികരണമായിരുന്നു വാർഡിൽ നിന്നും ലഭ്യമായത് .

## ചികിത്സ ധനസഹായം

വളരെയധികം കഷ്ടപ്പെടുന്ന മാരകമായ അസുഖങ്ങളാൽ ബുദ്ധിമുട്ടുന്ന കുടുംബശ്രീ കുടുംബാംഗങ്ങളായ രോഗികൾക്ക് കൊവിഡ്-19 ലോക്ക്ഡൗൺ സമയത്തുപോലും ചികിത്സാധനസഹായം നൽകുന്നതിന് സി.ഡി.എസിന് സാധിച്ചു.

## ആരോഗ്യജാഗ്രത പ്രവർത്തനങ്ങൾ

കൊറോണ വൈറസ് ഡിസീസ് (കൊവിഡ്-19) കേരളത്തിൽ റിപ്പോർട്ട് ചെയ്യുകയും ജാഗ്രത പാലിക്കണമെന്ന നിർദ്ദേശങ്ങൾ വരുകയും ചെയ്തു ഉടനെ തന്നെ പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി യോഗം ചേരുകയും കൊവിഡ്-19 ന്റെ ഭാഗമായി ആവശ്യമായ വിവരശേഖരണം, ബോധവൽക്കരണം, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും, മെഡിക്കൽ ഓഫീസർ കൺവീനറുമായി പഞ്ചായത്ത് തലത്തിൽ കമ്മിറ്റി രൂപീകരിക്കുകയും, വാർഡ് മെമ്പർമാരുടെയും ജെ.എച്ച്.ഐ., ജെ.പി.എച്ച്.എൻ. തുടങ്ങിയവരുടെയും നേതൃത്വത്തിൽ ആശാ വർക്കർമാർ, അംഗനവാടി ജീവനക്കാർ, എ.ഡി.എസ്. ഭാരവാഹികൾ, എന്നിവരെ ഉൾപ്പെടുത്തി വാർഡ് ജാഗ്രതസമിതികൾ രൂപീകരിക്കുന്നതിനും തീരുമാനിച്ചു.

വാർഡ് ജാഗ്രതസമിതിയുടെ നേതൃത്വത്തിൽ വാർഡുകളിലെ എല്ലാ വീടുകളിലും നോട്ടീസ് വിതരണം നടത്തുന്നതിന് എ.ഡി.എസ് ഭാരവാഹികൾ പ്രധാന പങ്ക് വഹിച്ചു. വാഹനത്തിൽ നടത്തിയ അനൗൺസ്മെന്റിൽ കൊവിഡ്-19 പ്രതിരോധത്തെ സംബന്ധിച്ച് മുഴുവൻ ജനങ്ങൾക്കും അറിയിപ്പ് നൽകി. ആശാവളണ്ടിയർമാർ, വാർഡ് തല ജാഗ്രത സമിതി അംഗങ്ങൾ, ആരോഗ്യ പ്രവർത്തകർ, എന്നിവരുടെ നേതൃത്വത്തിൽ വിദേശത്ത് നിന്ന് വന്നവർ, അന്യ സംസ്ഥാനങ്ങളിൽ

നിന്ന് വന്നവർ, മറ്റ് ജില്ലകളിൽ നിന്ന് വന്നവർ എന്നിവരുടെ വിവര ശേഖരണം ആരംഭിച്ചു. ഹോം ക്വാറന്റൈൻ പ്രവർത്തനങ്ങൾ കർശനമാക്കി മറ്റ് സ്ഥലങ്ങളിൽ നിന്നും വന്നവർ 14 ദിവസം നിർബന്ധമായും വീടിനുള്ളിൽ ഇരിക്കണമെന്ന് നിർദ്ദേശിക്കുകയും വാർഡ് തല സമിതികളുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് നടത്തുകയും ചെയ്തു.

30.03.2020-ന് മൂപ്പൈനാട് ഗ്രാമപഞ്ചായത്തിൽ കൊവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജാഗ്രത നിർദ്ദേശം നൽകി. ഹോട്ട്സ്പോട്ട് എന്ന നിലയിൽ കൂടുതൽ ജാഗ്രതയും നിയന്ത്രണങ്ങളും ശക്തിപ്പെടുത്തി. വൈറ്റ് ഗാർഡ് പ്രവർത്തകരുടെ നേതൃത്വത്തിൽ ചെക്ക് പോസ്റ്റ്, വടുവൻചാൽ ടൗൺ, പ്രാഥമികാരോഗ്യ കേന്ദ്രം, ഗ്രാമപഞ്ചായത്ത് ഓഫീസ്, നെടുങ്കരണ, റിപ്പൺ, താഴെ അരപ്പറ്റ എന്നിവിടങ്ങളിൽ അണുവിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഹോം ക്വാറന്റൈനിൽ ഉള്ള വീടുകളിൽ ആരോഗ്യ പ്രവർത്തകരുടെയും ജാഗ്രതസമിതി അംഗങ്ങളുടെയും നേതൃത്വത്തിൽ സന്ദർശനം നടത്തി നിർദ്ദേശങ്ങൾ നൽകി. ഹോം ക്വാറന്റൈനിലുള്ളവർക്ക് ആയുഷ് വകുപ്പിൽ നിന്നും ലഭിച്ച പ്രതിരോധ മരുന്നുകൾ വീടുകളിൽ എത്തിച്ച് നൽകി.

പഞ്ചായത്തിലെ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന 170 പേരുടെ ശ്രവം ശേഖരിച്ച് പരിശോധനക്ക് അയച്ചു. ആരോഗ്യ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, ജനപ്രതിനിധികൾ, വിദേശത്ത് നിന്നും വന്നവർ, ഇതര സംസ്ഥാനത്ത് നിന്നും വന്നവർ, ഹോം ക്വാറന്റൈനിൽ ഉള്ളവർ, കൊവിഡ് കെയർ സെന്ററുകളിൽ ഉള്ളവർ, എന്നിവരിൽ നിന്നുമാണ് 170 പേരെ തെരഞ്ഞെടുത്ത് പരിശോധനക്ക് വിധേയമാക്കിയത്.

## പാൽ വിതരണം

കൊവിഡ് മഹാമാരിയെ തുടർന്ന് പാൽ ഉപഭോഗം കുറഞ്ഞതിനാൽ മിൽമ പഞ്ചായത്തുകളിലേക്ക് നൽകിയ പാൽ വിതരണം മൂപ്പൈനാട് ഗ്രാമപഞ്ചായത്തിൽ വളരെ കാര്യക്ഷമമായാണ് നടപ്പിലാക്കിയത്. നാല് തവണയാണ് പാൽ വന്നത്. ആദ്യത്തെ രണ്ടുതവണ അതിഥി തൊഴിലാളികൾക്ക് മാത്രം നൽകുന്നതിനും പിന്നീട് രണ്ടുതവണ തോട്ടം തൊഴിലാളികൾ, ആദിവാസി കോളനികൾ, ഗർഭിണികൾ, പ്രീസ്കൂൾ (അംഗനവാടി കുട്ടികൾ) എന്നിവർക്ക് വേണ്ടിയാണ് വിതരണം നടത്തിയത്. തോട്ടം ഉടമകൾ, സന്നദ്ധ പ്രവർത്തകർ, ട്രേഡ് യൂണിയനുകൾ, അംഗനവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ നാലുതവണയായി 2005 ലിറ്റർ പാൽ 1,957 കുടുംബങ്ങളിൽ എത്തിക്കുന്നതിന് സാധിച്ചു.

## ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ

കൊവിഡ്- 19 ലോക്ക് ഡൗൺ കാലത്ത് കുട്ടികളുടെ വീടുകളിൽ ചെന്ന് ക്ലാസ് എടുക്കുന്നതിന് സി.ഡി. എസ്. എക്സിക്യൂട്ടീവ് അംഗങ്ങൾ അധ്യാപകരെ സഹായിക്കുന്നു. കൊവിഡ്-19 ലോക്ക് ഡൗൺ കാലത്ത് വിദ്യാർത്ഥികൾക്കായി പോഷകാഹാരക്കിറ്റ് വിതരണം ചെയ്തു.

## ജനകീയ ഹോട്ടൽ

കേരള സർക്കാരിന്റെ 2020-21 ബജറ്റ് പ്രഖ്യാപനത്തിൽ നൽകിയ വിശപ്പ രഹിത പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സിവിൽ സപ്ലൈസ് വകുപ്പും കുടുംബശ്രീയും സംയുക്തമായി നടപ്പിലാക്കുന്ന ജനകീയ ഹോട്ടൽ മൂപ്പൈനാട് സി.ഡി. എസിന്റെ നേതൃത്വത്തിൽ 04.09.2020-ന് വടുവൻചാൽ ടൗണിൽ ആരംഭിച്ചു. പൊതുജനങ്ങൾക്ക് ന്യായമായ വിലയിൽ അതായത് 20 രൂപ നിരക്കിൽ ഉച്ചഭക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് ഈ കൂട്ടായ പ്രവർത്തനത്തിലൂടെ നിർവഹിക്കപ്പെടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും അടിസ്ഥാനസൗകര്യം ഒരുക്കുമ്പോൾ സിവിൽ സപ്ലൈസിൽ നിന്നും സബ്സിഡി നിരക്കിൽ അരി ലഭ്യമാക്കി പ്രവർത്തനത്തെ പിന്തുണയ്ക്കുന്നു. സമൂഹത്തിൽ തുച്ഛമായ വരുമാനത്തിൽ ജീവിക്കുന്ന ഒരുപാടുപേർക്കു ഈ പദ്ധതി ഉപകരിക്കും എന്നതിലുപരി കുടുംബശ്രീ വനിതകൾക്ക് ജീവനോപാധിയും അതുവഴി സാമ്പത്തിക ഉയർച്ചയും ഉറപ്പാക്കുന്നു.

## കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതി

കൊവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സ്കൂളുകൾ തുറക്കാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാർ ഡിജിറ്റൽ മീഡിയ വഴി കുട്ടികൾക്ക് പഠന സൗകര്യം ഒരുക്കിയിട്ടുണ്ട്. എന്നാൽ സ്മാർട്ട് ഫോണോ ടെലിവിഷനോ ഇല്ലാത്ത വിദ്യാർത്ഥികൾക്കും പഠനത്തിനായി ഒരു അടിസ്ഥാന സൗകര്യവും നിലവിലില്ലാത്ത കുട്ടികൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യം ഉറപ്പാക്കേണ്ടത് കുടുംബശ്രീയുടേയും ആവശ്യമാണ്. കൊവിഡ്-19 എന്ന മഹാമാരിയുടെ വ്യാപനം തടയുന്നതിന്റെ ഭാഗമായുള്ള ലോക്ക്ഡൗൺ കാരണം സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന ദരിദ്രകുടുംബങ്ങൾക്ക് ലാപ്ടോപ് പോലുള്ള പഠനോപകരണങ്ങൾ വാങ്ങാൻ പണം കണ്ടെത്തുക അസാധ്യമാണ്. ഈ സാഹചര്യത്തിൽ കെ.എസ്.എഫ്.ഇ.വഴി അയൽക്കൂട്ടാംഗങ്ങൾക്ക് ലാപ്ടോപ് ലഭ്യമാക്കാനായി ഒരു സൂക്ഷ്മ സമ്പാദ്യപദ്ധതിയാണ് കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി എന്ന പേരിൽ നടപ്പാക്കി വരുന്നത്. കെ.എസ്.എഫ്.ഇ.യുമായി സഹകരിച്ച് മൈക്രോ ചിട്ടി ആരംഭിക്കുന്നതു വഴി അയൽക്കൂട്ടങ്ങൾക്ക് പുതിയ സമ്പാദ്യ പദ്ധതിയും വിദ്യാർത്ഥികൾക്കാവശ്യമായ പഠനസൗകര്യവും ഒരുക്കുന്നതിനുള്ള ത്വരിത സാമ്പത്തിക സഹായവും ഉറപ്പാക്കാൻ കഴിയും.

107 കുടുംബശ്രീയിലെ 342 അംഗങ്ങളാണ് ചിട്ടിയിൽ അംഗത്വം എടുക്കുകയും 342 അംഗങ്ങളും ലാപ്ടോപ്പ് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ കൊവിഡ്-19 വ്യാപനത്താൽ കണ്ടെയ്ൻമെന്റ്സോൺ ആയി പഞ്ചായത്ത് പൂർണ്ണമായി അടച്ചതിനാൽ അപേക്ഷകൾ 04.09.2020-നാണ് ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യാൻ സാധിച്ചത്. 07.09.2020 മുതൽ അപേക്ഷകൾ കെ.എസ്. എഫ്.ഇ. മേപ്പാടി ശാഖയിൽ നിന്നും ലഭ്യമാക്കി.

## ഡീപ് ക്ലീൻ വയനാട്

വയനാട് ജില്ലാമിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഡീപ് ക്ലീൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ അംഗങ്ങളുടെ വീടും പൊതുസ്ഥലങ്ങളും വൃത്തിയാക്കുന്നതിന് നിർദ്ദേശിക്കുകയും ആയത് പ്രകാരം 275 കുടുംബശ്രീ യൂണിറ്റുകൾ ഇതിൽ പങ്കാളിയാവുകയും ചെയ്തു. പഞ്ചായത്ത് കണ്ടെയ്ൻമെന്റ്സോൺ ആയതിനാൽ 3597 വീടുകൾ ക്ലീൻ ചെയ്തു. അംഗൻവാടി, എസ്റ്റേറ്റ് പാടികൾ, ബസ്സ്റ്റോപ് എന്നിവയും ക്ലീൻ ചെയ്തു.

□

*ലേഖിക മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് സി.ഡി. എസ്. ചെയർപേഴ്സൺ ആണ്.*

# ജനകീയാസൂത്രണത്തിൽ സാർത്ഥകമായ 25 വർഷങ്ങൾ

■ ടി. ഷാഹൽ ഹമീദ്

ഇന്ത്യയിൽ തല ഉയർത്തി നിൽക്കുന്ന സംസ്ഥാനമാണ് കേരളം. പൗരന്റെ അന്തസ്സാർന്ന ജീവിതമാണ് രാജ്യത്തിന്റെ വികസനത്തിന്റെ മുഖ്യഹേതു എന്ന് തെളിയിച്ചു കൊടുക്കാൻ കേരളത്തിന് സാധിച്ചു. വിദ്യാഭ്യാസം,ആരോഗ്യം, വികേന്ദ്രീകൃതാസൂത്രണം എന്നിവയിൽ വികസിത രാജ്യങ്ങൾക്കൊപ്പമാണ് കേരളം. ഇതിന് പ്രചോദനമായത് 1996 ചിങ്ങം ഒന്നിന് ആരംഭിച്ച പങ്കാളിത്ത ജനാധിപത്യത്തിന്റെ നേർപ്പതിപ്പായ ജനകീയാസൂത്രണ പദ്ധതിയാണ്. ജനകീയാസൂത്രണം രജത ജൂബിലി ആഘോഷിക്കുമ്പോൾ വിവിധമേഖലകളിൽ അത്ഭുതം കാട്ടിയതിന്റെ നേർചിത്രം നമ്മുടെ മുമ്പിലേക്ക് അനാവരണം ചെയ്യപ്പെടുന്നു.

ഓരോ പ്രദേശവും ആ പ്രദേശത്തിന്റെ സാഹചര്യങ്ങൾക്കിണങ്ങിയ പദ്ധതികൾ രൂപീകരിച്ച് ആസൂത്രണത്തിൽ പുതിയ കാൽവെപ്പ് നടത്തി ആരോഗ്യം,വിദ്യാഭ്യാസം എന്നിവയിൽ നവീന കാഴ്ചപ്പാടുകൾ പിറന്നു വീണു. നഗരം - ഗ്രാമം വേർതിരിവില്ലാത്ത ഭൂപ്രദേശത്ത് സമാനതകളില്ലാത്ത വികസന പരിപ്രേക്ഷ്യം രൂപപ്പെട്ട്, പ്രാദേശിക ആസൂത്രണത്തിന്റെ പുത്തൻ അദ്ധ്യായം ഉണ്ടായി പങ്കാളിത്ത ജനാധിപത്യം ഭാസുരമായി. പ്രതിശീർഷ വരുമാനം, ഉപഭോഗം, സമ്പാദ്യം, നിക്ഷേപം എന്നിവയിൽ കേരളം മുൻപന്തിയിലാണ്. ചെലവ് കുറഞ്ഞ വികസന മാതൃക, പരിസ്ഥിതിക്ക് അനുയോജ്യമായ സാമ്പത്തിക വളർച്ച എന്നിവയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലകൊണ്ടു. സാമൂഹിക വികസനത്തിൽ കേരളത്തിന്റെ സ്ഥാനം വികസിത രാജ്യങ്ങൾക്കൊപ്പമാണ്. വിഭവങ്ങൾ ജനങ്ങൾക്ക് വീതിച്ച് നൽകുന്നതിൽ കേരളത്തിന് വിജയിക്കുവാൻ സാധിച്ചത് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പിന്തുണ കൊണ്ടാണ്. മനുഷ്യന്റെ വികസന ആവശ്യങ്ങളെ പ്രകൃതിക്ക് വിഘാതം ഇല്ലാതെ പരിഗണിക്കുന്നതിനു പങ്കാളിത്ത ജനാധിപത്യം ഉപകാരപ്പെട്ടു. വികസനത്തോടൊപ്പം സാമൂഹിക നീതി ഉറപ്പാക്കി ചെലവുകുറഞ്ഞ വികസന മാതൃകകൾ അവതരിപ്പിക്കപ്പെട്ടു.

1970 കാലഘട്ടത്തിൽ രാജ്യത്തിന്റെ പുരോഗതി നിർണ്ണയിക്കുന്നത് GDP എന്ന ഒറ്റ അളവുകോൽ മാത്രമായിരുന്നു. എന്നാൽ വരുമാനത്തോട് കൂടെ മറ്റ് മനുഷ്യജീവിതവുമായി ബന്ധപ്പെട്ട അളവുകോലുകൾ കൂടി പരിഗണിച്ചുള്ള വികസന പരിപ്രേക്ഷ്യമാണ് കേരളം മുന്നോട്ട് വച്ചത്, ഉയർന്ന ജീവിത നിലവാരം, ജീവിതദൈർഘ്യം, കുറഞ്ഞ ജനനനിരക്ക്, ജനന അവസ്ഥയിലെ കുട്ടികളുടെ മരണനിരക്കിലെ കുറവ് എന്നിവയിൽ കേരളം അത്ഭുതം സൃഷ്ടിക്കുവാൻ ജനകീയാസൂത്രണ പ്രസ്ഥാനം കാരണമായി.

> ●●●
>
> എഴുപത്തിമൂന്നാം ഭരണഘടനാഭേദഗതിയോടെ പഞ്ചായത്തുകൾ ഭരണഘടനാ സ്ഥാപനമായി മാറി. 1994-ൽ കേരള പഞ്ചായത്ത്‌രാജ് നിയമം നിലവിൽ വന്നതോടെ അധികാരത്തിനോടൊപ്പം വിഭവങ്ങളും ഉത്തരവാദിത്വങ്ങളും വികേന്ദ്രീകരിച്ച പഞ്ചായത്തുകളെ ശാക്തീകരിച്ചതിന്റെ ഫലമായി കേരളത്തിന്റെ വികസന കുതിപ്പിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ നിർണായക ചാലക ശക്തിയായി മാറി.
>
> ●●●

എഴുപത്തിമൂന്നാം ഭരണഘടനാഭേദഗതിയോടെ പഞ്ചായത്തുകൾ ഭരണഘടനാ സ്ഥാപനമായി മാറി. 1994 ൽ കേരള പഞ്ചായത്ത്‌രാജ് നിയമം നിലവിൽ വന്നതോടെ അധികാരത്തിനോടൊപ്പം വിഭവങ്ങളും ഉത്തരവാദിത്വങ്ങളും വികേന്ദ്രീകരിച്ച പഞ്ചായത്തുകളെ ശാക്തീകരിച്ചതിന്റെ ഫലമായി കേരളത്തിന്റെ വികസന കുതിപ്പിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ നിർണായക ചാലക ശക്തിയായി മാറി. സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന്റെ 35% മുതൽ 40% വരെ താഴെത്തട്ടിലേക്ക് വിഭജിച്ച് നൽകിയത് വഴി ഓരോ പ്രദേശവും വികസന കുതിപ്പിൽ പങ്കാളികളായി. ആരോഗ്യ സംവിധാനം പ്രാദേശിക സർക്കാരുകളുടെ മുൻഗണനാ വിഷയമായി മാറി. ഓരോ മേഖലയെയും ബാധിക്കുന്ന പ്രശ്നങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് ജനകീയ ഇടപെടൽ ജനകീയാസൂത്രണം സാധ്യമാക്കി. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തന പശ്ചാത്തലത്തിന് ഗ്രാമസഭ ശക്തിപ്പെട്ടതോടെ പുതിയ ഊർജ്ജം ലഭിച്ചു. ഓരോ പ്രദേശത്തും വികസനത്തിന്റെ കാവലാളുകളായി ഗ്രാമസഭകൾ മാറി.

സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം നടത്താനുള്ള ഭരണഘടനാ ദൗത്യം ജനകീയാസൂത്രണത്തിലൂടെ സമ്പന്നമായി. കേരളത്തിലെ ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുവാൻ ഗ്രാമപഞ്ചായത്തുകളും കുടുംബശ്രീയും വഹിച്ച പങ്ക് നിസ്തുലമാണ്. ജൈവ ആവാസ വ്യവസ്ഥ സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും പരിസ്ഥിതിയുടെ കാവലാളായി ഗ്രാമപഞ്ചായത്തുകൾ നിലകൊള്ളുന്നു. കാർഷിക ഗ്രാമീണ സംസ്കാരം കേരളത്തിൽ നില

നിർത്തുവാനും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ ഉത്തരവാദിത്വത്തോടെ പരിഹരിക്കുവാനും ജനകീയാസൂത്രണത്തിലൂടെ സാധിച്ചു. മാലിന്യനിർമ്മാർജ്ജനത്തിൽ വികേന്ദ്രീകൃത കാഴ്ചപ്പാടിനും എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന സന്ദേശം ജനങ്ങളിൽ എത്തിക്കുവാനും ജനകീയാസൂത്രണത്തിലൂടെ സാധിച്ചു .

സാമൂഹ്യബോധം ഉണർത്തു പാട്ടാക്കി മാറ്റി ജനങ്ങളിൽ സാമൂഹിക പ്രവർത്തനം ഊട്ടി ഉറപ്പിക്കുവാൻ സാധിച്ചു. കേരളീയരുടെ പൊതുബോധം ഉയർത്തുന്നതിൽ ജനകീയാസൂത്രണം നവോത്ഥാനമാണ് കേരളത്തിലുണ്ടാക്കിയത്. അതിനു പഞ്ചായത്തുകൾ നേതൃത്വപരമായ പങ്കാണ് വഹിച്ചത്. എനിക്ക് എന്ത് കിട്ടും എന്നതിനുപകരം എന്റെ പ്രദേശത്തിന് എന്ത് കിട്ടുമെന്ന സന്ദേശം വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു. ഓരോ പഞ്ചായത്തിലും വ്യത്യസ്ത കഴിവുകൾ ഉള്ളവരുടെ ഒരു നിര ഉണ്ടാക്കിയെടുക്കുവാൻ ജനകീയാസൂത്രണം കൊണ്ട് സാധിച്ചു. നീർത്തട വികസന കാഴ്ചപ്പാടുകൾ പഞ്ചായത്തുകൾക്ക് പരിചിതമായി. മണ്ണ് -ജലം- വായു എന്നിവ സംരക്ഷിക്കുവാൻ വിവിധങ്ങളായ ഇടപെടലുകൾ നടത്തി.

കേരള വികസന മാതൃകയുടെ പ്രധാന ഘടകങ്ങളായ സാമൂഹ്യ വികസനം, സ്ഥായിയായ ആളോഹരി വരുമാന വർദ്ധനവ്, ഉൽപാദന മേഖലയിലെ വളർച്ച, അടിസ്ഥാന സൗകര്യ വികസനം, ഉയർന്ന ജീവിതനിലവാരം ഓരോ പൗരനും ഉറപ്പാക്കൽ, ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ എന്നിവയിൽ സക്രിയമായി ഇടപെട്ട് സുസ്ഥിരവികസനം കേരളത്തിനുണ്ടാക്കുവാൻ സഹായിച്ചത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ നിരന്തരമായ ഇടപെടലിലൂടെയും മേൽനോട്ടത്തിലും ആണ്. കൂടാതെ ജനാധിപത്യത്തിനെ സമ്പുഷ്ടമാക്കുന്നതിന് പഞ്ചായത്തീരാജ് സംവിധാനങ്ങൾ മികച്ച പങ്കുവഹിച്ചു. വൈവിധ്യങ്ങളും വ്യത്യസ്ത ആശയങ്ങളും ഏകോപിപ്പിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒത്തൊരുമയോടെ പ്രവർത്തിച്ചു. ഉയർന്ന തലത്തിലുള്ള രാഷ്ട്രീയബോധം, പൗരധർമ്മം എന്നിവ പ്രകടിപ്പിക്കുവാനുള്ള ധാരാളം അവസരങ്ങൾ ജനങ്ങൾക്ക് ലഭിച്ചു. പൊതുധാരയിൽ നിന്ന് വരുന്ന നിർദ്ദേശങ്ങൾ സ്വാംശീകരിച്ച് നാടിനെ ജനകീയമായി നയിക്കുവാനുള്ള അവസരം ജനകീയാസൂത്രണത്തിലൂടെ ലഭിച്ചു. വനിതാ പദ്ധതികൾക്ക് ചാലകശക്തിയായി പഞ്ചായത്തുകൾ മാറി. ജനസംഖ്യയിൽ കേരളത്തിന്റെ പ്രത്യേകതയായ സ്ത്രീകളുടെ സാന്നിധ്യം ജനകീയാസൂത്രണത്തിൽ പൂർണ്ണാർത്ഥത്തിൽ ലഭിച്ചു. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളിൽ 93% സ്ത്രീകളാണ്, കൂടാതെ 45 ലക്ഷം പേർ അംഗങ്ങളായ കുടുംബശ്രീ പ്രസ്ഥാനവും ജനകീയാസൂത്രണത്തെ സാർത്ഥകമാക്കി. സമ്പത്തിൽ അധികാരം നേടുക എന്ന സാമ്പത്തിക തന്ത്രത്തിന്റെ ലക്ഷ്യത്തിലേക്കുള്ള പാതയിലാണ് ജനകീയാസൂത്രണം സ്ത്രീകളെ ഇനി കൊണ്ടുപോകേണ്ടത്. ജീവിതത്തിലുടനീളം നേതൃത്വം, ഉത്തരവാദിത്വം എന്നിവ നിർവഹിക്കുന്ന സ്ത്രീകളെ തൊഴിൽ രംഗത്തേക്ക് ഇറക്കുക എന്ന ഭഗീരഥ പ്രവർത്തനമാണ് ജനകീയാസൂത്രണത്തിന്റെ രജതജൂബിലി വർഷത്തിൽ നമുക്ക് നിർവഹിക്കുവാനുള്ളത്. ആസൂത്രണം വികസന പരിപ്രേക്ഷ്യം എന്നിവയിൽ ഒഴിച്ചുകൂടാനാവാത്ത കണ്ണികളായി സ്ത്രീകളെ ഉയർത്തിക്കൊണ്ടുവരാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് സാധിച്ചു.

ജനകീയാസൂത്രണത്തിലൂടെ ഉണ്ടാക്കിയ വിപ്ലവകരമായ കാര്യം പാലിയേറ്റീവ് രംഗത്തുള്ള നേട്ടങ്ങളും ഭിന്നശേഷിക്കാരായ കുട്ടികളുടെ സംരക്ഷണ പ്രവർത്തനങ്ങളുമാണ്. കിടപ്പിലായ രോഗികൾക്ക് വീട്ടുകളിലെത്തി സാന്ത്വനം നൽകുവാൻ ജനകീയാസൂത്രണപദ്ധതിയിൽ മുൻഗണന നൽകുന്നു. ഭിന്നശേഷിക്കാർ, വനിതകൾ, വൃദ്ധർ, ശിശുക്കൾ എന്നിവർക്ക് പ്രത്യേക പരിഗണനയും ഫണ്ടും ജനകീയാസൂത്രണത്തിലൂടെ നീക്കിവെച്ചു. ദുരന്തനിവാരണം വർത്തമാനകാലത്ത് കേരളത്തിലെ സാഹചര്യത്തിൽ സവിശേഷമായ കാര്യമാണ്. അതിഥി തൊഴിലാളികളോട് കേരളം കാണിച്ച മനോഭാവവും ജനകീയാസൂത്രണത്തിന്റെ ഉപോൽപ്പന്നമാണ്. കേരളത്തിൽ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളും സാമൂഹ്യ അടുക്കളയും മൂന്നു ലക്ഷം വരുന്ന സന്നദ്ധസേനയും ജനകീയാസൂത്രണത്തിലൂടെ പഞ്ചായത്തുകൾ നേടിയെടുത്ത കരുത്തിന്റെ പ്രതീകമാണ്. സൃഷ്ടിപരമായ സമീപനവും സമചിത്തതയും നേടിയെടുക്കുവാൻ പ്രാദേശിക ഭരണകർത്താക്കൾക്ക് ജനകീയാസൂത്രണത്തിലൂടെ സാധിച്ചു. കേരളത്തിന്റെ സമ്പദ്ഘടനയിൽ കൃഷി 10 ശതമാനമായി ചുരുങ്ങിപ്പോയെങ്കിലും കൃഷിയെ അന്തസ്സുള്ള സംസ്കാരമായി മാറ്റാൻ ജനകീയാസൂത്രണത്തിന് സാധിച്ചു. സാമ്പ്രദായിക വികസന സങ്കൽപ്പത്തിന്റെ സൂചികകളുടെ പൊളിച്ചെഴുത്താണ് ജനകീയാസൂത്രണം കഴിഞ്ഞ 25 വർഷക്കാലം നടത്തിയത്. അടുത്ത വർഷങ്ങളിൽ തൊഴിലും ഉൽപാദനവും വർദ്ധിപ്പിക്കുക എന്നതാണ് ജനകീയാസൂത്രണ പ്രവർത്തകരുടെ മുമ്പിലുള്ള കടമ്പ. തൊഴിൽ പങ്കാളിത്തത്തിൽ സ്ത്രീകളുടെ എണ്ണം കുറയുന്നത് കേരളത്തിന് ഭൂഷണമല്ല. ആസ്തി കൈകാര്യം ചെയ്യുവാനും ആരോഗ്യമേഖലയിലെ പ്രശ്നങ്ങളിൽ സ്ത്രീകളുടെ പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുവാനും, നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്യുന്ന കൊവിഡ്-19 അടക്കമുള്ള പകർച്ചവ്യാധികളെ ഫലപ്രദമായി ചെറുത്തു തോൽപ്പിക്കുവാനും സ്ത്രീകൾ, കുട്ടികൾ എന്നിവർക്കെതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കുവാനും ജനകീയാസൂത്രണ പദ്ധതികൊണ്ട് സാധിക്കേണ്ടതായിട്ടുണ്ട്. അവകാശാധിഷ്ഠിത സമീപനം എല്ലാതലത്തിലും സാർവത്രികമാകേണ്ടതായിട്ടുണ്ട്.

രാജ്യത്തിന്റെ സമ്പത്ത്77.4 ശതമാനവും ജനസംഖ്യയുടെ 10 ശതമാനത്തിന്റെ കൈകളിലാകുന്ന ആധുനിക പശ്ചാത്തലത്തിൽ വികേന്ദ്രീകൃതമായി ഓരോ പൗരന്റെയും ജീവിതനിലവാരം ഉയർത്തുന്ന വികസന കാഴ്ചപ്പാടുള്ള ജനകീയാസൂത്രണ പ്രവർത്തനം വേറിട്ടതായി നിൽക്കുന്നു. □

*ലേഖകൻ അഴിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.*

ജനകീയാസൂത്രണത്തിലൂടെ ഉണ്ടാക്കിയ വിപ്ലവകരമായ കാര്യം പാലിയേറ്റീവ് രംഗത്തുള്ള നേട്ടങ്ങളും ഭിന്നശേഷിക്കാരായ കുട്ടികളുടെ സംരക്ഷണ പ്രവർത്തനങ്ങളുമാണ്. കിടപ്പിലായ രോഗികൾക്ക് വീട്ടുകളിലെത്തി സാന്ത്വനം നൽകുവാൻ ജനകീയാസൂത്രണ പദ്ധതിയിൽ മുൻഗണന നൽകുന്നു.

# വാർത്തകൾ വിശേഷങ്ങൾ

## അതിദാരിദ്ര്യ സർവ്വെ നിർവഹണ സമിതികൾ രൂപീകരിച്ചു

സംസ്ഥാനത്ത് അതിദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തുവാനുള്ള സർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സംസ്ഥാനതല, ജില്ലാതല, തദ്ദേശഭരണ സ്ഥാപനതല, വാർഡുതല നിർവഹണ സമിതികൾ രൂപീകരിച്ചുകൊണ്ടും അവയുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും ഉത്തരവായി.

സ.ഉ. (സാധാ) നം. 1810/2021/ത.സ്വ.ഭ.വ. തീയതി. 20.09.2021

## വാതിൽപ്പടി സേവനം സാമ്പത്തികവിഷയങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി സേവനം പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകാവുന്ന സാമ്പത്തിക വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ട് ഉത്തരവായി.

സ.ഉ. (സാധാ) നം. 1821/2021/ത.സ്വ.ഭ.വ. തീയതി. 22.09.2021

## തയ്യൽ സംബന്ധമായ വർക്കുകൾ - ഇളവുകൾ ദീർഘിപ്പിച്ചു

കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന അപ്പാരൽ പാർക്കുകളിൽനിന്നും ചെറുകിട യൂണിറ്റുകളിൽ നിന്നും തയ്യൽ സംബന്ധമായ വർക്കുകൾ ടെൻഡർ നടപടികൾ പാലിക്കാതെ നേരിട്ട് ലഭിക്കുന്നതിന് നൽകിയിരുന്ന ഇളവിന്റെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവായി.

സ.ഉ. (സാധാ) നം. 19/2021/എസ്. പി. ഡി. തീയതി. 25.09.2021

## വിവരാവകാശ നിയമം - ചുമതല പുതുക്കി നിശ്ചയിച്ചു

പഞ്ചായത്ത് വകുപ്പ്, വിവരാവകാശ നിയമം-2005 പ്രകാരമുള്ള അപ്പീൽ അധികാരി, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നീ ചുമതലകൾ പുതുക്കി നിശ്ചയിച്ച് ഉത്തരവായി.

ഉത്തരവ് നം. PAN/11566/2021-C7(DP) തീയതി. 30.09.2021

## പ്രോജക്ട് അസിസ്റ്റന്റ് നിയമനം മാനദണ്ഡങ്ങൾ

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ നിർമ്മാണ പ്രവൃത്തികളുടെ ജിയോ ടാഗിംഗ് നടത്തുന്നതിനും ഗ്രാമപഞ്ചായത്തുകളുടെ ബില്ലുകൾ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ തയ്യാറാക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ സഹായിക്കുന്നതിനുമായി ഓരോ ഗ്രാമപഞ്ചായത്തിലും ദിവസവേതനാടിസ്ഥാനത്തിൽ പ്രോജക്ട് അസിസ്റ്റന്റിനെ നിയമിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സർക്കുലർ നം. PAN/21063/2018-J1 (DP) തീയതി. 02.10.2021

## ഓക്സിലറി അയൽക്കൂട്ട രൂപീകരണം - പദ്ധതിരേഖ

കുടുംബങ്ങളിലെ യുവതികളുടെ പ്രാതിനിത്യം കുടുംബശ്രീയിൽ ഉറപ്പുവരുത്തുന്നതിനായി അവരെ പൊതുധാരയിൽ കൊണ്ടുവരുക, സ്ത്രീശാക്തീകരണ അവബോധം സൃഷ്ടിക്കുക, വിവിധ തൊഴിൽ സാധ്യതകളെക്കുറിച്ച് അറിവുകൾ നൽകുന്നതിനുള്ള പൊതുവേദി സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി തയ്യാറാക്കിയ ഓക്സിലറി അയൽക്കൂട്ട രൂപീകരണ പദ്ധതിരേഖയ്ക്ക് അംഗീകാരം നൽകി ഉത്തരവായി.

സ.ഉ. (സാധാ) നം. 1894/2021/ത.സ്വ.ഭ.വ. തീയതി. 02.10.2021

## കെ.പി.ബി.ആർ-2019 - പഞ്ചായത്തുകളെ കാറ്റഗറി തിരിച്ചു വിജ്ഞാപനം പുറപ്പെടുവിച്ചു

2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി കാറ്റഗറി-I കാറ്റഗറി-II പഞ്ചായത്തുകൾ തരംതിരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു.

ജി.ഒ.(എം.എസ്.) നം. 226/2021/എൽ.എസ്.ജി.ഡി. തീയതി. 06/10/2021

## ഇരുചക്ര വാഹനം വാങ്ങുന്നതിനുള്ള സബ്സിഡി-സ്പഷ്ടീകരണം

തൊഴിൽ നൽകുന്നതിന്റെ ഭാഗമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാർഗ്ഗരേഖ പ്രകാരം ഇരുചക്രവാഹനം വാങ്ങി നൽകുന്നതിനായി നൽകാവുന്ന 50% സബ്സിഡി ബിൽ പ്രകാരമുള്ള വാഹനവിലയുടെ 50% മാത്രമാണെന്ന് വ്യക്തത വരുത്തിയും ഇനിമുതൽ നൽകുന്ന സബ്സിഡി തുക പരമാവധി 50,000 രൂപയായി നിശ്ചയിച്ചുകൊണ്ടും ഉത്തരവായി.

സ.ഉ. (സാധാ) നം. 2011/2021/ത.സ്വ.ഭ.വ. തീയതി. 16.10.2021

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.



# ചേർത്തു നിർത്താം ഹരിതകർമ്മ സേനയെ

■ രേഷ്മ ചന്ദ്രൻ

ഒരു കേരളീയൻ പ്രതിദിനം ഏതാണ്ട് 200 മുതൽ 400 ഗ്രാം വരെ ഖരമാലിന്യം ഉൽപാദിപ്പിക്കുന്നു എന്നാണ് ഈ മേഖലയിൽ നടന്നിട്ടുള്ള പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നത്. ഒരു പക്ഷേ നമ്മളിൽ പലരുടെയും വീടുകളിൽ ദിനംപ്രതി ഇത്രയും മാലിന്യം ഉണ്ടായി എന്ന് വരില്ല. പക്ഷെ മാസത്തിലൊരിക്കലെങ്കിലും ഇത്രയും ഉണ്ടാവില്ലേ? ഇത്രയും വന്നില്ലെങ്കിലും ചെറിയ ഒരു തോതിലെങ്കിലും വരില്ലേ?

## നാം അവയൊക്കെ എന്താണ് ചെയ്യുന്നത്?

പലരും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങളെ അശാസ്ത്രീയമായാണ് സംസ്കരിക്കുന്നത്. കത്തിക്കൽ, വലിച്ചെറിയൽ, ജലസ്രോതസ്സുകളിലേക്ക് ഒഴുക്കിവിടൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇത്തരത്തിൽ അശാസ്ത്രീയമായി മാലിന്യം കൈകാര്യം ചെയ്യുകയാണെങ്കിൽ അത് മനുഷ്യർക്കും പ്രകൃതിക്കും ഒരുപോലെ വിപത്താണ്. അങ്ങനെയെങ്കിൽ നാം ഉൽപാദിപ്പിക്കുന്ന അജൈവമാലിന്യങ്ങളെ എങ്ങനെ ശാസ്ത്രീയമായി സംസ്കരിക്കാം? അവിടെയാണ് ഹരിതകർമ്മ സേനയുടെ പ്രസക്തി.

## ഹരിതകർമ്മ സേന

നമ്മുടെ വികേന്ദ്രീകൃത മാലിന്യസംസ്കരണ രംഗത്ത് കഴിഞ്ഞ നാല് വർഷത്തിനിടയിൽ വന്ന പുതിയൊരു തുടക്കമാണ് ഹരിതകർമ്മസേന. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ടു വരുന്ന വാതിൽപ്പടി സേവനങ്ങൾ ലഭ്യമാക്കലാണ് ഇവരുടെ പ്രധാന ചുമതല. ഉറവിടത്തിൽ തരം തിരിച്ച് വൃത്തിയാക്കിയ അജൈവമാലിന്യ ശേഖരണം, ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള സാങ്കേതിക സഹായവും ഉപാധികളും ലഭ്യമാക്കൽ എന്നിവയാണ് ഹരിതകർമ്മസേനയുടെ പ്രധാന വാതിൽപ്പടി സേവനങ്ങൾ.

ഇതിനുപുറമേ തെറ്റായ രീതിയിൽ മാലിന്യസംസ്കരണം നടത്തുന്നവരുടെ വിവരം ശേഖരിക്കാനും ബോധവത്കരണം നൽകാനും ഹരിതകർമ്മസേനയുടെ സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്.



## ഹരിതകർമ്മ സേനയും യൂസർഫീയും

കേരളത്തിൽ ഇന്നും സംവാദങ്ങൾ നടക്കുന്ന വിഷയമാണ് ഹരിതകർമ്മ സേനയ്ക്ക് നൽകുന്ന യൂസർഫീ. പ്ലാസ്റ്റിക്കും നൽകണം പൈസയും നൽകണമോ?, പ്ലാസ്റ്റിക് ഇല്ലാത്ത വീടുകളിൽ നിന്നും തുക പിരിച്ചെടുക്കുന്നു, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കിട്ടുന്ന പണത്തിന് പുറമേയാണ് വീടുകളിൽ നിന്നും പണപ്പിരിവ് എന്നിങ്ങനെ തുടങ്ങി ധാരാളം ആക്ഷേപങ്ങളാണ് ഹരിതകർമ്മസേനക്കെതിരായി പലരും ഉയർത്തുന്നത്.



ഇതിനുള്ള ഉത്തരം വളരെ ലളിതമാണ്. മാലിന്യഉല്പാദകർ എന്ന നിലയിൽ നാം ഓരോരുത്തരും മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിച്ചിട്ടുള്ള ഏജൻസികൾക്ക് കൈമാറണമെന്നും അതിനുവേണ്ട യൂസർഫീസ് നൽകണമെന്നും ഖര മാലിന്യ സംസ്കരണ ചട്ടങ്ങളിൽ പറഞ്ഞിട്ടുണ്ട്.

കേരളത്തിൽ ഒരു വീട്ടിൽ നിന്ന് പ്രതിമാസം 50 രൂപ മുതലാണ് ഹരിതകർമ്മസേന യൂസർഫീയായി വാങ്ങുന്നത്. ഓരോ വാർഡിലും രണ്ട് ഹരിതകർമ്മസേനാംഗങ്ങളെ വീതമാണ് നിയോഗിച്ചിട്ടുള്ളത്. എന്നാൽ ഓരോ വാർഡിൽ നിന്നും എത്ര വീട്ടുകാർ കൃത്യമായി അവർക്ക് യൂസർഫീസ് നൽകും?

ഓരോ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന യൂസർഫീയാണ് ഹരിതകർമ്മസേനയുടെ പ്രധാന വരുമാനമാർഗ്ഗം. ഹരിതകേരളം മിഷന്റെ കണക്ക് പ്രകാരം 938 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 28,632-ഓളം ഹരിതകർമ്മസേനാംഗങ്ങൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 3,468 രൂപയാണ് ഒരു ഹരിതകർമ്മ സേനാംഗത്തിന്റെ പ്രതിമാസ ശരാശരി വരുമാനം. നല്ല രീതിയിൽ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഹരിതകർമ്മസേനകൾക്ക് പ്രതിമാസം 10,000 രൂപയ്ക്ക് മുകളിൽ വരുമാനം ലഭിക്കുന്നുണ്ട്. എന്നാൽ പ്രതിമാസം 1,000 രൂപയ്ക്കും താഴെ വരുമാനം കിട്ടുന്ന ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം കുറവല്ല എന്നുകൂടി കൂട്ടിച്ചേർക്കുന്നു. ഹരിതകർമ്മസേനയുടെ വരുമാനം കുറയുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ പങ്കുണ്ട്.

**മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് വരുന്ന വാതിൽപ്പടി സേവനങ്ങൾ ലഭ്യമാക്കൽ, ഉറവിടത്തിൽ തരം തിരിച്ച് വൃത്തിയാക്കിയ അജൈവമാലിന്യ ശേഖരണം, ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള സാങ്കേതിക സഹായവും ഉപാധികളും ലഭ്യമാക്കൽ എന്നിവയാണ് ഹരിതകർമ്മസേനയുടെ പ്രധാന വാതിൽപ്പടി സേവനങ്ങൾ.**

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടത്

ഹരിതകർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ എല്ലാവിധ അടിസ്ഥാനസൗകര്യങ്ങളും ഉറപ്പാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനമാണ്. അതിൽ പ്രധാനമായുള്ളത് ചുവടെ ചേർക്കുന്നു.

- ഹരിതകർമ്മസേനയ്ക്ക് എല്ലാമാസവും നിശ്ചിത ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ
- ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ സുരക്ഷാകവചങ്ങൾ ലഭ്യമാക്കൽ
- വീടുകളിൽ നിന്നും ശേഖരിക്കുന്ന പാഴ്വസ്തുക്കൾ താൽക്കാലികമയായി സൂക്ഷിക്കാൻ വാർഡുതല മിനി എം.സി.എഫ്. സ്ഥാപിക്കൽ
- പഞ്ചായത്ത് തലത്തിൽ എം.സി.എഫ്. സ്ഥാപിക്കൽ
- എം.സി.എഫ്.കളിൽ അവർക്ക് ആവശ്യമായ വിശ്രമമുറികൾ ഉറപ്പാക്കൽ
- ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ പരിശീലനം
- ബോധവൽക്കരണത്തിലൂടെ പൊതുജന മനോഭാവം മാറ്റൽ

ഹരിതകർമ്മസേന ഉണ്ടായിട്ടും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യസംസ്കരണം നല്ല രീതിയിൽ നടക്കാത്തതിന് ഒരു പ്രധാനകാരണം മുകളിൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എം.സി.എഫ്. ഇല്ലാത്തതിനാൽ സ്വന്തം വീടുകളിലും മറ്റുള്ളവരുടെ വീടുകളിലും മാസങ്ങളോളം പാഴ്വസ്തുക്കൾ സംഭരിച്ച് വച്ച ഹരിതകർമ്മസേനകളും നമുക്കുമുന്നിലുണ്ട്.

## മാറണം പൊതുമനോഭാവം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ





ഹരിതകർമ്മസേനയ്ക്ക് മികച്ചരീതിയിൽ പ്രവർത്തിക്കാൻ ആവശ്യമായ സൗകര്യങ്ങളെല്ലാം ഒരുക്കുമ്പോൾ പൊതുജനങ്ങളുടെ സമീപനം നല്ലതല്ലെങ്കിൽ അവരുടെ പ്രവർത്തനം മുന്നോട്ട് പോകില്ല. അതിനാൽ ആദ്യം നാം മനസ്സിലാക്കേണ്ട വസ്തുത മാലിന്യ ഉല്പാദകർ എന്ന നിലയിൽ പൊതുജനങ്ങൾക്കും മാലിന്യസംസ്കരണത്തിൽ നല്ലൊരു പങ്കുണ്ടെന്നതാണ്.

നമ്മളിൽ എത്രപേർ ഹരിതകർമ്മസേനയോട് നല്ല രീതിയിൽ ഇടപെടാറുണ്ട്? വളരെ കുറച്ച് പേർ. പലരും ഹരിതകർമ്മ സേനാംഗങ്ങൾ വരുന്നത് കാണുമ്പോൾ തന്നെ വാതിലടച്ച് അകത്തിരിക്കുന്നു.

മറ്റ ചിലർ അവർക്ക് യൂസർഫീ നൽകാൻ മടിക്കുന്നതിനോടൊപ്പം സമൂഹത്തിലാകെ തെറ്റിദ്ധാരണ പരത്താനും ശ്രമിക്കുന്നു. ഒരുമാസത്തെ നമ്മുടെ സമ്പാദ്യത്തിൽ നിന്ന് മുപ്പതോ അൻപതോ രൂപ അവർക്ക് കൊടുക്കാൻ നാം മടി കാണിക്കുന്നു. ഹരിതകർമ്മ സേനാംഗങ്ങളിൽ പലരും ഉപജീവന മാർഗ്ഗമെന്ന നിലയ്ക്കാണ് ഈ ജോലിക്ക് ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ളത്. ഇതിലൂടെ അവർക്ക് ചെറിയൊരു വരുമാനം ഉണ്ടായേക്കാം. എന്നാൽ അവർ നമ്മൾ ഉൽപാദിപ്പിക്കുന്ന മാലിന്യത്തെ ശാസ്ത്രീയമായി സംസ്കരിക്കാൻ സഹായിക്കുന്നതിലൂടെ വലിയൊരു പ്രശ്നമാണ് പരിഹരിക്കപ്പെടുന്നത്.

ഹരിതകർമ്മസേന വരുമ്പോൾ വീടുകളിൽ പ്ലാസ്റ്റിക് ഇല്ല എന്ന് പറഞ്ഞ് അവരെ മടക്കി അയക്കുന്നവരുണ്ട്. ഒരു മാസത്തിൽ ഒരു തുണ്ട് പ്ലാസ്റ്റിക് പോലും വരാത്ത വീടുകൾ ഉണ്ടോ എന്നത് അത്ഭുതകരമാണ്. ഇനി അഥവാ അങ്ങനെ വീടുകൾ ഉണ്ടെങ്കിൽ അത് വളരെ നല്ലത്. പക്ഷേ പ്ലാസ്റ്റിക് ഉണ്ടായിട്ട് അത് മറച്ചുവച്ച് പ്ലാസ്റ്റിക് ഇല്ല എന്ന് പറയുമ്പോൾ നാം തെറ്റിദ്ധരിപ്പിക്കുന്നത് ആരെയാണെന്ന് സ്വയം ചിന്തിച്ചാൽ നന്ന്.

### കൊവിഡ് കാലഘട്ടത്തിൽ കൈത്താങ്ങായി ഹരിതകർമ്മസേന

ഇപ്പോഴും നാം കൊവിഡ്-19 എന്ന മഹാമാരിക്കൊപ്പമാണ് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. നമുക്കറിയാവുന്നതുപോലെ തന്നെ ഈ മഹാമാരി ആരംഭിച്ച സമയത്ത് പൊതുജനങ്ങൾ കുറച്ചധികം പരിഭ്രാന്തിയിലായിരുന്നു. ആ സമയത്ത് അത്യാവശ്യം നമുക്ക് വേണ്ടിയിരുന്നത് ശുചിത്വം ഉറപ്പാക്കുക എന്നതായിരുന്നു. പ്രത്യേകിച്ച് കൊവിഡ് ബാധിച്ച രോഗികളുള്ള വീടുകളിലെയും സമീപപ്രദേശങ്ങളിലെയും ശുചിത്വം. ഈ ശുചീകരണ പ്രവർത്തനങ്ങൾ നമ്മളിൽ പലരും ഏറ്റെടുക്കാൻ മടിച്ചു നിന്നപ്പോൾ യാതൊരു മടിയും കൂടാതെ പല ഹരിതകർമ്മ സേനകളും മുന്നോട്ടുവന്ന് ഈ പ്രവർത്തനങ്ങൾ നല്ല രീതിയിൽ ഏറ്റെടുത്തിട്ടുമുണ്ട്.



അപ്പോഴൊക്കെ നമ്മളവരെ അംഗീകരിച്ചു. കാരണം അത് നമ്മുടെയും കൂടി ആവശ്യമായിരുന്നു. അതുപോലെതന്നെയാണ് മാലിന്യസംസ്കരണവും. അവരുടെ മാത്രമല്ല അതിനെക്കാളുപരി അത് നമ്മുടെ കൂടി ആവശ്യമാണ്. ഓരോ വ്യക്തിയും മാലിന്യ സംസ്കരണത്തിൽ തനിക്കുള്ള ഉത്തരവാദിത്വം മനസ്സിലാക്കുമ്പോൾ മാത്രമെ നമ്മുടെ മാലിന്യ സംസ്കരണ മേഖല കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ എത്തുകയുള്ളൂ. അതോടൊപ്പം ഹരിത കർമ്മ സേനയെപ്പറ്റി സമൂഹത്തിൽ തെറ്റിദ്ധാരണകൾ പരത്താതിരിക്കാനും ശ്രദ്ധിക്കാം. □

*ലേഖിക Venture Village India-യിൽ പ്രോഗ്രാം മാനേജർ (Environment and Sustainability) ആണ്.*

മലയാളം അടിച്ചേൽപ്പിക്കേണ്ടതല്ല, സ്വയം സ്വീകരിക്കേണ്ടതാണ്.

# ഔദ്യോഗികഭാഷാക്കമ്മീഷനും ഔദ്യോഗികഭാഷാക്കമ്മിറ്റിയും

■ ഡോ. എഴുമറ്റൂർ രാജരാജവർമ്മ

ഭരണഘടനാ വ്യവസ്ഥകൾക്കനുസൃതമായി 1955 ജൂണിൽ ബി.ജി. ഖേർ ചെയർമാനായി ഒരു ഔദ്യോഗികഭാഷാക്കമ്മീഷനെ രാഷ്ട്രപതി നിയമിച്ചു. പാർലമെന്റ് കമ്മിറ്റിയുടെ ശിപാർശപ്രകാരം, കേന്ദ്രത്തിന്റെ ഔദ്യോഗികഭാഷ ഹിന്ദിയും സംസ്ഥാനങ്ങളുടെ ഔദ്യോഗികഭാഷ അതതു സംസ്ഥാനത്തെ ബഹുഭൂരിപക്ഷം ജനങ്ങൾ സംസാരിക്കുന്ന ഭാഷയും എന്ന ഭരണഘടനാവ്യവസ്ഥയുടെ വെളിച്ചത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിക്കുകയായിരുന്നു. ഹിന്ദി രാഷ്ട്രഭാഷയായി അംഗീകരിക്കുന്നതിന്റെ സാഹചര്യം കമ്മീഷൻ വിശദമാക്കുന്നുണ്ട്, ഇങ്ങനെ: "നമ്മുടെ രാജ്യത്തിനും വളരെ വിഷമം പിടിച്ചതും കുഴഞ്ഞുമറിഞ്ഞതുമായ ഭാഷാപ്രശ്നത്തിനൊരു പരിഹാരം കണ്ടെത്തേണ്ടതുണ്ട്. നമ്മുടെ രാജ്യത്തിന്റെ സാംസ്കാരികജീവിതവുമായി താദാത്മ്യം പ്രാപിക്കുവാൻ ശക്തമായ യോഗ്യതകളുള്ളതും അനേകം നൂറ്റാണ്ടുകൾക്കുശേഷം നാം നേടിയ രാഷ്ട്രീയ ഐക്യത്തിനു സഹായകവുമായ ഒരു ഭാഷ കണ്ടുപിടിക്കുവാൻ നാം ശ്രമിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ ഇംഗ്ലീഷ് ഭാഷയ്ക്കു പകരം നിൽക്കാൻ പോന്ന ഒരു ഭാഷയെ നാം അന്വേഷിക്കുന്നു എന്നർത്ഥം. ഇംഗ്ലീഷിനു പകരമായി സ്വീകരിക്കുവാൻ നാം ഉദ്ദേശിക്കുന്ന ഭാഷകളെല്ലാം തന്നെ ഇന്നത്തെ നിലയ്ക്ക് ആധുനികസമൂഹത്തിലുണ്ടാകുന്ന ഔദ്യോഗികവും അനൗദ്യോഗികവുമായ അനേകമനേകം കാര്യങ്ങൾക്ക് അപ്രാപ്തമായ വിധത്തിൽ അവികസിതങ്ങളാണ്. ഇവയിൽ ഒരു ഡസനോളം ഭാഷകൾ അവ സംസാരിക്കുന്നവരുടെ സംഖ്യ വച്ചുനോക്കുമ്പോൾ ലോകഭാഷകളുടെ കൂട്ടത്തിൽ ഉന്നതസ്ഥാനമലങ്കരിക്കുന്നവയാണ്. രാഷ്ട്രഭാഷയായി ഹിന്ദി സ്വീകരിക്കുന്നത്, ഈ രാജ്യത്തെ ജനങ്ങളിലേറ്റവുമധികം പേരും സംസാരിക്കുന്ന പ്രാദേശികഭാഷ അതാണെന്ന അടിസ്ഥാനത്തിലാണെന്നു ഞങ്ങൾ കരുതുന്നു."

●●●

ത്രിഭാഷാപദ്ധതിയുടെ നടത്തിപ്പിലുണ്ടായ വീഴ്ച, നിയമവിധേയമായിത്തന്നെയുള്ള ഇംഗ്ലീഷ് വാഴ്ച, ഭാഷയോടുള്ള സമീപനത്തിൽ ജനങ്ങളുടെ ഭാഗത്തുള്ള വൈകല്യം, സംസ്കാരാധിനിവേശത്തിന്റെ ഭാഷയായ ഇംഗ്ലീഷിനോടുള്ള അടിമത്തമനോഭാവം ഭാരതസംസ്കാരത്തോടുള്ള ആഭിമുഖ്യക്കുറവ് തുടങ്ങി നിരവധി കാര്യങ്ങളുണ്ട്, നമ്മുടെ ഭാഷാവികാസത്തിനു തടസ്സം സൃഷ്ടിക്കുന്നതായി.

●●●

### ഔദ്യോഗിക ഭാഷാകമ്മിറ്റി

ഇന്ത്യയിലെ ഭാഷാപ്രശ്നം എത്ര സങ്കീർണ്ണമാണെന്നും പ്രശ്നപരിഹാരത്തിന് എത്രമാത്രം വിട്ടുവീഴ്ച വേണ്ടിവരുമെന്നും കാണിക്കുന്ന റിപ്പോർട്ടാണ്, പാർലമെന്റിന്റെ ഔദ്യോഗിക ഭാഷാക്കമ്മിറ്റി 1958-ൽ സമർപ്പിച്ചത്. ഭാഷാപരമായ ഒട്ടേറെ വിവരങ്ങൾ നൽകുന്ന രേഖയാണിത്. നമ്മുടെ നാടിന്റെ ഭാവിയെ സംബന്ധിച്ചുള്ള ഏതു ചർച്ചയിലും ഈ രേഖയ്ക്കു പ്രാധാന്യമുണ്ട്. ഔദ്യോഗിക ഭാഷാകമ്മീഷന്റെ നിർദ്ദേശങ്ങളും ഇവിടെ പഠനവിധേയമാകുന്നു. 1963-ൽ പാർലമെന്റ് പാസാക്കിയ ഔദ്യോഗിക ഭാഷാ ആക്ടിന്റെ രൂപവത്ക്കരണത്തിന് അടിസ്ഥാനമായതും ഈ റിപ്പോർട്ടാണ്. ഹിന്ദിയുടെയും മറ്റു ഭാരതീയഭാഷകളുടെയും പോഷണം ലക്ഷ്യമാക്കുന്ന റിപ്പോർട്ടിൽ ഒരു ഭാഗം ഇങ്ങനെ: "ഔദ്യോഗികാവശ്യങ്ങൾക്ക് ഇംഗ്ലീഷ് ഉപയോഗിക്കുന്നത് ക്രമത്തിൽ നിർത്തണമെന്ന് ഭരണഘടനാപരമായ തീർപ്പ് പ്രസ്താവിക്കുന്നു. ജനസംഖ്യയുടെ ചെറിയൊരു ഭാഗത്തിനുമാത്രം മനസ്സിലാകുന്ന ഒരു ഭാഷയിൽ

അനന്തമായി പ്രവർത്തിക്കാൻ ഒരു ജനാധിപത്യ ഗവണ്മെന്റിനു സാദ്ധ്യമല്ല. ക്ഷേമരാഷ്ട്രവും സോഷ്യലിസ്റ്റ് സമുദായ വ്യവസ്ഥയും ലക്ഷ്യങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള നമ്മുടെ നാട്ടിൽ യൂണിയനിലെയും സംസ്ഥാനങ്ങളിലെയും ഗവണ്മെന്റുകൾ പൗരജീവിതത്തിലെ മിക്കവാറും എല്ലാ വശങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ ഗവണ്മെന്റിന്റെ കർത്തവ്യങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ജനങ്ങൾക്ക് കൂടുതൽ വിപുലമായി മനസ്സിലാകുന്ന ഒരു ഭാഷയുടെ സഹായം സ്വീകരിക്കേണ്ടത് ആവശ്യമാണ്. അതായത് ജനങ്ങൾ ഏറ്റവുമധികം വിപുലമായി മനസ്സിലാക്കുന്ന ഭാഷോപാധിയിൽ വേണം ഔദ്യോഗിക ജോലികൾ നിർവ്വഹിക്കാൻ. സംസ്ഥാനങ്ങളിൽ ഇംഗ്ലീഷിനുപകരം പ്രാദേശികഭാഷകൾക്ക് അവയുടെ ന്യായമായ സ്ഥാനം ലഭിക്കണം. ഇതുപോലെതന്നെ ഒരു ഇന്ത്യൻഭാഷ, യൂണിയന്റെ ഔദ്യോഗികഭാഷയായും സംസ്ഥാനങ്ങൾ തമ്മിലുള്ള ഇടപാടിനുള്ള ഭാഷയായും തീരണം. ഹിന്ദി ജനസംഖ്യയിൽ ഗണ്യമായ ഒരു ഭാഗത്തിന്റെ മാതൃഭാഷയാണ് എന്നതിനു പുറമെ നാടിന്റെ വിശാലമായ മറ്റു ഭാഗങ്ങളിലും പ്രാദേശികഭാഷ വേറെയുണ്ടെങ്കിൽ കൂടി മനസ്സിലാക്കപ്പെടുന്നുണ്ട്."

ഇന്നും ഈ ലക്ഷ്യം എത്രയോ വിദൂരമാണ് എന്നു ചിന്തിക്കുക. ഇത്രയും വർഷം കഴിഞ്ഞിട്ടും ഹിന്ദി പൊതുഭാഷയാകുകയോ ഹിന്ദിയിലൂടെ ഭാരതത്തിന്റെ ഐക്യം ഉറപ്പിക്കുകയോ ചെയ്യാൻ നമുക്ക് കഴിയുന്നില്ല. ഹിന്ദി പറഞ്ഞുകേട്ടാൽ, ദേശീയപതാക കണ്ടാൽ, ദേശീയഗാനാലാപം കേട്ടാൽ അക്രമത്തിനു മുതിരുന്ന ആളുകൾ ഭാരതത്തിലുണ്ട് എന്നതു ഖേദകരമാണ്. വികസിതരാജ്യങ്ങളുടെ ചരിത്രം പരിശോധിച്ചാൽ രാജ്യപുരോഗതിക്കു ഭാഷയ്ക്കുള്ള പങ്ക് വ്യക്തമാകും. വിട്ടുവീഴ്ചയോടുള്ള മനോഭാവം ഉണ്ടായെങ്കിൽ മാത്രമെ പൊതുഭാഷ എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയൂ.

## ത്രിഭാഷാപദ്ധതി

കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസമന്ത്രാലയം സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ച് 1968-ൽ വിജ്ഞാപനം ചെയ്ത ഭാഷാവ്യവസ്ഥയാണ് ത്രിഭാഷാപദ്ധതി. ത്രിഭാഷാപദ്ധതി ഭാരതത്തിലുടനീളം അംഗീകരിക്കപ്പെട്ടു, ആദ്യം. പ്രാദേശികഭാഷയും രാഷ്ട്രഭാഷയായ ഹിന്ദിയും ബന്ധഭാഷയായ ഇംഗ്ലീഷും പഠിക്കണം എന്നതായിരുന്നു ഈ പദ്ധതിയുടെ കാതൽ. ഹിന്ദി പ്രാദേശികഭാഷയായിട്ടുള്ളവർ ദക്ഷിണഭാരതത്തിലെ ഒരു ഭാഷ പഠിക്കണം എന്നായിരുന്നു നിർദ്ദേശം. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടില്ല. അതുകൊണ്ടുതന്നെ അഹിന്ദി പ്രദേശത്തുള്ളവർ, വിശേഷിച്ചും തമിഴ്നാട്ടുകാർ ഹിന്ദിക്കെതിരെ പ്രക്ഷോഭം നടത്തുകയുണ്ടായി. അങ്ങനെ ത്രിഭാഷാപദ്ധതി, ഏകഭാഷാപദ്ധതിയോ ദ്വിഭാഷാപദ്ധതിയോ ആയി ചുരുങ്ങുകയുണ്ടായി. എന്നാൽ ത്രിഭാഷാപദ്ധതി അതിന്റെ പൂർണ്ണാർത്ഥത്തിൽ നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം.

ത്രിഭാഷാപദ്ധതിയുടെ നടത്തിപ്പിലുണ്ടായ വീഴ്ച, നിയമവിധേയമായിത്തന്നെയുള്ള ഇംഗ്ലീഷ് വാഴ്ച, ഭാഷയോടുള്ള സമീപനത്തിൽ ജനങ്ങളുടെ ഭാഗത്തുള്ള വൈകല്യം, സംസ്കാരാധിനിവേശത്തിന്റെ ഭാഷയായ ഇംഗ്ലീഷിനോടുള്ള അടിമത്തമനോഭാവം ഭാരതസംസ്കാരത്തോടുള്ള ആഭിമുഖ്യക്കുറവ് തുടങ്ങി നിരവധി കാര്യങ്ങളുണ്ട്, നമ്മുടെ ഭാഷാവികാസത്തിനു തടസ്സം സൃഷ്ടിക്കുന്നതായി.

(തുടരും)

□

# കെ.എ.എസ്. റാങ്ക് ലിസ്റ്റ് ആദ്യ പതിമൂന്നിൽ ഏഴുപേർ പഞ്ചായത്ത് സെക്രട്ടറിമാർ

റാങ്ക് ലിസ്റ്റിൽ ഇടംനേടിയ പഞ്ചായത്ത് വകുപ്പ് ജീവനക്കാരെ പഞ്ചായത്ത് ഡയറക്ടർ അഭിനന്ദിച്ചു.



*കെ.എ.എസ്. മൂന്നാം സ്ട്രീമിൽ ഒന്നാം റാങ്ക് നേടിയ ഇളമാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വി. അനൂപ് കുമാർ*

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്കുള്ള ആദ്യ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാരെയും ജീവനക്കാരെയും പഞ്ചായത്ത് ഡയറക്ടർ എച്ച്. ദിനേശൻ ഐ.എ.എസ്. അനുമോദിച്ചു. കെ.എ.എസ്. മൂന്നാം സ്ട്രീമിന്റെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ആദ്യത്തെ പതിമൂന്നു പേരിൽ ഏഴുപേരും പഞ്ചായത്ത് സെക്രട്ടറിമാരാണ്. കൊല്ലം ജില്ലയിലെ ഇളമാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വി. അനൂപ് കുമാറിനാണ് ഈ സ്ട്രീമിലെ ഒന്നാം റാങ്ക്. തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വി. സുപിൻ ആറാം റാങ്കും മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി രാരാരാജ് ആർ. ഏഴാം റാങ്കും നേടി. എട്ടാം റാങ്ക് നേടിയ പി.വി. സാബു തൃശ്ശൂർ വാടാനപ്പള്ളി പഞ്ചായത്ത് സെക്രട്ടറിയാണ്. പഞ്ചായത്ത് വകുപ്പ് പെർഫോമൻസ് ഓഡിറ്റ് വിഭാഗം സൂപ്രണ്ട് ഡിലൻ ടോം പത്താം റാങ്ക് ജേതാവാണ്. മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇ. ഷറഫുദീൻ പതിനൊന്നും ലൈഫ് മിഷൻ കൊല്ലം ജില്ലാ കോ-ഓർഡിനേറ്ററായി ഡെപ്യൂട്ടേഷനിലുള്ള നിലമേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശരത്ചന്ദ്രൻ ആർ. പതിമൂന്നും റാങ്കുകൾ നേടി. ഈ റാങ്ക് ലിസ്റ്റിൽ ഇരുപതോളം പഞ്ചായത്ത് സെക്രട്ടറിമാരാണ് ഉൾപ്പെട്ടിട്ടുള്ളത്. രണ്ടാം സ്ട്രീമിന്റെ റാങ്ക് ലിസ്റ്റിലും പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമ പഞ്ചായത്ത് ക്ലർക്ക് റമീസ് രാജ പത്താം റാങ്കും പഞ്ചായത്ത് ഡയറക്ടറേറ്റിലെ അക്കൗണ്ടന്റ് സജിത്ത് നാസർ ഇരുപത്തിയഞ്ചാം റാങ്കും നേടി. റാങ്ക് ലിസ്റ്റിൽ ഇടം നേടിയ ജീവനക്കാർ വകുപ്പിന് അഭിമാനമാണെന്ന് ഡയറക്ടർ അറിയിച്ചു.



# ചിറയിൻകീഴ്

■ ഡോ. വിളക്കുടി രാജേന്ദ്രൻ

തിരുവനന്തപുരം ജില്ലയിലെ ഒരു താലൂക്ക്. ആറ്റിങ്ങൽ മുനിസിപ്പൽ നഗരമാണ് ആസ്ഥാനം. ചരിത്രസാംസ്കാരിക പ്രാധാന്യമുള്ള അനേകം സ്ഥലങ്ങൾ ഈ താലൂക്കിലുണ്ട്. തിരുവനന്തപുരത്തു നിന്ന് 29 കി.മീ. വടക്കാണ് സ്ഥാനം.

ചിറയിൻകീഴ് ശാർക്കര ദേവീക്ഷേത്രം പ്രസിദ്ധമാണ്. ഇവിടത്തെ ഭരണിയുത്സവവും (മീനം) കാളിയൂട്ടും (കുംഭം) താലൂക്കിന്റെ തന്നെ ദേശീയോൽസവങ്ങളാണ്. കായംകുളവുമായുള്ള യുദ്ധത്തിൽ ജയിച്ചാൽ ശാർക്കരദേവിക്ക് കാളിയൂട്ട് നടത്താമെന്ന് മാർത്താണ്ഡവർമ്മ മഹാരാജാവ് നേർച്ച നേർന്നു. യുദ്ധത്തിൽ (1754) മാർത്താണ്ഡവർമ്മ വിജയിയായി. തുടർന്ന് അദ്ദേഹം ഏർപ്പെടുത്തിയതാണ് ഇവിടത്തെ കാളിയൂട്ട് എന്ന് ഐതിഹ്യം.

തിരുവിതാംകൂർ രാജകുടുംബത്തിലേക്ക് ദത്തെടുക്കപ്പെട്ട റാണിമാരുടെ (ആറ്റിങ്ങൽ ദേശവഴി) വാസസ്ഥാനമായിരുന്ന ആറ്റിങ്ങൽ കൊട്ടാരം. ജീർണാവസ്ഥയിലാണെങ്കിലും കൊട്ടാരം ഇപ്പോഴുമുണ്ട്. 1721-ൽ നടന്ന ആറ്റിങ്ങൽ കലാപം ചരിത്രപ്രസിദ്ധമാണ്. ബ്രിട്ടീഷുകാർക്കെതിരെ ജനങ്ങൾ നടത്തിയ സായുധസമരമായിരുന്നു അത്. ചേരമാൻപെരുമാളുമായി ബന്ധപ്പെടുത്തി പറയുന്ന പെരുമാ(ൾ)തുറ, ചേരമാൻ തുരുത്ത്, കൊട്ടാരം തുരുത്ത് തുടങ്ങിയ സ്ഥലങ്ങൾ അജ്ഞാതചരിത്രം പേറുന്നവയാണ്. പെരുമാതുറയ്ക്കടുത്ത മുതലപ്പൊഴിയെപ്പറ്റി എ.ഡി.14-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഉണ്ണുനീലിസന്ദേശത്തിൽ പരാമർശമുണ്ട്. 'പൊഴി മുതലയാലങ്കിതം പിന്നിടേണ്ടും' എന്നാണ് (ശ്ലോകം 61) (സൂചന. സ്ഥലനാമോൽപ്പത്തി:)

വാമനപുരം ആറ് അഞ്ചുതെങ്ങ് കായലിൽ പതിക്കുന്നത് ചിറയിൻകീഴ് വച്ചാണ്. ധാരാളം ജലാശയങ്ങളും തുരുത്തുകളും പുഴകളും ചേർന്ന ചിറയിൻകീഴ് ചിറകളുടെ നാടാണ്. ചിറ=വലിയ കുളം, ജലാശയം. ചിറകൾക്കടുത്തുള്ള താഴ്ന്ന, കീഴായ സ്ഥലം എന്ന അർത്ഥത്തിലാവാം ഈ സ്ഥലനാമം ഉണ്ടായത്. ചിറയുടെ (ഇവിടെ കായൽ) കിഴക്കുള്ള സ്ഥലം (കീഴ്=കിഴക്ക്) ചിറയിൻകീഴായി എന്നും അഭിപ്രായമുണ്ട്.

ചിറയിൻകീഴിന് 'ചിറവ'എന്നു പേരുണ്ടായിരുന്നതായി വിശാഖം തിരുനാൾ മഹാരാജാവ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് കെ.പി. പത്മനാഭമേനോൻ പറയുന്നു. ചിറ+വായ്=ചിറയുടെ വായിങ്കൽ ഉള്ള സ്ഥലം. ചിറ = ജലാശയം = കായൽ. ഭവാനീപുരം നദി കായലിൽ വന്നു വീഴുന്ന നദീമുഖത്താണ് ചിറയിൻകീഴ്. (തിരുവിതാംകൂർ വേണാട്) (രാജവംശം, പു. 40). സീതയെ അപഹരിച്ച രാവണനെ പിന്തുടർന്ന ജഡായുവിന്റെ ചിറകിൻകീഴിൽ അമർന്ന സ്ഥലം ചിറയിൻകീഴായി എന്നു സ്ഥലപുരാണം.

ദളവ (ദിവാൻ) ചെമ്പകരാമൻപിള്ളയുടെ ജന്മദേശം ചിറയിൻകീഴാണ്. അനശ്വരനടനായിരുന്ന പ്രേംനസീറും നാടകാചാര്യനായ പ്രൊഫ.ജി. ശങ്കരപ്പിള്ളയും ഇന്നാട്ടുകാരാണ്. □



# നിരത്തൊഴിഞ്ഞ കാളവണ്ടി

■ മുരളീധരൻ തഴക്കര

പോയ കാലത്തിന്റെ ചരക്കുനീക്കം നിയന്ത്രിച്ചിരുന്ന വാഹനമായിരുന്നു കാളവണ്ടി. ഈ കുറിപ്പ് എഴുതുന്ന എന്റെ മനസ്സിൽ ഇന്നും രാത്രിയുടെ യാമങ്ങളിൽ കൊപ്രയും തൊണ്ടും മരച്ചീനിയും പലചരക്ക സാധനങ്ങളും കയറ്റി കട...കട.. ശബ്ദമുണ്ടാക്കി വീടിനോടു ചേർന്നുള്ള പൊതുനിരത്തിലൂടെ കടന്നുപോകുന്ന കാളവണ്ടിയുടെ ശബ്ദം തുടികൊട്ടുന്നുണ്ട്. വണ്ടിക്കാളയുടെ കഴുത്തിലെ കുടമണിയുടെ കിലുക്കം, വണ്ടി ചക്രങ്ങൾ ടാറിട്ട റോഡിലൂടെ ഉരഞ്ഞു നീങ്ങുന്ന ശബ്ദം, കാളയുടെ കുളമ്പിൽ ഉറപ്പിച്ചിരിക്കുന്ന ഇരുമ്പു ലാടം റോഡിൽ പതിക്കുമ്പോഴുള്ള ശബ്ദം ഇവയെല്ലാം കൂടി ചേരുന്ന താളാത്മകമായ ശബ്ദവിന്യാസം വിദൂരതയിൽ നിന്ന് പോലും കാളവണ്ടിയുടെ വരവ് വിളിച്ചറിയിച്ചിരുന്നു.

വാഹന വിപ്ലവത്തിന്റെ ഈ പുതിയ കാലത്ത് പുതുപുത്തൻ മോഡൽ വാഹനങ്ങൾ അനുനിമിഷം നിരത്തു നിറയുമ്പോൾ കാളവണ്ടിയെക്കുറിച്ച് പറയുന്നതുപോയിട്ട് ചിന്തിക്കുന്നതുപോലും അറുപഴഞ്ചനായേ തോന്നൂ. എന്നാൽ ഏതൊരാവശ്യത്തിനും മൈലുകളോളം കാൽനടയായിമാത്രം യാത്രചെയ്യുകയും തലച്ചുമടായി മാത്രം ചരക്കുകൾ കൊണ്ടുപോകുകയും ചെയ്തിരുന്ന ഒരു കാലഘട്ടത്തിൽ കാളവണ്ടി ഏറ്റവും ആധുനികമായ ഒരു സൗകര്യവും ഉപാധിയുമായിരുന്നു. മാത്രമല്ല അത്യാവശ്യം ചില യാത്രകൾക്ക് പോലും കാളവണ്ടി ഉപയുക്തമാക്കിയിരുന്നു. കാളവണ്ടി ഉണ്ടായിരുന്ന കുടുംബങ്ങൾ അന്ന് സമ്പന്ന കുടുംബങ്ങളുടെ ഗണത്തിൽ ഉൾപ്പെട്ടിരുന്നു. ചാട്ടയും കയ്യിൽ പിടിച്ച് കാളവണ്ടിയുടെ മുമ്പിലെ ഇരിക്കപ്പലകയിലിരുന്ന് പ്രത്യേക വായ്ത്താരിയിൽ ശബ്ദമുണ്ടാക്കി കാളവണ്ടി ഓടിച്ചിരുന്നയാൾ ആർ.ടി.ഒ. ഓഫീസിലെ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും യൂണിഫോമും വേണ്ടാത്ത പഴയകാല ഡ്രൈവറായിരുന്നു.

'വണ്ടിക്കാള കണക്കെ പണിയെടുക്കുന്നവൻ' എന്നൊരു പ്രയോഗം തന്നെ ഭാഷയിലുണ്ട്. യാതൊരു ഭാവവ്യത്യാസവുമില്ലാതെ വിശ്രമരഹിതമായി കഠിനാധ്വാനം ചെയ്യുന്നവരെക്കുറിച്ചാണ് ഇപ്രകാരം ഒരു ശൈലി. കാളവണ്ടിയിൽ കെട്ടുന്ന കാളന്മാർക്കും ഏറെ സവിശേഷതകളുണ്ടായിരുന്നു. നല്ല തടിമിടുക്കും ആരോഗ്യവുമുള്ള എന്ത് ഭാരവും വലിച്ചു കൊണ്ടുപോകാനുള്ള ശേഷിയാണ് പ്രധാനം. നുകത്തിൻറെ ഇടതുവശത്തും വലതുവശത്തുമായി കെട്ടുന്ന കാളകളെ അങ്ങനെ ശീലിപ്പിച്ചുകഴിഞ്ഞാൽ പിന്നെ സ്ഥാനം മാറ്റിക്കെട്ടുക സാധ്യമല്ല. ഇടതുപക്ഷത്തുനിന്ന് വലതുപക്ഷത്തേക്ക് മാറില്ല. ഇടതുപക്ഷക്കാരനും വലതുപക്ഷക്കാരനും പരസ്പരം കൂറുമാറില്ലെന്ന സാരം.

പുതിയ കാലത്തെ ബോഡിബിൽഡിങ് വർക്ക്ഷോപ്പുകൾ കണക്കെ കാളവണ്ടി പണിതുണ്ടാക്കി മേൽക്കൂരയടക്കം തയ്യാറാക്കി നൽകുന്ന ഏറെ വൈദഗ്ധ്യമുള്ള പണിക്കാരും അക്കാലത്തുണ്ടായിരുന്നു. കാളവണ്ടികളുടെ അറ്റകുറ്റപ്പണികൾക്കും മറ്റും ഇവരെ സമയത്ത് കിട്ടുക എന്നത് പഴയകാലത്ത് വളരെ ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. കാളവണ്ടിയുടെ ബ്രേക്ക് സിസ്റ്റം പ്രായോഗികതയുടെ നേർസാക്ഷ്യമാണ്. കാളയുടെ മൂക്കിലൂടെ കടത്തി കെട്ടിയിരിക്കുന്ന മൂക്കുകയറുമായി ബന്ധിപ്പിച്ചിട്ടുള്ള കയർ രണ്ട് ചക്രങ്ങളിലും ഉരസ്സത്തക്ക




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

**പഞ്ചായത്ത്‌രാജ്**

വാർഷിക വരിസംഖ്യ ₹ 120



PANCHAYAT RAJ (Monthly) October 2021
Annual Subscription ₹120, Published on 20 October 2021

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by H. Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: H. Dineshan IAS